2016 സെപ്തംബർ 13 മുതൽ ഒക്ടോബർ 12 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema**
**Sports**
**Arts &**
**Literature**



യു.എ.ഖാദർ (ഓർമ്മ)
പി.ആർ. നാഥൻ (വിചാരം)
മുണ്ട്യാടി ദാമോദരൻ (ലേഖനം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
പൂനൂർ. കെ.കരുണാകരൻ (ലേഖനം)
വിനോദ്കുമാർ ദാമോദർ (ലേഖനം)
സ്മിത അരവിന്ദ് വല്യാത്ത് (കവിത)
പ്രസാദ് അരീക്കര (കഥ)
അശോകൻ മല്ലിശ്ശേരി (കഥ)
രത്നാകരൻ ചെറുവത്ത് (കഥ)
വാസു അരീക്കോട് (കവിത)

**2016 ഓണം ബക്രീദ് ആശംസകൾ**

Ph: 0495 6510257

Mob: 9447262004



Appu



# OUR Tailors
## GENTS & LADIES

Sharmina Complex, Ground Floor, Door No: 1038, Court Road, Calicut - 1

**WE UNDERTAKE ALL KINDS OF ALTERATION WORKS**

**Urgent stitching : Shirt 1Hr, Churidar& Blouse 1Hr, Pants 2 Hrs.**



# OUR Ladies Park

**THE DRESS DESIGNERS & MAKERS**




Room No - 14, 1st Floor Moffussil Bus stand Building,
Mavoor Road, Kozhikode- 673004.
Phone : 0495 6410571

ബ്ലൗസ്, ചുരിദാർ 1 മണിക്കൂറിനുള്ളിൽ തയ്ച്ചു കൊടുക്കുന്നു.

# MS KRISHNA




## METER SERVICE



13/585 - B4 Near Apsara Theatre,
Calicut - 673002
Ph: 2702760, Mob: 9447337908

We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi



മുഖചിത്രം

**മീരാ ജാസ്മിൻ**

(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2016 September 13
Reg. No: 2008/11/1718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher & Owned by
**Nakshathrarajyam E. Radhakrishnan**
Edoli House, Kommeri P.O
Kozhikode - 673 007
Address
Managing Editor
Nakshathrarajyam
P.B. No: 1205
Mankave P.O., Kozhikode - 7
Kerala, India
Mob: 9744233997
9847649567
email: nakshathrarajyam@gmail.com
*Layout*
**PRINTER'S EMPORIUM, CALICUT**
*Inside Art:*
**GIREESH MOOZHIPADAM**
*Cover*
**REDEFINE GRAPHICS, CALICUT**
Price 10.00

എഡിറ്റോറിയൽ



# കേരളത്തിലെ കലാരംഗം

കല, അല്ലെങ്കിൽ സാഹിത്യ രചന, സിനിമാ തിരക്കഥാ രചന, സിനിമ ഗാനരചന, നാടക രചന, നാടക ഗാനരചന വൈഭവങ്ങൾ ദൈവികമാണ് - അതല്ല ഒരാളുടെ ജീവിതത്തിലെ അനുഭവങ്ങൾ കടഞ്ഞെടുത്ത അസാധാരണ വ്യക്തി വൈഭവങ്ങൾ പ്രകാശിക്കുന്ന കർമ്മ ശ്രേഷ്ഠതയാണ് എന്നും രണ്ടായിതിരിഞ്ഞ് ചിന്തിക്കുന്നവരുണ്ട് . കല കൊണ്ട് ജീവിക്കുന്നവരും കലയെ ഉപാസിച്ച് ജീവിതം ദാരിദ്ര്യത്തിൽ ആറാടി മരണം സംഭവിക്കുന്നവരുമുണ്ട് കലാ രംഗങ്ങളിൽ. ഭാഗ്യവാന്മാരും നിർഭാഗ്യവാന്മാരും കലാരംഗങ്ങളിലും ഉണ്ടാകുന്നു. കലാ പാരമ്പര്യം ചിലരെ അത്യുന്നതങ്ങളിൽ എത്തിക്കുമ്പോൾ കലാ പാരമ്പര്യ കുടുംബങ്ങളിൽ ജനിക്കാത്ത കലാകാരനായി കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽ പലരുടെയും ജീവിത കാലങ്ങൾ നരകതുല്യമാണ്. അഷ്ടിക്കു വഴികണ്ടെത്താനാവാത്ത നരകവുമാണ്. ഇത് മുൻകാലങ്ങളിൽ മുതൽ ഇന്നും തുടർന്നു കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമോ അല്ലെങ്കിൽ ചിലരുടെ നിർഭാഗ്യമോ എന്നൊക്കെയായി വിവക്ഷിക്കാം.

ഏതായാലും കേരളത്തിൽ മലയാള സാഹിത്യ രചന, സിനിമ തിരക്കഥ രചന, സിനിമ ഗാനരചന, നാടകരചന, നാടക ഗാന രചന, കവിത രചന, ചെറുകിട പത്ര പ്രവർത്തക കർമ്മ മേഖലയയിലെ പ്രൊഫഷനുകളിൽ (വിദഗ്ധ തൊഴിലാളികളിൽ) ജീവിക്കാൻ പര്യാപ്തമായ ആദായം മാസത്തിൽ ശമ്പളമായി ലഭിക്കാത്ത നിർഭാഗ്യവാന്മാർക്ക് തുടർന്നു കൊണ്ടിരിക്കുന്ന ഓരോ മാസത്തിലും 10,000 രൂപയിൽ കുറയാത്ത പെൻഷൻ നൽകി കലാകാരന്മാരെ താൻ ഉൾപ്പെടുന്ന സമൂഹത്തിലെ ഓരോ വ്യക്തികളുടെയും സാമൂഹിക നന്മക്കു വേണ്ടി കർമ്മം ചെയ്തു കൊണ്ടിരിക്കുന്ന 'അഗ്നി ജ്വാല' യാക്കണമെന്ന് സംസ്ഥാന ഭരണകൂടത്തിനോടും പ്രത്യേകിച്ച് കല സാംസ്കാരിക വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിക്കട്ടെ!

മാനേജിംഗ് എഡിറ്റർ

ലേഖനം

# വഴിമാറുന്ന ഓണം



പൂനൂർ കെ. കരുണാകരൻ

മനോഹരമായ ഒരു മിത്തിന്റെ ഉദാത്തമായ അനുഭൂതിയാണല്ലോ, മലയാളിയ്ക്ക് ഓണം.അവധി ആഘോഷങ്ങളുടെ ആലസ്യത്തിൽ നിന്നു ആത്മവിസ്മൃതിയുടെ പ്രയാണപഥത്തിലേയ്ക്ക് അത് കേരളീയ മനസ്സുകളെ നയിച്ചുകൊണ്ടേയിരിയ്ക്കുന്നു. തലമുറകളിലൂടെ കൈമാറിവരുന്ന ഈ ആവേശത്തിനു ആധുനിക ഡിജിറ്റൽ യുഗത്തിന്റെ വേലിയേറ്റത്തിലും വലിയ പരുക്കൊന്നും പറ്റിയിട്ടില്ല. ഉത്സവങ്ങളുടെ കെട്ടുകാഴ്ചകളിൽ അഭിരമിക്കുകയും ആറാടിനില്ക്കുകയും ചെയ്യുന്ന ഭൂപ്രദേശമെന്നു വിദേശ സഞ്ചാരികളുടെ ഡയറിത്താളുകളിൽപ്പോലും ഈ നാട് വിളിക്കൊള്ളുന്നുമുണ്ട്. കാസർഗോഡ് നിന്ന് പാറശ്ശാല വരെ എത്രയെത്ര ഉത്സവങ്ങൾ. ജാതി മത വർഗ്ഗഭേദമനുസരിച്ച് അവയ്ക്ക് പ്രാദേശികമായ രൂപമാറ്റം സംഭവിക്കുന്നുണ്ടാവാം. ഐതിഹ്യങ്ങളുടെ സർഗ്ഗാത്മക പിൻബലം ഇവയ്ക്കൊക്കെ പെരുമയും ഗരിമയും നൽകുകയും ചെയ്യുന്നു. എങ്കിലും ഓണം പോലെ, മലയാളിയുടെ ചിന്തകളിലും വികാരങ്ങളിലും ഉന്മാദത്തോളമെത്തുന്ന





ആഹ്ളാദമായി നിറയുന്ന മറ്റൊരുമേളപ്പൊലിമയും ഇല്ലതന്നെ. വിശകലനങ്ങൾക്കും വ്യാഖ്യാനങ്ങൽക്കും അപ്പുറമുള്ള പ്രതിഭാസമായി അത് ആബാലവൃദ്ധം ജനങ്ങളേയും ആകർഷിയ്ക്കുകയും ഒന്നിയ്പ്പിക്കുകയും ഉത്സാഹപ്പെടുത്തുകയും ചെയ്യുന്നു. "കാണം വിറ്റും ഓണമുണ്ണണം", "ഉള്ളതുപോലെ ഓണം" തുടങ്ങിയ പഴഞ്ചൊല്ലുകളൊക്കെ, ഈ ആത്മബന്ധത്തിന്റെ അതിവൈകാരികതയെ അടയാളപ്പെടുത്തുന്നതാണ്. ഈ ജനകീയതതന്നെയാണ് ദേശീയോത്സവമെന്ന വലിയ പദവിയിലേയ്ക്ക് കേരളത്തിന്റെ തിരുവോണത്തെ ഉയർത്തി നിർത്തിയതും.

ഇത്രയും സ്വാധീനം ജനമനസ്സുകളിൽ സൃഷ്ടിച്ചെടുക്കാൻ ഓണത്തിനു കഴിഞ്ഞതു എങ്ങിനെ? ചിങ്ങമാസത്തിൽ പൂർണ്ണചന്ദ്രൻ ശ്രാവണ നക്ഷത്രത്തിൽ സഞ്ചരിയ്ക്കുന്ന സുദിനമായതുകൊണ്ടു മാത്രമല്ല അത്. ആത്യന്തികമായി സമത്വ സുന്ദരമായ ഭരണം വിഭാവനം ചെയ്യുകയും സാക്ഷാൽക്കരിക്കുകയും ചെയ്തിരുന്ന പ്രജാവത്സലനായ ഒരു രാജാവ് സത്യത്തിനു വേണ്ടി സ്ഥാനം പരിത്യജിച്ചതിന്റെ കഥയാണല്ലോ തിരുവോണം. സ്വാഭാവികമായും ചവിട്ടിതാഴ്ത്തുന്നവന്റേയും, പാതാളത്തിലേയ്ക്ക് എറിയപ്പടുന്നവന്റേയും വർഗ്ഗപരമായ വിവേചനത്തിന്റെ നൊമ്പരമായി അത് യുക്തി ചിന്തകളിൽ ഇടം തേടുന്നു. ഇതിനും, സ്വന്തം പ്രിയതമയുടെ മൃതദേഹം ചുമന്നു പത്തുകിലോമീറ്ററോളം നടക്കേണ്ടിവന്ന ഒഡീഷ്യയിലെ "ദാനാമാഞ്ചി"യുടെ ദുര്യോഗ വാർത്തയ്ക്കും തമ്മിൽ ഏറെ ദൂരമില്ല. മഹാബലിയുടെ പഴയകാലം മുതൽ "ദാനാമാഞ്ചി" യുടെ വർത്തമാനകാലം വരെ കണ്ണിചേർക്കപ്പെട്ടുപോരുന്ന ഇത്തരം ദുഃഖങ്ങൾക്ക് സമാനതകൾ കാണുന്നവരെ കുറ്റപ്പെടുത്തുവാൻ കഴിയില്ല. ആണ്ടിലൊരിക്കൽ പ്രജകളെകാണാനെത്തുമെന്ന മഹാബലിസങ്കൽപ്പം പതിതന്റെ ഉയിർത്തെഴുന്നേൽപ്പായി മനസ്സുകളിൽ

*National Association of Malayalam Artists (Nanma)*

**കലാകാരന്മാരുടെ ദേശീയ സംഘടന**

# നന്മ

**4 –ാം സംസ്ഥാന സമ്മേളനം**

**2016 ആഗസ്റ്റ് 28, 29, 30 തിയ്യതികളിൽ (ഒ. എൻ. വി. കുറുപ്പ് നഗർ)**

**കോഴിക്കോട് നളന്ദ ഓഡിറ്റോറിയം**

**ബഹു: എം. ടി. വാസുദേവൻ നായർ ഉൽഘാടനം നിർവ്വഹിച്ചു**

ലേഖകൻ



നക്ഷത്രരാജ്യം
ഇ. രാധാകൃഷ്ണൻ













ആഗസ്റ്റ് 29 ഉച്ചക്ക് 2 മണിക്ക് സർഗ്ഗ വനിത സമ്മേളന ഉൽഘാടനവും, ഇന്ന് കലാരംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ചുള്ള പ്രഭാഷണവും സംഗീത നാടക അക്കാദമി ചെയർപേഴ്സണും, പ്രശസ്ത സിനിമ താരവുമായ ശ്രീമതി കെ. പി. എ. സി ലളിത നന്മ കലാകാരന്മാരുടെ മുന്നിൽ തന്മയത്വമായി ഉദ്ബോധിപ്പിച്ചു സംസാരിച്ചു.

സമ്മേളനത്തിനു നിയമ സമാജികരായ എ. പ്രദീപ്കുമാർ എം. എൽ. എ, പുരുഷൻ കടലുണ്ടി എം. എൽ. എ, എം. കെ. മുനീർ എം. എൽ. എ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിക്കുകയും തുടർന്നുള്ള കലാപരിപാടികളിൽ കലാമണ്ഡലം സത്യവൃതൻ മാസ്റ്ററുടെ സംവിധാനത്തിൽ സ്വാഗതഗാന ദൃശ്യാവിഷ്ക്കാരവും, കുഞ്ഞൻ ചേളന്നൂരിന്റെ സംവിധാനത്തിൽ നാടൻപാട്ട് ദൃശ്യാവിഷ്ക്കാരം, എം. സി. സന്തോഷ് കുമാറിന്റെ സംവിധാനത്തിൽ നാടകവും 'നന്മ' കലാകമ്മറ്റിക്കുവേണ്ടി അവതരിപ്പിച്ചു.

നന്മയുടെ സംസ്ഥാന ഭാരവാഹികളായ ശ്രീ. മാധവൻ കുന്നത്തറ, ശ്രീ.വിൽസൺ സാമുവൽ, ശ്രീ. കെ.എസ്. കോയ, ശ്രീ. എം.എ. നാസ്സർ, ശ്രീ. മുരളി പറയഞ്ചേരി, ശ്രീമതി ജാനമ്മ കുഞ്ഞുണ്ണി മുതലായവർ വിവിധ സമ്മേളനങ്ങളെ അഭിസംബോധന ചെയ്തു. 30 -ാം തിയ്യതി വൈകുന്നേരം 4 -ാം സംസ്ഥാന സമ്മേളന പരിപാടികൾ കൊടിയിറങ്ങി.





*ജില്ലാ പവർലിഫ്ടിംഗ് മത്സരത്തിൽ തുടർച്ചയായി രണ്ടാം തവണയും ഓവറോൾ ചാമ്പ്യൻമാരായ കാലിക്കറ്റ് ബാർബർ ക്ലബ് ടീം*

പരിവർത്തിക്കപ്പെടുന്നുണ്ടോ എന്നത് മനഃശാസ്ത്രജ്ഞന്മാർ കണ്ടെത്തേണ്ടതാണ്.



മറ്റൊന്നു, കേരളീയ സംസ്കൃതിയുടെ താളബോധത്തിലും, നാടോടികലാ പാരമ്പര്യത്തിന്റെ ആഴത്തിലും വേരൂന്നി നിൽക്കുന്ന ഒരു മഹോത്സവമാണ് ഓണം എന്നതത്രെ. മറ്റൊന്നിനും ഇത്ര അളവിൽ ഈ മേന്മ അവകാശപ്പെടാൻ കഴിയില്ല. പണ്ടൊക്കെ വീടുകളിൽ നിന്നുയരുന്ന "പൂവേ വിളി"കളായിരുന്നു ഓണത്തിന്റെ "കേളിക്കൊട്ട്": മുറ്റത്ത് പൂക്കളമിട്ടുകൊണ്ടുള്ള ആ "വരവേൽപ്പി" നുതന്നെ കാല്പനികവും, സർഗ്ഗാത്മകവുമായ ഒര ന്യാദൃശത്തമുണ്ട്. കേരളത്തിൽ നിലനിന്നിരുന്ന പ്രാചീന കലകളുടെ ദൃശ്യവേദികളായി ഓണക്കാലം മാറുന്നു എന്നത് മറ്റൊരു പ്രത്യേകത. "നാവേറു" പാടാൻ വീടുകളിൽ കയറയിറങ്ങുന്ന പാണനാർ ഇല്ലാത്ത ഒരോണത്തെക്കുറിച്ചു പഴയ തലമുറയ്ക്ക് സങ്കൽപ്പിക്കാൻ പോലും കഴിയുമായിരുന്നില്ല. തുമ്പിതുള്ളൽ, ഉറിയടി, ഓണത്തല്ല് – എത്രയെത്ര കലാരൂപങ്ങൾ!. അവയൊക്കെ പക്ഷേ ഇന്നു ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെട്ടിരിയ്ക്കുന്നു. സാംസ്കാരിക പരിപാടികളുടെ പ്രഭവകാലവും ഓണത്തിന്റേതുതന്നെയാണല്ലോ. തിരുവാതിരക്കളിപ്പോലുള്ള നൃത്ത പരിപാടികൾ നിലനിന്നു പോരുന്നതുതന്നെ ഓണ നാളുകൾ ഉള്ളതുകൊണ്ടാണ്. തെക്ക് മുതൽ വടക്ക് വരെയുള്ള കേരളത്തെ ഉൾപ്പുളകത്തിന്റേയും ഉന്മേഷത്തിന്റേയും ചരടിൽകോർത്തിണക്കുന്നതിലും ഓണ നാളുകൾ സ്തുത്യർഹമായ പങ്കുവഹിക്കുന്നു.

ഇതൊക്കയാണെങ്കിലും ഓണം വഴിമാറി സഞ്ചരിയ്ക്കാൻ തുടങ്ങിയിട്ടു കാലമേറെയായി. ഈ ജനകീയോത്സവത്തെ കമ്പോള സംസ്ക്കാരം റാഞ്ചിയെടുത്തത് അതിവിദഗ്ദമായാണ്. ഓണം ഇന്നു വിപണിയുടെ സ്വന്തമായി മാറി. പൂക്കളമൊരുക്കാൻ തമിഴ്നാടിന്റെ വർണ്ണശബളമായ പൂക്കളുണ്ട്. പൂവിളികൾക്കും, പൂപ്പാട്ടുകൾക്കും ഡിസ്ക്കോ ഡാൻസിന്റെ താളപ്പെരുക്കങ്ങളുമായി "ഓണം ഫോക്ക് മ്യൂസിക്കു"കളുണ്ട്. തുമ്പപ്പൂക്കളും, തെച്ചിപ്പൂക്കളും ചിരിച്ചു നിന്നിരുന്ന തൊടികൾ അംബരചുംബികളായ ഫ്ളാറ്റുകളും പാതാളത്തിലേയ്ക്ക് വഴി തുറക്കുന്ന ക്വാറികളും കയ്യടക്കി. പൂക്കളമത്സരങ്ങൾ എന്ന പൊങ്ങച്ചങ്ങൾക്ക് ജീവിതമത്സരങ്ങളുടെതന്നെ വീറും വാശിയമായി. ഉപഭോഗസംസ്ക്കാരത്തിന്റെ ലഹരിയിലമരുന്ന മലയാളി പരസ്യങ്ങൾ മിനഞ്ഞെടുക്കുന്ന ഓണത്തിന്റെ പൊയ്ക്കോലങ്ങളിൽ സ്വയം നഷ്ടപ്പെടാൻ തുടങ്ങി. എങ്കിലും, ഈ പ്രതികൂല പരിതസ്ഥിതികളൊക്കെയുണ്ടെങ്കിലും, ഓണത്തെ മനസ്സിന്റെ ഉള്ളറകളിൽ പൊട്ടി വിടരുന്ന പ്രകാശമായി മലയാളി കാത്തുസൂക്ഷിക്കുക തന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ അത് സന്തോഷത്തിന്റേയും സഹവർത്തിത്വത്തിന്റേയും ശുഭപ്രതീക്ഷകളുടേയും തുടക്കവും തുടർച്ചയുമാണ്. ■




പുസ്തകാഭിപ്രായം

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
*മാനേജിംഗ് എഡിറ്റർ*
നക്ഷത്രരാജ്യം

# ഷോഗോ ബൊനിറ്റോ


## ലോകഫുട്ബോളർമാരുടെ അഭിമുഖങ്ങൾ

### ഭാസി മലാപ്പറമ്പ്




സ്പെയിൻ 82 മുതൽ ബ്രസീൽ 2014 വരെയുള്ള ഒൻപത് ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പുകളിൽ യു.എസ്.എ 94 ഒഴിച്ചുള്ള എല്ലാ ലോകകപ്പിലും (8 എണ്ണം)സന്നിഹിതനായി മത്സരങ്ങൾ ജന മനസ്സുകളിൽ വാർത്തയായി സന്നിവേശിപ്പിച്ച ഗ്രന്ഥകാരന് ലോകഫുട്ബോളിലെ എക്കാലത്തേയും മികച്ച ഒരു പിടി താരങ്ങളെ പരിചയപ്പെടാനും അഭിമുഖം നടത്താനും അവസരം ലഭിച്ചിട്ടുണ്ട്. പെലെ, ബോബി ചാൾട്ടൻ, ബോബി മൂർ, പീറ്റർ ഷിൽട്ടൻ, ജസ്റ്റ് ഫൊണ്ടെയ്ൻ, സോക്രട്ടീസ്, കാർലോസ് ആൽബർട്ടോ, റൊമാരിയോ, ബെബേറ്റോ, ജോർജ്ജ് വിയ തുടങ്ങിയ സൂപ്പർ താരങ്ങളുമായുള്ള ലേഖകന്റെ വൈയ്യക്തികാനുഭവങ്ങളും അഭിമുഖങ്ങളുമാണ് സുന്ദരമായ കളി എന്ന് അർത്ഥം വരുന്ന ഷോഗോ ബൊനിറ്റോ എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ലോകകപ്പ് വേദികളിലേക്കുള്ള യാത്രകളെ ഉയിരിന്റെ ഉന്മാദസ്ഥലികളെ കണ്ടെത്താനുള്ള തീർത്ഥാടനമായി കാണുന്ന ഒരു കായിക പ്രേമിയുടെ ഈ അനുഭവങ്ങൾ ഹൃദ്യമായ വായന പ്രദാനം ചെയ്യുന്നു. ഇന്ത്യയിൽ ഇതുവരെ ഒരു സ്പോർട്സ് ലേഖകനും സാധ്യമാവാത്ത കാര്യമാണ് ഭാസിമലാപ്പറമ്പിന്ന് സാധിച്ചത് എന്നതു പ്രത്യകതയാണ്.







കഥ



# ശത്രു

ശിവദാസ് നെന്മാറ

തന്നിലൂടെ നന്മകൾമാത്രം അനുഭവിച്ചറിഞ്ഞവരെയെല്ലാമോർത്ത് അയാൾ സ്വയം അഭിമാനിച്ചപ്പോഴെല്ലാം തനിക്ക് ആരിൽനിന്നും യാതൊരുവിധ ശത്രുതയുമില്ലെന്ന അമിതവിശ്വാസവും പുലർത്തിപ്പോന്നു!

പക്ഷേ, ഒരു നാൾ.....

ആ ത്രിസന്ധ്യനേരത്ത് കുറച്ചു ദൂരം നടന്നപ്പോൾ അയാൾ അറിയാതെ ഒരു പട്ടിയെ ചവിട്ടിയതിന്റെ ഫലമായി അതിന്റെ കടിയേറ്റു വാങ്ങുകയും ചെയ്തു!

പട്ടിയുടെ കടിയേറ്റതാലുള്ള വേദന കടിച്ചമർത്തിക്കൊണ്ട് ഏന്തിയേന്തി കുറച്ചു ദൂരം കൂടി മുന്നോട്ടു പോയപ്പോൾ മറ്റെന്തോ കാലിൽ കടിച്ചതായും അയാൾക്കനുഭവപ്പെട്ടു!

അതും സാരമായി കണക്കാക്കാതെ സ്വയം നിശ്ചയിച്ചു ഉറപ്പിച്ചതനുസരിച്ച് തുടർന്നും മുന്നോട്ടു നടന്നു നീങ്ങിയ അയാൾ പെട്ടെന്നൊരു തളർച്ചയും, അതേ തുടർന്നൊരു തലകറക്കവും അനുഭവപ്പെട്ടതിനെത്തുടർന്നു കുഴഞ്ഞു വീണു, പിന്നീട് നിശ്ചലനായി.

എല്ലാറ്റിനും മൂകസാക്ഷിത്വം വഹിച്ച അയാളുടെ അന്ത്യശ്വാസം വരേയും തനിക്കു മുമ്പിൽ അന്ധകാരം സൃഷ്ടിച്ച നിഴലെന്ന മഹാശത്രുവിനെ അറിയാതെ, ഒരു നിയോഗംപോലെ അയാൾക്കുള്ള സമയദോഷ മുന്നറിയിപ്പെന്നോണം ആ ശത്രുവിന്റെ പ്രതീകമായി കാലിൽ കടിച്ച കറുത്ത പട്ടിയും തുടർന്നു ധ്വംസനമേൽപ്പിച്ച കരിനാഗവും കേവലം നിമിത്തങ്ങളായി അവിടെ പ്രത്യക്ഷപ്പെട്ടതായിരുന്നു!

അടുത്ത പ്രഭാതത്തിൽ......

“രാമേട്ടാ ... ദാണ്ടെ, നമ്മുടെ ആ ഇടവഴിയിൽ ഏതോ ഒരു വരത്തൻ വെള്ളമടിച്ചു പൂക്കുറ്റിയായിട്ടാണെന്നു തോന്നുന്നു, പുള്ളിക്കാരൻ ഏതായാലും വടിയായി! ഇത്ര നേരമായിട്ടും രാമേട്ടൻ ഇതോന്നും അറിഞ്ഞമട്ടില്ലല്ലോ., കഷ്ടം! ...”

“ഓ... എന്തോന്നു കഷ്ടം? തന്നപ്പോലെ ചുമ്മാ തേരാപാരാ നടന്ന് ആരാന്റെയൊക്കെ വിശേഷം തെരക്കലല്ലേ എന്റെ ജോലി?...... ങ്ഹാ അതിരിക്കട്ടെ, ആരാ ചാത്തുട്ട്യേ? എവിടെയാ?...”

“ദാണ്ടെ ആ കാണുന്ന എടവഴീല്! വാ...”

സ്ഥലത്തെത്തിയപ്പോൾ അവിടെ ഏതാനും ആളുകൾ കൂടി നിൽപ്പുണ്ട്. പക്ഷേ, അന്നേരം വരേക്കും പോലിസെത്തിയിട്ടില്ല!

“അയ്യോ! ഇതെന്റെ എളേപ്പന്റെ മകൻ കേശവൻകുട്ട്യേല്ലേ! ആ കുടുംബത്തിൽ അവശേഷിച്ചിരുന്ന ഒരേയൊരു കണ്ണി. ഇയാളിപ്പോ ഇവിടെയെപ്പൊഴാ? എങ്ങനെയാ വന്നെത്തിയതെന്നൊന്നും അറിഞ്ഞിട്ടില്ലല്ലോ! ഏതായാലും ഇവിടെ വന്നിട്ട് അധികം നാളൊന്നും ആയി കാണില്ല.

നാട്ടിൽ എള്ള്യേപ്പനും എളേമ്മയും നേരത്തേയും അവരുടെ മകളും ഇവന്റെ പെങ്ങളുമായി ഉണ്ടായിരുന്നത് അധികം വൈകാതെ മഞ്ഞപ്പിത്തം പിടിച്ചും മരിച്ചു. എന്റപ്പന്റെ രണ്ടാം കെട്ടോടെ വഴിയാധാരമായ് തീർന്ന എനിക്കു കഞ്ഞികുടിച്ച് പോകാനായിട്ട് ഒരു പണിതരപ്പെടുത്തിയതും, എന്നെ സാമാന്യം നല്ലൊരു കുടുംബത്തിൽനിന്നു പെണ്ണുംകെട്ടിച്ച് നാട്ടിലുണ്ടായിരുന്ന സ്വന്തം വീടും പറമ്പുമൊക്കെ ഞങ്ങളുടെ രണ്ടാളുടേയും പേരിലാക്കിത്തന്നു നാടുവിട്ട ആളാ ഈ ചത്തശവമായി ഇവിടെ നീണ്ടു നിവർന്ന് കിടക്കുന്നത്!


അന്യനാടായ ഇവിടെ സർക്കാരുദ്യോഗസ്ഥനായി വന്ന ഞാൻ ഇങ്ങേരു പണ്ടു ചെയ്തു തന്ന ഉപകാരങ്ങളോന്നും ഒരിക്കലും മറന്നുകൂടാത്തതാണ്. എന്നിരുന്നാലും ഇങ്ങേരുടെ മരണത്തിൽ ദുരൂഹയയുണ്ടന്ന സ്ഥിതിക്ക് തൽക്കാലം ഞാൻ ഇടപെടാതിരിക്കുന്നതാണ് ബുദ്ധി!

“നോക്ക് രാമേട്ടാ ഏതാണാവോ കക്ഷി? വല്ല എത്തും പിടിയുമുണ്ടോ?”

“ങ്ഹേ, ഞാൻ.... എനിക്കെങ്ങനെ അറിയാനാണ്? ഹ്ഹല്ലേ, വല്ലവനുമൊക്കെ ഇവിടെ വന്നു ചത്ത് ബാക്കിയുള്ളവർക്കൊക്കെ മെനക്കേടുണ്ടാക്കി വക്കും, നാശം...”

ചാത്തുട്ടിയുടെ ചോദ്യത്തിന് ഒരു ഞെട്ടലോടെയാണ് പരിസരബോധം എങ്ങനേയോ തിരിച്ചു പിടിച്ച രാമേട്ടൻ മറുപടി നൽകിയത്.

ഇത്രയൊക്കെ ആയ സ്ഥിതിക്ക് രാമേട്ടനും, ചാത്തുട്ടിയ്ക്കുമൊക്കെ അയാളെകുറിച്ചറിയാനോ, വേദനിയ്ക്കാനോ ഒരിറ്റു കണ്ണീരു ചൊരിയാനോ അല്ലെങ്കിൽ അവിടെ കൂടിനിന്നവരെ ബോധിപ്പിക്കാനോ മാത്രം ആ ഹതഭാഗ്യൻ അവരുടെയൊക്കെ സ്നേഹമോ, സഹതാപമോ പിടിച്ചുപറ്റാനോ, വെറുപ്പു നേടാനോ തക്കതായ മുജ്ജന്മമിത്രമോ?, അതോ ആജന്മശത്രുവോ?... ■



യു. എ. ഖാദർ


# ഹജ്ജ് വസ്ത്രത്തിന്റെ പ്രകാശം

ഹജ്ജ് മനസ്സിലെ മോഹവും പ്രാർത്ഥനയും ആയിരുന്നു. ആയുഷ്ക്കാലത്തിനിടയിൽ, ഒരു തവണയെങ്കിലും, ദുൽഹജ്ജ് മാസത്തിലെ ദിനരാത്രങ്ങൾ വിശുദ്ധ മക്കയിൽ പ്രവാചകവര്യന്റെ ആത്മീയ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹീതമായ മദീനയിൽ–

ജുമാഅത്ത് പള്ളിയുടെ മുകൾ നിലയിൽ, "വലിയ മുസ്ല്യാർ" എന്ന് കുട്ടികൾ ആദരപൂർവ്വം വിളിക്കുന്ന അബുബക്കർ മുസ്ല്യാരുടെ ശിക്ഷണത്തിൽ, ദർസ്സിൽ "പത്ത്കിത്താബ്" ഓതിപ്പഠിക്കുന്ന കാലംതൊട്ടേ കുഞ്ഞുമനസ്സിൽ കിളർത്ത മോഹങ്ങൾ... ഇസ്ലാം ജീവിതചര്യയുടെ അഞ്ചാമത്തെ അനുഷ്ഠാനം അബുബക്കർ മുസ്ല്യാർ ഭക്ത്യാദരപൂർവ്വം ഉറക്കെ നീട്ടിച്ചൊല്ലുന്നു.

"തടിയാലും മുതലാലും വഴിയാലും ആവതായവർക്ക് നിർബന്ധമാക്കപ്പെട്ട കാര്യം. ഇസ്ലാം കാര്യത്തിൽ അഞ്ചാമത്തെ കർമ്മമാണ് ഹജ്ജ്. ഇസ്ലാമിൽ നിർബന്ധമാക്കപ്പെട്ട പുണ്യകർമ്മം.

വലിയ മുസ്ല്യാരുടെ വിവരണങ്ങളിലൂടെ മനസ്സിൽ ഊറികൂടിയ ചിത്രങ്ങൾ– നമസ്ക്കാരത്തിന് കൈകെട്ടുമ്പോൾ അഭിമുഖികരിച്ചു നിൽക്കുന്ന "കഅബ." വടക്കു പടിഞ്ഞാറെ ദിശയിലേക്ക് മുഖംതിരിഞ്ഞ് നിൽക്കുന്ന ജുമാഅത്ത് പള്ളിയുടെ ലക്ഷ്യസ്ഥാനം. കഅ്ബയെ ചുറ്റി നിൽക്കുന്ന മസ്ജിദുൽ ഹറമിന്റെ ഗോപുരങ്ങൾ. മിനാരങ്ങൾ. കഅബയുടെ വടക്കേ മൂലയിൽ സ്ഥാപിക്കപ്പെട്ട വിശുദ്ധ ശില. "ഹജറുൽ അസ്വദ്." കറുത്തശീലയിൽ ആവരണംചെയ്യപ്പെട്ട വിശുദ്ധ കഅബയുടെ സ്വർണ്ണവാതിലുകൾ. തൊട്ടു മുമ്പിലെ ഇബ്രാഹിം മഖാം. സ്വർണ്ണപ്പാത്തി. കഅബയുടെ അകത്തളത്തിൽ സംസംകിണറിന്റെ പ്രവാഹവിശുദ്ധി. ഇസ്മയിൽ



കഅബ

ദാഹിച്ചവശനായി കൈകാലിട്ടടിച്ചു കരയുന്നത് കേൾക്കേ, പിഞ്ചുകുഞ്ഞിന്റെ ദാഹശമനത്തിന് വഴിയെന്തേ എന്ന വെമ്പലോടെ ആന്തലോടെ മണ്ടിപ്പാഞ്ഞ് ഉഴറിയ ഹാജറയുടെ ദുഃഖവും അലൗകിക ജലപ്രവാഹം കണ്ട്, മനം നിറഞ്ഞപ്പോഴുണ്ടായ അത്യആഹ്ളാദവും, അനുഭവിച്ച സഫാമർവാ, മലനിരങ്ങൾ, മക്കാ മണൽത്തിരകൾ പ്രവാചകവര്യൻ അന്ത്യവിശ്രമം കൊള്ളുന്ന മസ്ജിദുനബവി. റൗളാശരീഫ് – പ്രബോധനത്തിന്റെ ശുഭ്രാന്തരീക്ഷം ധന്യമാക്കിയ മദീന. കണ്ണെത്താദൂരത്തോളം വ്യാപിച്ച് കിടക്കുന്ന കൂടാര സഹസ്രങ്ങളുടെ അറഫാമൈതാനം. തീർത്ഥാടനരാത്രിയുടെ സായൂജ്യം ഊർന്നു വീശുന്ന മുസ്തലിഫാ മലയടിവാരം. കാണാനാഗ്രഹിക്കുന്ന പുണ്യതാവളങ്ങൾ. മിനായിലെ ആൾകൂട്ടത്തിലൊരുവനായി തിങ്ങിനിന്ന് "ജംറങ്ങൾ" ലക്ഷ്യം വെച്ച് ഇടംകൈകൊണ്ട് എനിക്കും കല്ലെറിയണം. കുരുന്നു മനസ്സിലെ കുഞ്ഞു മോഹങ്ങൾ. കേട്ടറിവുകളിലൂടേയും, പൂർവ്വഗാമികളുടെ അനുഭവ വിവരങ്ങളിലൂടെയും, ഉരുവപ്പെട്ട അവ്യക്തവും മൂർത്തവുമായ എത്രയോ സങ്കൽപ്പ ചിത്രങ്ങൾ – തീർത്ഥാടകർ ദൈവനാമത്തിൽഉരുവിട്ടു, വിശുദ്ധ ഹജ്ജ് വസ്ത്രങ്ങൾ അണിഞ്ഞ്, പുണ്യകർമ്മത്തിനായി മനസാ സജ്ജമായി കപ്പലിറങ്ങുന്ന ജിദ്ദാ തുറമുഖം. ഹജ്ജ് യാത്രികർക്ക് മാത്രമായ ജിദ്ദാ വിമാനത്താവളം. പ്രാർത്ഥനകളോടെ പ്രദക്ഷണം വെക്കുന്ന വിശുദ്ധകഅബ. മസ്ജിദുൽ ഹറം. വിശുദ്ധ ദേവാലയംകൊണ്ട് അനുഗ്രഹിതമായ മക്കാനഗരി. എന്റെ അപക്വഭാവനയിൽ നിറം പകർന്നു നിൽക്കുന്ന വിശുദ്ധാനുഷ്ഠാനങ്ങളുടെ കർമ്മമണ്ഡലം. ചരിത്രത്തിന്റെ പാവനസ്മൃതികളിൽ ചൈതന്യംതൂവി നിൽക്കുന്ന ഒട്ടേറെ സംഭവ പരമ്പരകൾ. മനസ്സ് ആഗ്രഹിച്ചു. ജീവിതത്തിൽ ഒരിക്കലെങ്കിലും പുണ്യഭൂമിയുടെ മണൽപരപ്പിലൂടെ, ഭക്ത്യാദര

പൂർവ്വം ഒത്തുചേരുന്ന ജനസഹസ്രങ്ങളിൽ ഒരുവനായി ഇവന്നും അവിടെ എത്തണം. കഅബ ത്വവാഫ് ചെയ്യണം. വിശുദ്ധശില ചുംബിക്കണം. മാതൃത്വത്തിന്റെ വിഹ്വലതകളും, സ്രഷ്ടാവിന്റെ അനന്തമായ കനിവും കിനിയുന്ന വിശുദ്ധജലം മതിവരെ കുടിക്കണം. പത്ത് കിത്താബിലെ സൂക്തങ്ങൾ കാണാപാഠ മുരുവിടുമ്പോൾ മനസിൽ മൊട്ടിട്ട ആഗ്രഹങ്ങൾ... മക്ക കാണാം. മദീന കാണാം. പുണ്യകർമ്മം നിറവേറ്റണം.

യാത്രാരേഖകൾ തയ്യാറാക്കി അയച്ചത് അംഗീകരിച്ചു എന്ന കടലാസ്സ് കിട്ടിയപ്പോൾ ദൈവത്തെ സ്തുതിച്ചു. ഭാര്യയെ അറിയിച്ചു. "നമ്മളെ ആഗ്രഹം സാധിച്ചിരിക്കുന്നു. ഇക്കൊല്ലത്തെ ഹജ്ജ് താർത്ഥാടകരായി നമ്മളേയും സ്വീകരിച്ചിരിക്കുന്നു.

"അൽഹംദുലില്ലാ" അവൾ ഉരുവിട്ടു. പിന്നീട് പുറപ്പെടാനുള്ള ഒരുക്കങ്ങൾ യഥാവിധി നിറവേറ്റിയത് അവളായിരുന്നു. യാത്രാനുവാദം ചോദിച്ച് കുടുംബങ്ങളെ കാണൽ. ചെയ്തുപോയ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് "പൊരുത്തപ്പെടു" വിക്കലുകൾ. ഹക്ക് ഇടപാടുകൾക്ക് ഉപശാന്തിതേടലുകൾ. അങ്ങിനെ അങ്ങിനെ എല്ലാം ചട്ടപ്പടി അവർ നിർവ്വഹിച്ചു എന്നെ മുന്നിൽ നടത്തിച്ച് അവൾ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കുകയായിരുന്നു. ഒരു തീർത്ഥയാത്രയുടെ മുന്നൊരുക്കങ്ങൽ. ..

അന്ന് തിക്കോടിയിൽ ചെന്നപ്പോൾ ഭാര്യയുടെ പിതാവ് എന്നെ വിളിച്ചു. എന്റെ കയ്യിൽ ഒരു പൊതി തന്നു. അദ്ദേഹത്തിന്റെ മുന്നിൽവെച്ചു തന്നെ അതഴിച്ചുനോക്കണമെന്നു പറഞ്ഞു. ഒരു ജോഡി വെളുത്ത വസ്ത്രവും. ഹജ്ജിന്റെ വസ്ത്രം. ഇഹറാം കെട്ടാനുള്ള അങ്കവസ്ത്രം. അദ്ദേഹം പറഞ്ഞു.

"ഇതാണ് എനിക്ക് തരാനുള്ളത്. ഇതണിഞ്ഞു വേണം ഹജ്ജിന് നിയ്യത്ത്ചെയ്യൽ. ഹജ്ജിന് ഇഹ്റാം കെട്ടൽ – ഇൻശാ അല്ലാഹ്."

എന്റെ കണ്ണുനിറഞ്ഞു. മനസ്സും. കുടുംബത്തിലെ തലമൂത്തഅംഗം എന്റെ യാത്രയെ ആശിർവദിക്കുകയാണല്ലോ. യാത്രപുറപ്പെടുന്ന അന്നും കുടുംബാംഗങ്ങൾ എല്ലാവരും ഞങ്ങളെ യാത്രയാക്കുവാൻ എത്തിയിരിക്കുന്നു. ഹജ്ജ്കാലത്ത് അത്യാവശ്യം വേണ്ടതെല്ലാം ഞങ്ങളുടെ യാത്രാപെട്ടികളിൽ അടുക്കിവെച്ചത് എന്റെ മക്കളും കുടുംബത്തിലുള്ളവരുമായിരുന്നു. യാത്രാനുഭവങ്ങൾ ഉള്ള മക്കൾ. ഹജ്ജ് കർമ്മം നിർവ്വഹിച്ച കുടുംബത്തിലെ ഇതര അംഗങ്ങൾ.അവർ ഞങ്ങൾക്ക് വേണ്ടതെല്ലാം ഞങ്ങളുടെ പെട്ടിയിൽ അടുക്കിവെച്ചു. യാത്രാരേഖകളുടെ കടലാസ്സുകളും , പാസ്പോർട്ടും വിമാനടിക്കറ്റും, കയ്യിലെ ചെറിയ ബാഗിൽ വളരെ സൂഷ്മതയോടെയടക്കി എന്റെ കയ്യിൽ തന്നു. ഹജ്ജിന്റെ വസ്ത്രങ്ങൽ ബോംബെ എയർപോർട്ടിൽ വെച്ച് അറിയണം. ജിദ്ദ വിമാനത്തിൽ കയറും മുമ്പ് "ഇഹ്റാം കെട്ടി." നിയ്യത്ത് ചെയ്യണം. എല്ലാ നിർദ്ദേശങ്ങളും ഞങ്ങൾക്ക് ലഭിച്ചു. വിശുദ്ധവസ്ത്രം പെട്ടിയുടെ മുകളിൽതന്നെ വെച്ചിട്ടുണ്ടെന്ന് കുടംബാംഗങ്ങളിലാരോ ഒരാൾ പ്രത്യേകം പറയുകയും ചെയ്തു.

വിമാനത്താവളം വരെ എല്ലാവരും വന്നു. യാത്രാരേഖകൾ ബന്ധപ്പെട്ട ഇടങ്ങളിൽ കാണിച്ച് എല്ലാം ശരിപ്പെടുത്തി. ഞങ്ങൾ. മറ്റു തീർത്ഥാടകർക്കൊപ്പം വിമാനം കയറാൻ സെക്യൂരിറ്റി കൗണ്ടറിലേക്ക് നീങ്ങി. എല്ലാവരും ഞങ്ങളെ സന്തോഷപൂർവ്വം യാത്രയാക്കി. "ഹജ്ജ് ചെയ്ത് മനസ്സും ശരീരവും ശുദ്ധമാക്കി വരൂ. പ്രാർത്തനക്ക് പ്രതിഫലം ഉടനെ ലഭിക്കുമിടങ്ങളിൽ ഞങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിയ്ക്കൂ... എല്ലാം നല്ലതിനാവട്ടെ. – "ഞാനും ഭാര്യയും ഞങ്ങളുടെ നിറകണ്ണുകൾ തുടച്ചു. ഹജ്ജ് യാത്രികരെ കയറ്റിയ വിമാനം കരിപ്പൂരിന്റെ മേഘപാളികൾക്കിടയിലൂടെ പറന്നുപൊങ്ങി. ഞങ്ങൾ അടുത്തടുത്ത സീറ്റുകളിൽ ഇരുന്ന് പുണ്യകർമ്മത്തിന്റെ വരാനിരിക്കുന്ന ദിനരാത്രങ്ങളെകുറിച്ചും, കാണാൻ ചെല്ലുന്ന ദിക്കുകളുടെ പവിത്രതയെകുറിച്ചും, ഓരോന്നാലോചിച്ചു ദൈവത്തെ സ്തുതിച്ചു. പെട്ടെന്നാണ് എന്റെ മനസ്സിൽ ഒരു മിന്നൽപിണർ. എന്റെ ഹജ്ജ് വസ്ത്രങ്ങൾ! പെട്ടിയുടെ മുകളിൽതന്നെ അതടുക്കിവെച്ചിട്ടുണ്ടെന്ന് ബന്ധു പറഞ്ഞത് ഓർത്തു. പക്ഷേ, ആ പെട്ടി എനിക്ക് ബോംബെ എയർപോർട്ടിൽവെച്ച് കിട്ടുമോ? കസ്റ്റംസ് ക്ളിയറൻസും സെക്യൂരിറ്റി ചെക്കിംഗും കഴിഞ്ഞ ആ പെട്ടിബോംബെയിൽനിന്നും ജിദ്ദാ വിമാനത്തിൽ കയറ്റി ജിദ്ദ എയർപോർട്ടിലെ കസ്റ്റംസ് കൗണ്ടറിലെത്തുമ്പോഴാണല്ലോ തിരിച്ചു കിട്ടുക. ബോംബെയിൽനിന്ന് വിമാനംമാറികയറുന്ന യാത്രക്കാരൻ ട്രാൻസിറ്റ് ലോഞ്ചിൽ അടുത്തവിമാനത്തിന് കാത്തിരിക്കുകയല്ലാതെ അവന്റെ പെട്ടിയും പടുക്കവും ചെന്നെടുക്കുക പതിവില്ലല്ലോ. എന്റെ സംശയം തീർത്ത സഹയാത്രികരിലാരോ പറയുന്നു: ഇനി ക്ളിയറൻസ് ജിദ്ദയിലാ നമ്മൾ ബോംബെയിൽനിന്ന് മാറി കയറിയാൽ മതി–"

അങ്ങിനെയെങ്കിൽ എന്റെ ഹജ്ജ് വസ്ത്രങ്ങൾ? ഇഹ്റാം കെട്ടാൻ എനിക്ക് തുണി. ഇടംതോൾ നഗ്നമാക്കി പുതയ്ക്കാനുള്ള ഹജ്ജ് വസ്ത്രം? സഹയാത്രികരെല്ലാം ഹജ്ജിന്നായി അണിയാനുള്ള വസ്ത്രങ്ങൽ അവരവരുടെ കയ്യിലെ ചെറു ബാഗുകളിൽ കരുതിയിട്ടുണ്ട്. ഞാനെന്തുവേണ്ടു എന്ന അങ്കലാപ്പ് എന്നെ തളർത്തുകയായിരുന്നു. ജിദ്ദയിൽനിന്നു മാത്രമേ എന്റെ പെട്ടി തിരിച്ചു കിട്ടൂ എങ്കിൽഞാനെന്തു വേണ്ടു എന്നായി മനസ്സിൽ പരിഭ്രമം. ഭാര്യയ്ക്ക് അവൾ അണിഞ്ഞ പർദ്ദ മതി. ദേഹശുദ്ധിവരുത്തി ഹജ്ജിന്ന് വേണ്ടിയുള്ള ആദ്യ കർമ്മങ്ങളിൽ അവൾക്ക് മുഴുകാം. "ഇഹ്റാം" കെട്ടാൻ വസ്ത്രമില്ലെങ്കിൽ ഞാനെന്തുചെയ്യും! ബോംബെ എയർപോർട്ടിൽ വെളുത്തശീല വാങ്ങാൻ കിട്ടുമോ? ട്രാൻസിറ്റ് ലോഞ്ചിൽ നിന്നും പുറത്തേയ്ക്കിറങ്ങാൻ അനുവദിക്കുമോ? സഹയാത്രികർ എന്റെ ദുഃഖത്തിൽ പങ്കുചേർന്നു. എന്റെ വിഷമത്തിന് പരിഹാരമെന്ത് എന്നു പറയുവാൻ ആർക്കും സാധിച്ചില്ല. തൊട്ടടുത്ത സീറ്റിലിരുന്നവരുടെ പക്കൽ താന്താങ്ങൾക്കുള്ള വസ്ത്രമല്ലാതെ മറ്റൊന്ന് പകരം തരാനുമില്ല. വിമാനത്തിലിരുന്ന് എരിപിരി കൊള്ളുന്ന എന്നെ ഭാര്യ ആശ്വസിപ്പിച്ചു. "സമാധാനിക്ക് റബ്ബ് ഏതെങ്കിലും വഴികാണിച്ചു തരും. ഹജ്ജ് വളണ്ടിയർമാർ എയർപോർട്ടിലുണ്ടാവും. അവരാരെങ്കിലും സഹായിക്കാതിരിക്കില്ല. വെറുതെ

ബേജാറായിട്ട് കാര്യല്ല. റബ്ബ് നമ്മളെ കൈവെടിയൂലാ–"


അവൾ എന്നെ ആശ്വസിപ്പിക്കുകയായിരുന്നു. എന്റെ മനസ്സിൽ അവളുടെ പിതാവ് സന്തോഷപൂർവ്വം സമ്മാനിച്ച ഹജ്ജ് വസ്ത്രത്തെക്കുറിച്ചുള്ള ചിന്തകൾ. അതണിഞ്ഞ് പുണ്യകർമ്മം നിർവ്വഹിക്കാൻ എനിക്കാവുമോ? എന്റെ മറവിയെ ഞാൻ ശപിച്ചു. പുറപ്പെടാൻ നേരത്ത് വേണ്ടതെല്ലാം നേരെചൊവ്വേ ചിന്തിക്കാനാകാതെപോയ എന്റെ പോഴത്തരങ്ങളെ ഞാൻ സ്വയം ശപിച്ചു. അപ്പോഴും അവൾ പറയുന്നു: "സമാധാനിക്ക് മനുഷ്യാ. റബ്ബ് ഒരു വഴികാണിക്കും". വിമാനത്തിൽ അറിയിപ്പുകൾ മുഴങ്ങി. "നാം സഹർ എയർപോർട്ടിൽ എത്താറാവുന്നു. സീറ്റുബെൽറ്റുകൾ അരയിൽ ഘടിപ്പിക്കുക". ബോംബെയിൽ വിമാനമിറങ്ങിയാൽ ഏതെങ്കിലും വഴികണ്ടെത്താതിരിക്കില്ല എന്നു തന്നെ ഭാര്യ ആശ്വസിപ്പിക്കുന്നു. മനസ്സാകെ തകർന്ന് തളർന്നവനായി ഞാനും സീറ്റ് ബെൽറ്റുകൾ മുറുക്കുകയായിരുന്നു. അപ്പോൾ മുൻസീറ്റിൽ നിന്നും ഒരാൾ എഴുന്നേറ്റ് പിന്നിലിരിക്കുന്നവനെ നോക്കുന്നു. പതുക്കെ വിളിക്കുന്നു;

"ഹാജ്ജിക്കാ–"

ഞാൻ ശ്രദ്ധിച്ചു. എന്നെത്തന്നെയാണയാൾ വിളിക്കുന്നത്. അയാൾ പറയുന്നതു കേട്ടു. "വെഷമിക്കണ്ട. ഒരു ബജ്ജ് ഞാൻ കാണുന്നുണ്ട്. എന്റെ സഞ്ചീല് വെള്ളത്തുണി രണ്ടെണ്ണണ്ട്. ഇഹ്റാം കെട്ടാൻ ഞാൻ രണ്ടുജോഡി കരുതീക്ക്ണ്. സഞ്ചീലുണ്ട്. ബോംബേന്ന് ഞാൻ തരാം ദാ ബാഗ് ഇവിടുണ്ട്.

സീറ്റിന്ന് മുകളിലെ ലഗേജ്ബോക്സിൽ ചൂണ്ടി അയാൾ പറയുന്നു. "ബോംബായിന്ന് എടുത്ത്തരാം. രണ്ടാൾക്കും ഒന്നിച്ച് "ഇഹ്റാം" കെട്ടാം. വെഷമിക്കണ്ട."

ഭാര്യയുടെ കണ്ണുകളിലായിരുന്നു അന്നേരം പ്രകാശം മുഴുക്കെ. മുൻസീറ്റിലിരിക്കുന്ന മദ്ധ്യവയസ്ക്കൻ സീറ്റുബെൽറ്റ് കെട്ടുകയാണ്. അയാളെ ചുമലിൽ തട്ടിവിളിച്ച് നന്ദി പറയുവാനോ, വല്ലതും സംസാരിക്കുവാനോ എനിക്ക് സാധിച്ചില്ല. എന്റെ ശരീരത്തിൽ സുഖകരമായ ഒരു തണുപ്പ്. ആശ്വാസം കണ്ടെത്തിയതിനാലാവാം.– പതുക്കെപ്പതുക്കെ അരിച്ചുകയറുകയാണ്. സ്രഷ്ടാവിന്റെ അനുഗ്രഹം. വിഘ്നം കൂടാതെ എന്റെ ഹജ്ജ് ആരംഭിക്കുകയാണല്ലോ. വിമാനത്തിലെ തണുത്ത അന്തരീക്ഷത്തിലും വിയർത്ത് പുകഞ്ഞിരുന്ന ശരീരവും മനസ്സും ദിവ്യമായ തണുപ്പനുഭവിക്കുകയാണ്. സീറ്റുബെൽറ്റിന്റെ ആശ്ലേഷത്തിൽ കുരുങ്ങിയിരിക്കുന്നു. "അൽഹം ദുലില്ല. അൽഹം ദുലില്ലാഹ്...."



സഹർ എയർപോർട്ടിലെ വിശാലമായ ട്രാൻസിറ്റ് ലോഞ്ചിൽ, ഞങ്ങൾ യാത്രക്കാർ, അടുത്ത വിമാനവും കാത്ത് നിരന്നിരിക്കുകയാണ്. ഞാൻ ഹജ്ജിന്റെ ദിവ്യസമത്വം വിളംബരം ചെയ്യുന്ന ഹജ്ജ് വസ്ത്രം ധരിക്കാനൊരുങ്ങുകയാണ്. വിമാനം ഇറങ്ങി ട്രാൻസിറ്റ് ലോഞ്ചിൽ എത്തിയ ഉടനെ കയ്യിലെ ബാഗ് തുറന്ന് എനിക്ക് അയാൾ ഹജ്ജ് വസ്ത്രം തന്നു. അയാൾ പറഞ്ഞു" ഞാൻ രണ്ടെണ്ണം കരുതീരുന്നു. പുറപ്പെടുംമ്പം രണ്ടെണ്ണം വേണംന്ന് എനിക്കേ തോന്നി. കയ്യിൽകൊണ്ടുനടക്കാൻ ഈ പെട്ടി ഇതിലൊന്നുംകൂടിവെച്ചു. അതിപ്പം ഹൈറായില്ലേ."

അയാൾ ചിരിക്കുന്നു. അയാൾ പറയുന്നു: "നമുക്ക് കുളിമുറി എവിടാന്ന് കാണണം. കുളിക്കണം. എന്നിട്ട് "വുസു" വെടുത്ത് ഇഹ്റാമിൽ പ്രവേശിക്കണം. സുന്നത്ത് നിസ്ക്കരിക്കണം. അതിനൊക്കെ സൗകര്യം ബോംബേലുണ്ടാവുംന്ന് പറഞ്ഞേക്കണു. ല്ലോ...."

ഞാൻ സമ്മതിച്ചു. ഞങ്ങൾ ഒന്നിച്ചു കുളിമുറിയിൽ കയറി. ഭാര്യ അയാളുടെ പെട്ടിക്ക് കാവലിരുന്നു. കുളിയും "വുസു"വെടുക്കലും, വസ്ത്രം ധരിക്കലും കഴിഞ്ഞ് പുറത്തിറങ്ങുവോളം അവൾ കുളിമുറി വാതിക്കൽ കാവൽ നിന്നു. ഞങ്ങൾ സുന്നത്ത് നമസ്ക്കാരം നിർവ്വഹിച്ചശേഷം, ഹജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശിക്കാനുള്ള ദേഹശുദ്ധികൾക്കായി ഭാര്യയും കുളിമുറിയിൽ കയറി. ഒരു ബെഞ്ചിൽ ഒന്നിച്ചിരിക്കേ ഞാൻ പറഞ്ഞു: "അല്ലാഹു ഓരോന്ന് മുൻകൂട്ടി ഉറപ്പിച്ചു വെച്ചിട്ടുണ്ട്. അതേ നടക്കൂ. എന്റെ ഭാര്യയുടെ ബാപ്പ പൊരുത്തപ്പെട്ടുതന്ന വെള്ളത്തുണി ധരിച്ചു വേണംന്ന് ഞാൻ വിചാരിച്ചു. ഇപ്പോ ഞാനുടുത്ത വെള്ളത്തുണി ആരുടേതാ....!

അയാൾ എന്നെ ആശ്വസിപ്പിക്കുയയായിരുന്നു:"നമ്മൾ നല്ലൊരു കാര്യം നിയ്യത്ത് ചെയ്ത് ഇറങ്ങിയതല്ലേ? പടശോൻ ബുദ്ധിമുട്ടിക്കൂലാ. അതാ നമ്മൾ തമ്മിൽ ഒത്തുകൂടാൻ വിധിയുണ്ടായത്. നഊദുബില്ലാഹ്–!"

ഞാൻ ചോദിച്ചു: "എവിടാണ് നാട്. സ്വദേശം–?"

വടക്കോട്ടോ പട്ടാമ്പിയാ.... പട്ടാമ്പി ടൗണിനടുത്താ–"

അയാൾ തന്റെ കുടുംബവിശേഷങ്ങൾ മുഴുക്കെ വിവരിക്കുകയായിരുന്നു. ഏറ്റവും ഇളയമകളുടെ നിക്കാഹ്കൂടി നടത്തി എല്ലാ ബാദ്ധ്യതകളും തീർത്ത് പരിശുദ്ധ ഹജ്ജ് കർമ്മത്തിനായി പുറപ്പെട്ടതാണ്. കയ്യിൽ ചെറിയ ബാഗ്മാത്രം കരുതി. പട്ടാമ്പിക്ക് വടക്കോട്ടോ തെക്കോട്ടോ. ഏറെയൊന്നും യാത്രചെയ്തിട്ടില്ല. ആദ്യമായി കോഴിക്കോട്ടു വന്നത് ഹജ്ജ് അപേക്ഷ കൊടുക്കാനും, അതിനെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങൾക്കും മാത്രം. ഒന്ന് രണ്ട് തവണ ബസ്സിൽ യാത്രചെയ്തിട്ടുണ്ട്. പട്ടാമ്പി കോഴിക്കോട് തീവണ്ടി

(ശേഷം പേജ് 29 ൽ)



പി.ആർ. നാഥൻ

# മുർഡേശ്വരത്തെ ശിവ പ്രതിമ



ആധുനിക കാലത്ത് ഇത്രയേറെ കാഴ്ചാകൗതുകം ജനിപ്പിയ്ക്കുന്ന ഒരു സ്ഥലം അപൂർവ്വമാണെന്നു പറയാം. അത്രമാത്രം ഭംഗിയുണ്ട് മുർഡേശ്വർ എന്ന തീർത്ഥാടന കേന്ദ്രത്തിന്. അതിമനോഹരം എന്ന് വിശേഷിപ്പിക്കാവുന്ന ഈ നേത്രസുഖം നമുക്ക് തരാൻപറ്റിയ പശ്ചാത്തലം സമുദ്രതീരം തന്നെയാണ്. ആർ. എൻ .ഷെട്ടി എന്നൊരു മാന്യ വ്യക്തിയുടെ ഭാവനയാണ് ഇവിടെ പ്രാവർത്തികമായത്. കണ്ടിട്ടും കണ്ടിട്ടും മതിവരാത്ത ഒരു ശിവ പ്രതിമ ഇവിടെയുണ്ട്. അത് പർവ്വതത്തോളം ഉയർന്നു നിൽക്കുന്നു. ശിവശക്തി എന്നും ഉയരത്തിൽ തന്നെയാണെന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

മുർഡേശ്വരത്തെക്കുറിച്ച് പുരാണങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭാഗവതത്തിലെ നൂതശൗന സംവാദത്തിൽ നിന്നു തന്നെ ഇതിന്റെ ചരിത്രം തുടങ്ങുന്നു. ആത്മീയതയുടെ സാന്ദ്രമായ ഒരു അന്തരീക്ഷമാണ് ഈ മുനമ്പിനുള്ളത്. ക്ഷേതത്തിന്റെ പഴക്കം നിശ്ചയിക്കാനാവില്ലെങ്കിലും മുർഡേശ്വർ പ്രതിമയുടെ പിറകിൽ പ്രവർത്തിച്ചത് ആധുനികരായ ശിൽപ്പികളാണ്. ഇത്ര ഭംഗിയായി ശിവനെ പ്രതിഷ്ടിച്ചെടുക്കാൻ കഴിഞ്ഞ ശിൽപ്പികളെ ആഭിനന്ദിക്കാതെ വയ്യ. ജീവനുണ്ടെന്നു തോന്നിയ്ക്കുന്ന ശിവചൈതന്യം. പിറകിൽ അലയടിക്കുന്ന അലയാഴി. മറ്റൊരു ഭാഗത്ത് അംബരചുംബിയായ പർവ്വതങ്ങൾ. വൈകുന്നേരങ്ങളിൽ സമുദ്രതീരത്തു ചെന്നു നിന്നാൽ ധ്യാനനിരതനായിരിക്കുന്ന മുർഡേശ്വരനെ കാണാം. ചേതോഹരമാണ് ആ ശിൽപ്പം. ദീപാലംകൃത സൗഭാഗ്യങ്ങൾ ഒത്തു ചേരുമ്പോൾ ആനന്ദകരംതന്നെ. സമുദ്രവും പർവ്വതങ്ങളും ക്ഷേത്രഗോപുരങ്ങളും കൂടി ചേർന്നാൽ ആനന്ദലബ്ധിക്കിനിയെന്തു വേണം എന്ന തോന്നൽ ആരിലും ഉണ്ടാകും.

കുന്ദാപുരത്തു നിന്ന് ബട്കൽ വഴി ഗോവയിലേക്ക് നീണ്ടു പോകുന്ന വഴിയിലാണ് കർണ്ണാടകയിലെ മുർഡേശ്വര ക്ഷേത്രം. പ്രധാന നിരത്തിൽ നിന്നും സമുദ്രത്തിലേക്ക് തിരിയും മുമ്പു തന്നെ ശിവന്റെ മഹാകായ പ്രതിമ കാണാം. രാത്രിയും പകലും ഒരുപോലെ പ്രകാശമുണ്ടാക്കുന്ന ആ ചൈതന്യ രൂപം ജനസഹസ്രങ്ങളെ ആകർഷിക്കുന്നു. വർഷങ്ങൾക്ക് മുമ്പാണ് ഞാൻ ആദ്യമായി മുർഡേശ്വരത്ത് പോകുന്നത്. ഗോകർണ്ണത്തു നിന്നേ, മടങ്ങും വഴി മുർഡേശ്വര പ്രതിമ കണ്ടെങ്കിലും ഇവിടെ ഏതാനും ദിവസങ്ങൾ ചെലവഴിക്കുക തന്നെ വേണമെന്ന് മനസ്സ് പറഞ്ഞു. സമുദ്രതീരത്തു തന്നെ അതിമനോഹരമായ ഫ്ളാറ്റുകളു

ണ്ട്. വാതായനങ്ങൾക്കപ്പുറത്ത് കടൽക്കാറ്റിന്റെ സംഗീതം. ആർ. എൻ. എസ് റസിഡൻസിയിലെ അത്രമാത്രം ഹൃദ്യമാണ്. സമുദ്രത്തിൽ പറക്കുന്ന കാക്കകൾ. പർവ്വതനിരകളുടെ ഗാംഭീര്യം മറ്റൊരു ഭാഗത്ത്. ചന്ദ്രക്കലയും നിലാവും മറ്റൊരു മാസ്മരിക ലോകം സൃഷ്ടിക്കുന്നു. പകലിന്റെ പ്രകാശത്തിലും രാത്രിയുടെ ശൈവ ചൈതന്യത്തിലും ഒരുപോലെ ചന്തം തുളുമ്പുന്ന മുരുഡേശ്വരം നമ്മെ വർത്തമാന കാലത്തിലേക്ക് കൊണ്ടുവരുന്നു. മനസ്സ് നിശ്ചലമാകുന്നു. ഈ നിമിഷങ്ങൾക്കു വേണ്ടിയാണല്ലോ ജീവിച്ചിരിക്കുന്നത് എന്ന തോന്നൽ നമ്മിൽ ശക്തമാകുന്നു. മുർഡേശ്വരത്തെ മുക്കിലും മൂലയിലും ഞാൻ സ്വയം മറന്ന് ചുറ്റി നടന്നു. അതിനിടയിൽ ഭാരതബന്ദ് എന്ന സംഭവം ഉണ്ടായെങ്കിലും മുർഡേശ്വരത്തെ പശ്ചാത്തലത്തെ അത് ബാധിച്ചില്ല. ഭേദപ്പെട്ട സസ്യാഹാരം കിട്ടുന്ന ഹോട്ടലുകൾ ഇവിടെയുണ്ട്. ഇഡ്ഡലിയും വടയുമാണ് എന്റെ പ്രിയപ്പെട്ട ആഹാരം. ഗ്രാമീണരായ ജനങ്ങളാണ് മുർഡേശ്വരത്തെ സജീവമാക്കുന്നത്. ക്ഷേത്രഗോപുരത്തിനു മുമ്പിൽ തോണിയിറക്കി മീൻ പിടിക്കാൻ പോകുന്നവർ. കൊതുമ്പു വള്ളങ്ങൾ തിരമാലകളെ തലോടി മുൻപോട്ടു നീങ്ങുന്ന കാഴ്ച സൂര്യപ്രകാശത്തിലൂടെ ആസ്വദിക്കാൻ കഴിയും. സന്ധ്യയോടടുക്കുമ്പോൾ സമുദ്രം ചെറുതായൊന്നു പിൻമാറും. അത് കളിസ്ഥലമായി മാറുന്നു. ഉച്ചഭാഷിണിയും പാട്ടും നൃത്തവും കൂടി അന്തരീക്ഷത്തെ സജീവമാക്കുന്നു.

കടൽത്തീരത്തെ ഞണ്ടുകൾ പോലും ഉത്സാഹത്തിലാണ്. ആയിരക്കണക്കിന് സ്റ്റാർഫിഷുകൾ കടൽത്തീരത്ത് സമാധികിടക്കുന്നു. മുർഡേശ്വരപ്രതിമയുടെ അസ്ഥിവാര ഭാഗത്ത് രാവണകഥ



യുടെ രംഗങ്ങൾ ശിൽപ്പങ്ങളാക്കി മാറ്റിയിരിക്കുന്നു. ജീവനുള്ള ശിൽപ്പങ്ങൾ കാണണമെങ്കിൽ മുർഡേശ്വരത്ത് പോകണം. മുർഡേശ്വരപ്രതിമ സമുദ്രത്തിലേക്ക് നീങ്ങിയ മുനമ്പിന്റെ മുകളിലാണ്. അതിനു താഴെ ഉയർന്നു നിൽക്കുന്ന ഗോപുരം. ഗോപുരമുകളിലേക്ക് ലിഫ്റ്റിൽ പോകാവുന്നതാണ്. ഗോപുരമുകളിൽ നിന്ന് ചന്ദ്രക്കല കാണുക. മുർഡേശ്വരന്റെ ചൈതന്യം മുഖാമുഖമായി നിന്ന് വീക്ഷിക്കുക. പ്രകൃതിയും മനുഷ്യനും കൈകോർത്തു പിടിച്ചാൽ ഭംഗിയുള്ള രംഗങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് മുർഡേശ്വരത്ത് ചെല്ലുമ്പോൾ നമുക്ക് വ്യക്തമാകും. ഞാൻ സമുദ്രതീരത്ത് മണികൂറുകളോളം ഇരുന്നു. കൂടെ ഭാര്യയും വേറെ കുടുംബാംഗങ്ങളുമുണ്ട്. ജയചന്ദ്രനും ഭാര്യ പത്മഗീതയും, മനോഹരനും, പത്നി ഷൈജയും, കോഴിക്കോട് പി.വി.എസ്. ആശുപത്രിയിലെ അക്കൗണ്ടന്റ് ആയ സന്തോഷ് പ്രഭു ഈ ദൃശ്യങ്ങൾ ക്യാമറയിലാക്കുന്നു. അസ്തമയസൂര്യന്റെ പ്രകാശം മുർഡേശ്വരന്റെ സർപ്പാഭരണത്തിൽ സ്വർണ്ണപ്രകാശം പരത്തുന്നു. മനസ്സ് ചിന്തകളുടെ സുഗന്ധവാഹിയായ നന്ദനോദ്യാനത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ലങ്കാധിപനായ രാവണൻ ഭൗതികമായി നിരവധി നേട്ടങ്ങൾ ഉണ്ടാക്കി. കുബേരന്റെ പുഷ്പകവിമാനം കൈയടക്കി മണ്ഡോദരിയെ പത്നിയാക്കി ശിവപ്രീതിക്കുവേണ്ടി തപസ്സു ചെയ്തു. പ്രതിഭാശാലിയായ രാവണൻ കൈലാസത്തെയെടുത്ത് അമ്മാനമാടി.

ശിവപാർവ്വതിമാർ പ്രസാദിച്ചു. ശിവന്റെ ആത്മലിംഗം സ്വന്തമാക്കണം. അത് ലങ്കയിലേക്ക് കൊണ്ടുപോകണം. ശിവൻ രാവണന് ആത്മലിംഗം സമർപ്പിച്ചു. താഴെ വയ്ക്കരുതെന്നും അത് വച്ചിടത്ത് ഉറച്ചുപോകുമെന്നും ശിവൻ അരുളിചെയ്തു. ശിവൻ കൊടുത്ത ആത്മലിംഗവുമായി രാവണൻ സമുദ്രതീരത്തുകൂടെ യാത്ര പുറപ്പെട്ടു.

രാവണൻ അസുര ചക്രവർത്തിയാണെന്നും ഇന്ദ്രിയങ്ങളിലൂടെ മാത്രം ലോകസത്യങ്ങളെ വിലയിരുത്തുന്നവനാണെന്നും നാരദൻ മനസ്സിലാക്കി. നാരദർ ഗണപതിയെ സമീപിച്ചു. സഹായിച്ചുകൊള്ളാമെന്ന് വിഷ്ണുവും വാഗ്ദാനം ചെയ്തു. ഗണപതി ഒരു ബ്രാഹ്മണ ബാലന്റെ വേഷത്തിൽ രാവണന്റെ സമീപത്തെത്തി. വിഷ്ണുവാകട്ടെ സൂദർശനം കൊണ്ട് സൂര്യനെ മറച്ചു. സന്ധ്യയായി കഴിഞ്ഞു എന്ന തെറ്റിദ്ധാരണ രാവണനെ പിടികൂടി. രാവണൻ സന്ധ്യാവന്ദനം മുടക്കാറില്ല. ശിവലിംഗം താഴെ വെക്കാൻ നിർവ്വാഹവുമില്ല. ബ്രാമഹ്മണകുമാരൻ സഹായത്തിനൊരുങ്ങിയപ്പോൾ രാവണൻ അത് കൊടുത്തേൽപ്പിച്ചു. മൂന്നുതവണ വിളിച്ചു കഴിഞ്ഞാൽ ഉടനെ എത്തണമെന്നും എത്തിയില്ലെങ്കിൽ ആ വിഗ്രഹം താഴെ വെയ്ക്കുമെന്നും

ബ്രാഹ്മണകുമാരൻ പറഞ്ഞു.

കഥയുടെ പരിസമാപ്തി ചിന്തോദ്ദീപകമാണ്. സന്ധ്യാവന്ദനത്തിന് പോയ രാവണന് മൂന്ന് വിളി കേട്ടിട്ടും ഓടിയെത്താനായില്ല. ബ്രാഹ്മണവേഷത്തിൽ വന്ന ഗണപതി അത് താഴെ വച്ചു. ശിവന്റെ ആത്മലിംഗം അവിടെത്തന്നെ ഉറച്ചുപോയി. രാവണൻ പരിഭ്രാന്തനായി ഓടിവന്നെങ്കിലും അത് പറച്ചെടുക്കാൻ കഴിഞ്ഞില്ല. ക്രോധത്തോടെ ബ്രാഹ്മണബാലന്റെ നെറുകമണ്ടയിൽ ഇടിച്ചു എന്ന് കഥ. അവിടെ മുർഡേശ്വരമായി. ശിവപാർവ്വതിമാർ സ്ഥലത്തെത്തി അനുഗ്രഹങ്ങൾ ചൊരിഞ്ഞു.

ഈ കഥയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുമ്പോഴാണ് മൂർഡേശ്വരന്റെ ചൈതന്യം നമ്മുടെ ഹൃദയങ്ങളിലേക്ക് സന്നിവേശിക്കുക. ഇതിലെ കഥാപാത്രങ്ങൾ നാം തന്നെയാണ്. സ്വന്തം കാര്യങ്ങളല്ലാതെ മറ്റൊന്നും ഋഷിമാർ പറഞ്ഞിട്ടില്ല. അതിബുദ്ധിമാനായ രാവണൻ ഭക്തനായിരുന്നു. പണ്ഡിതനായിരുന്നു. ശിവഭക്തിയെ ആരാധിച്ച് സ്വന്തമാക്കാനാണ് രാവണൻ ശ്രമിച്ചത്. രാവണന് ശിവനാകണം. അതിനുവേണ്ടി തന്നെയാണ് ആത്മലിംഗം സ്വന്തമാക്കിയത്. ഓരോ മനുഷ്യനും ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നതും അത് തന്നെയാണ്. ദൈവത്തിന് തുല്ല്യമാകാൻ നാമെല്ലാം ആഗ്രഹിക്കുന്നു. എനിക്ക് രോഗമുണ്ടാകരുത്. എനിക്ക് മരണമുണ്ടാകരുത്. ഈ ലോകം എന്റെ നിയന്ത്രണത്തിലാകണം. ഇതിനുവേണ്ടിയുള്ള ശിവപൂജ തന്നെയാണ് ഇന്നത്തെ വിദ്യാഭ്യാസം. പണമുണ്ടാക്കാനുള്ള നെട്ടോട്ടം ഇതുതന്നെ.

വർത്തമാനകാലമാണ് യഥാർത്ഥ സുഖം തരുന്നത്. നാമിന്ന് മനസ്സിനെ ഭൂതത്തിലേക്കും ഭാവിയിലേക്കും മാറ്റിക്കൊണ്ടിരിക്കുന്നു. എല്ലാവരും അസ്വസ്ഥരാണ്. ഈ ലേഖനം വായിക്കുന്നതിനിടയിൽ മനസ്സ് പലയിടത്തും കറങ്ങി നടന്നു കാലവുമായി ചേരാൻ നമുക്ക് കഴിയുന്നില്ല. കാലത്തെ തിരിച്ചിട്ട അവസ്ഥയാണ് ലങ്ക. ശീർഷാസനത്തിൽ നിൽക്കുന്ന കാലമാണ് ലങ്ക. അത് നമ്മുടെ മനസ്സാണ്. അവിടെ രാജ്യം ഭരിക്കുന്നത് അഞ്ച് കർമ്മേന്ദ്രിയങ്ങളേയും ബഹിർമുഖമായി വച്ച രാവണനാണ്.നാം രാവണബുദ്ധിയിലൂടെ ശിവഭക്തിയെ സ്വയം പ്രതിഷ്ടിക്കൻ ശ്രമിക്കുന്നു. അതിന് വിഘ്നമുണ്ടാകുമെന്ന് തീർച്ചയാണ്. നാമെല്ലാം ശിവശക്തിയാണെന്നറിയുക. ശിവം നഷ്ടപ്പെടുമ്പോഴാണ് നാം ശവമാകുന്നത്. ശിവൻ അനുഗ്രഹം ചൊരിയുന്നു. സംഹാരവും അനുഗ്രഹം തന്നെയാണ്.

സന്ധ്യാപ്രകാശത്തിൽ മുർഡേശ്വര ബീച്ചിൽ ചെന്നിരുന്ന് ഗോപുരത്തിലേയ്ക്കും മുർഡേശ്വര പ്രതിഷ്ടയിലേക്കും വിനയാന്വിതനായി നോക്കുക. അഞ്ച് രീതിയിൽ നമ്മുടെ കാമനകളെ ഭസ്മമാക്കിയവനാണ് ശിവൻ. നമ്മുടെ കാമനകളെ ഭസ്മമാക്കാൻ നമുക്ക് കഴിയണം. അവർ ശിവശക്തിയെ തൊട്ടറിയുന്നു. അവർ ലങ്കയിൽനിന്നും മാറി കാലത്തോടു ചോദിയ്ക്കുന്നു. അത് സത്യമാണ്. ശിവമാണ്. സുന്ദരമാണ്.

അലയാഴിയുടെ മുകളിൽ ചന്ദ്രക്കല. ശിവന്റെ ജടകൾക്കിടയിൽ ഗംഗ ഒഴുകുന്നു. മുർഡേശ്വരനെ ഒരിക്കൽകൂടി വീക്ഷിക്കുക. കാലത്താട് ചേർത്തുനിർത്തുന്നത് തന്നെയാണ് മരണം. അഞ്ചുരീതിയിൽ ഇതു സംഭവിക്കാം. ശിവന്റെ ശൂലം ആയുധത്തെ സൂചിപ്പിക്കുന്നു. അത് പൃഥ്വിതത്വമാണ്. ആയുധങ്ങളിലൂടെ മരണമുണ്ടാകാം. വാഹനങ്ങൾ മുതൽ ശസ്ത്രക്രിയയ്ക്കുപയോഗിക്കുന്ന ഉപകരണങ്ങൾ വരേയും ആയുധങ്ങളാണ്. ശിവമൗലിയിലെ ഗംഗ അമൃതാണ്. ജലതത്വം മരണത്തിനു കാരണമാകാം. ഈ ലോകത്തിന്റെ എല്ലാ നീക്കങ്ങളുടേയും അടിസ്ഥാന ഇന്ധനം അഗ്നിയാണ്. ശിവനേത്രങ്ങളിലെ അഗ്നിയാണ് നീതിബോധം. അഗ്നിയിലൂടെ അന്ത്യമുണ്ടാകുന്നു. ചന്ദ്രക്കല നോക്കുക. ചന്ദ്രൻ മനസ്സാണ്. മനസ്സാണ് രോഗങ്ങൾ ഉണ്ടാക്കുന്നത്. അത് വായുതത്വമാണ്. രോഗങ്ങൾ മരണകാരണമായി മാറുന്നു. മുർഡേശ്വരനെ ഇത്രയേറെ ആകർഷകമാക്കുന്നത് കഴുത്തിൽ ചുറ്റിയ സ്വർണ്ണനാഗമാണ്. അത് കാലമാണ്. ആകാശ തത്വമാണ്. മരണത്തിന് രോഗങ്ങൾ ആവശ്യമില്ല. കാലംകൊണ്ടുതന്നെ അത് സംഭവിക്കുമെന്നതിനാൽ കാലം പോലും ഇവിടെ കാലൻ എന്ന കഥാപാത്രമാണ്.

മുർഡേശ്വരസാഗര തീരത്തു നിൽക്കമ്പോൾ ചിന്തകൾക്കും ചിറകുണ്ടാകും. അലഞ്ഞുതിരിയുന്ന ഒരു നാടൻ നായ എന്റെ സമീപത്തു വന്നു നിന്നു. അവൻ പരിചയക്കാരനെപ്പോലെ എന്നെ നോക്കി ചിരിക്കുന്നുണ്ടോ എന്ന സംശയം. ഞാൻ ഈ നായയെ വേറെ എവിടെയോ വച്ച് കണ്ടിട്ടില്ലേ? എന്റെ ഏതെങ്കിലും യാത്രകളിൽ ഇവൻ മറ്റാരോ ആയി എന്റെ കൂടെ വന്നിട്ടുണ്ടോ? പരിചയം തുളുമ്പുന്ന മുഖശ്രീയുമായി ആ നായ പലയിടത്തും എന്റെ കൂടെ വന്നു. ഏതു വീക്ഷണത്തിൽ നിന്ന് നോക്കിയാലാണ് മുർഡേശ്വരത്തിന് കൂടുതൽ ഭംഗി? ഉത്തരം പറയാൻ കഴിയുകയില്ല. കരയിൽനിന്നു നോക്കിയാലും കടലിൽനിന്നു നോക്കിയാലും ഭംഗി തന്നെ. കറുത്ത വാവിനും വെളുത്ത വാവിനും ഒരേ ചന്തം.

മുർഡേശ്വരന്റെ പൗരുഷം മുറ്റിയ ധ്യാനത്തിനു മുമ്പിൽ എന്റെ എല്ലാ കാമനങ്ങളും കരിഞ്ഞ് ഭസ്മാകുന്നു. അതല്ലേ വേണ്ടത്? നന്ദി മുർഡേശ്വരാ. ലങ്കയിൽ നിലനിൽക്കാതെ കാലത്തിൽ ഉറച്ചുനിൽക്കുമെന്ന് ഈ അവിവേകി ഇപ്പോൾ മനസ്സിലാക്കുന്നു. ■

ലേഖനം



മുണ്ട്യാടി ദാമോദരൻ

# ഒ.എൻ.വി ഓർമ്മ



ജീവിതാന്ത്യം വരെ കവിത കൊണ്ടുനടക്കാൻ കഴിഞ്ഞ മലയാളത്തിന്റെ മഹാകവിയും ഗാനരചയിതാവും "ജ്ഞാനപീഠ"ജേതാവുമായ ഒ. എൻ. വി. കുറുപ്പ് മലയാളികളുടെ ബോധാബോധമണ്ഡലങ്ങളെ പൊതുവേ ആഴത്തിൽ സ്വാധീനിച്ച മനീഷ ആയിരുന്നു. ഭാഷയിലെ അംഗീകാരത്തിന്റെ ഒട്ടെല്ലാകൊടുമുടികളും അദ്ദേഹത്തിന് വഴിപ്പെട്ടുനിന്നു എന്നോർക്കുമ്പോൾ, വ്യക്തി എന്ന നിലയിൽ സ്വയം ആർജ്ജിച്ചെടുത്ത സ്വാധീനം ഒരു ജീവിത പൂർണ്ണതയുടെ അടയാളപ്പെടുത്തൽ കൂടിയാകുന്നു.

1931 മേയ് 27ന് കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിച്ച ആ വിജയശ്രീലാളിത ജീവിതം 2016 ഫിബ്രവരി 13ന് വൈകുന്നേരം അഞ്ചുമണിയോടെ പര്യവസാനം കൊണ്ടു എന്ന് ഞങ്ങളറിയുമ്പോൾ അദ്ദേഹത്തിന്റെ അവസാന ശ്വാസം നിലച്ചിട്ട് പത്ത് മിനിട്ടോളമേ ആയിരുന്നുള്ളു. ഡോ. ആർസു സംഘടിപ്പിച്ച ഒരു കവിയരങ്ങിന് ഞങ്ങൾ അളകാപുരിയിൽ ആരംഭം കുറിയ്ക്കാനിരിയ്ക്കേയാണ് അദ്ദേഹത്തിന് ഈ മരണവൃത്താന്തം ഒരു മെസ്സേജായി വന്ന കാര്യം ഞങ്ങളെയറിയിക്കുന്നത്. സ്വാഭാവികമായും അതൊരു അനുശോചനയോഗമായി പരിണമിക്കുകയായിരുന്നു. പത്ര റിപ്പോർട്ടുകളൊന്നും വന്നു കണ്ടില്ലെങ്കിലും ഓ. എൻ. വി യ്ക്കുള്ള ആദ്യ അനുശോചനയോഗം അതുതന്നെ ആയിരിയ്ക്കും എന്നു ഞാൻ വിചാരിയ്ക്കുന്നു.

എൺപത്തഞ്ചു വർഷത്തോളം നീണ്ട ആ പരമോന്നത ജീവിതത്തിനിടയിൽ കുറച്ചുകാലം വ്യക്തിപരമായി ഇടപെടാൻ കഴിഞ്ഞ അനുഭവമാണ് ഇപ്പോൾ ഓർമ്മയിൽ വരുന്നത്. പ്രൊഫ. സുകുമാർ അഴീക്കോട് കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാളം വകുപ്പദ്ധ്യക്ഷനായിരിയ്ക്കേ കോഴിക്കോട്ടെ ഉപരിവർഗ്ഗമായ വായനക്കാർക്കായി ഹോട്ടൽ ഈസ്റ്റേൺ ടൂറിസ്റ്റ്ഹോമിൽ ആരംഭിച്ച പുസ്തക ചർച്ചാവേദിയായ "കാലിക്കറ്റ് ബുക്ക് ക്ലബ്ബി"ന്റെ 1980,, 81, 82 വർഷങ്ങളിലായി 3 കൊല്ലം സെക്രട്ടറിയായിരിയ്ക്കാൻ എനിയ്ക്ക് അവസരമുണ്ടായിട്ടുണ്ട്. എനിയ്ക്ക് മുമ്പ് പ്രൊഫ. ജോർജ്ജ് ഇരുമ്പയമായിരുന്നു സെക്രട്ടറി. എൻ. എൻ. കക്കാട്, ഫാദർ ജിയോ പയ്യപ്പിള്ളി, സുകുമാർ അഴീക്കോട് എന്നിവരായിരുന്നു ആ മൂന്നു വർഷങ്ങളിൽ എന്റെ പ്രസിഡണ്ടുമാർ.

ജീവിതം ആരംഭിച്ചുതുടങ്ങിയിട്ടേ ഉള്ളു എന്ന നിലയ്ക്ക് ആ പുസ്തകചർച്ചാവേദിയ്ക്കായി 'അഹമഹമിഹയാ' പ്രവർത്തിച്ചിരുന്നതുകൊണ്ട് നഗരത്തിലെ ഏറ്റവും വലിയ സാംസ്ക്കാരിക വേദിയായി ബുക്ക് ക്ലബ്ബ് വളർന്നുനിന്നു. ലോകത്തിൽ ശ്രദ്ധേയമാകുന്ന പുസ്തകങ്ങൾ മാസാമാസം ചർച്ചചെയ്യുന്നതിനു പുറമേ, ഇവിടെ വരികയും ഇവിടെ പാർക്കുകയും ചെയ്യുന്ന കവികളിൽ ഓരോരുത്തരുടേയും കാവ്യ സായാഹ്നങ്ങൾകൂടി സംഘടിപ്പിച്ചപ്പോൾ കോഴിക്കോട്ടെ സാഹിത്യ സാംസ്ക്കാരിക രംഗത്തെ കുതുകികൾക്ക് അത് തികച്ചും നവോന്മേഷമേകി. പുനലൂർ ബാലൻ, കക്കാട്, ഒ. എൻ. വി. കുറുപ്പ്, കടമ്മനിട്ട രാമകൃഷ്ണൻ തുടങ്ങി നിരവധി കവികളുടെ സായാഹ്നങ്ങൾ അത്യാഢംബരപൂർവ്വം കൊണ്ടാടി. മെഡിക്കൽ– എഞ്ചിനീയറിംഗ് കോളേജുകളടക്കം നഗരത്തിലും സമീപപ്രദേശങ്ങളിലുമുള്ള കോളേജുകളിലെ അദ്ധ്യാപകരും പ്രൊഫ

സർമാരും, വക്കീലന്മാർ, ഡോക്ടർമാർ, മികച്ച വായനക്കാർ തുടങ്ങിയ ശ്രേണികളിൽപ്പെടുന്നവരുമായിരുന്നു ക്ലബ്ബിലെ അംഗങ്ങൾ. പത്തുറുപ്പികയായിരുന്നു വർഷാന്ത വരിസംഖ്യ. അംഗങ്ങളല്ലാതെ സന്ദർശകരായി വരുന്നവരിൽനിന്ന് നിർബന്ധമായും രണ്ടുറുപ്പിക വിസിറ്റേഴ്സ് ഫീസായി പിരിച്ചെടുത്തിരുന്നു. ഈ പണപ്പിരിവായിരുന്നു ക്ലബ്ബ് നടത്തികൊണ്ടുപോകുന്നതിൽ ഏറെ ക്ലേശകരം. ഹോട്ടൽ മഹാറാണി ആയിമാറിയ ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം, ആളകാപുരി, കല്പക ടൂറിസ്റ്റ് ഹോം എന്നിവിടങ്ങളിലായിരുന്നു മാസാന്തവേദികൾ.

മാസാന്തപരിപാടികൾ അനവരതം തുടരുന്നതിനിടയിലാണ് ഒരു ശിക്ഷ എന്ന കണക്കേ ഒ. എൻ. വി. കുറുപ്പിന് കോഴിക്കോട്ടയ്ക്ക് സ്ഥലംമാറ്റമാകുന്നത്. കോളേജദ്ധ്യാപകൻ എന്ന നിലയ്ക്ക് ജീവിതകാലം തിരുവനന്തപുരത്തുനിന്ന് പുറത്തേക്ക് പോകേണ്ടിവരികയില്ല എന്ന് മനസ്സിൽ ഉറപ്പിച്ചു കഴിഞ്ഞവരെ പുതുതായി വന്ന ചെറുപ്പക്കാരനായ വിദ്യാഭ്യായമന്ത്രി നിർബന്ധപൂർവ്വം മലബാറിലേയ്ക്കും മറ്റും സ്ഥലം മാറ്റുകയായിരുന്നു. പകച്ചുപോയ ഒ. എൻ. വി. കോഴിക്കോട്ടെത്തിയതോടെ തെല്ലൊന്നമ്പരക്കുകകൂടി ചെയ്തു എന്നു പറയേണ്ടി വരും. നഗരം നല്ല പരിചയമില്ല. കുടുംബ ബന്ധങ്ങളുമില്ല. ഒരകന്നസഹോദരി മാങ്കാവിലുണ്ട്. അവിടെയാണ് മിക്കവാറും താമസം.

മുറിക്കയ്യൻ വെള്ള ഷർട്ടും കരയില്ലാത്ത മല്ലിന്റെ മുണ്ടും പ്ലാസ്റ്റിക്ക് ചെരുപ്പും ഒരു തോൽ സഞ്ചിയുമാണ് അദ്ദേഹത്തിന്റെ വേഷം. തനിക്കെന്നതുപോലെ തന്നേയും ആർക്കും ഇവിടെ പരിചയമില്ല എന്ന ഒരന്തംവിടലിലായിരുന്നു അദ്ദേഹം. പരിപാടികളിൽ തന്നെ ക്ഷണിച്ചാലും അല്ലെങ്കിലും എല്ലാ സായാഹ്നങ്ങളിലേയും സാഹിത്യ സാംസ്ക്കാരിക പരിപാടികൾ കേൾക്കാൻ അദ്ദേഹത്തിന് പോകണം. സ്ഥലപരിചയപരിമിതി കാരണം ഒ. എൻ. വി യുടെ സ്ഥിരം വഴിക്കാട്ടിയായി (ബുക്ക് ക്ലബ്ബ് സെക്രട്ടറി എന്ന നിലയിലും) ഇരുമ്പയവും മറ്റും എന്നെയാണ് ചുമതലപ്പെടുത്തിയത്. ഞാനാണെങ്കിൽ കോട്ടൂളിയിൽ ഒറ്റയ്ക്ക് താമസിയ്ക്കുന്നു. പുതുതായി വിവാഹിതനായെങ്കിലും ഭാര്യ അദ്ധ്യാപികയായി കാസർക്കോട്ടോണ്. വാരാന്ത്യത്തിൽ ഒ. എൻ. വി. തിരുവനന്തപുരത്തെ ഇന്ദീവരത്തിലേയ്ക്കു പോകുമ്പോൾ ഞാൻ കാസർകോട്ടേയ്ക്കും പോകുന്നു.

ഏതു പരിപാടിയ്ക്കു പോയാലും ഒ. എൻ. വി. ഒരനാഗതസ്മശ്രുവിനെപ്പോലെയാണ് നിൽക്കുക. തന്നെ ആർക്കുമറിയില്ല; തനിയ്ക്കും ആരേയും ആറിയില്ല എന്ന ആദ്ദേഹത്തിന്റെ സ്ഥിരം ഒറ്റപ്പെട്ടുനിൽക്കൽ കണ്ടു കണ്ടാണ്, പറഞ്ഞാൽ അദ്ദേഹത്തിനെ എല്ലാവർക്കുമറിയാം; നമ്മൾ പോകുന്നേടത്തൊക്കെ കേൾക്കുന്ന പാട്ടുകൾ മാഷിന്റേതാണല്ലോ എന്നു ഞാൻ പറഞ്ഞത്. ഇത്രയേറെ സിനിമാ പാട്ടുകൾ എഴുതുന്നമാഷെ മലയികൾ ആരാണ് അറിയാതിരിയ്ക്കുക എന്നൊരിക്കൽ ഞാനദ്ദേഹത്തോടു ചോദിച്ചു. താൻ നിരന്തരമായൊന്നും സിനിമയുമായി ബന്ധപ്പെടുന്നില്ല; ഏറിയാൽ നാലു സിനിമയ്ക്കേ തനിയ്ക്ക് പാട്ടെഴുതാൻ കഴിയൂ. അവ ഏറേയും ഹിറ്റാകുന്നതുകൊണ്ടാണ് താൻ ഒരു സിനിമാക്കാരനാണെന്ന് നിങ്ങൾക്കൊക്കെ തോന്നുന്നത്; താൻ സിനിമയുമായി അത്രയൊന്നും നിരന്തരമായി ബന്ധപ്പെടുന്നില്ല എന്നായിരുന്നു അദ്ദേഹം ഒരു സിറ്റിബസ്സ് യാത്രയ്ക്കിടെ എന്നോടു പറഞ്ഞത്.

ഏതാണ്ട് ആറ് മാസക്കാലത്തോളമേ ഒ. എൻ. വി. കോഴിക്കോട്ടുണ്ടായിരുന്നുള്ളു എന്നാണ് ഓർമ്മ. അപ്പോഴേയ്ക്കും വ്യക്തിപരവും സംഘടനാപരവും മറ്റുമായ സമ്മർദ്ദങ്ങൾ നിമിത്തം സ്ഥലം മാറ്റങ്ങൾ മിക്കവയും റിഇൻസ്റ്റേറ്റു ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു.

ബസ് യാത്രയിൽ അടുത്തടുത്ത് ഇരിക്കാൻ അവസരം കിട്ടിയപ്പോഴൊക്കെ, തന്നെ ബലാല്ക്കാരമായി മലബാറിലേയ്ക്ക് മാറ്റിയ ചെറുപ്പകാരനായ മന്ത്രിയുടെ "വകതിരിവില്ലായ്മ"യെക്കുറിച്ചാണ് ഒ. എൻ. വി യ്ക്ക് പറയാനുണ്ടായിരുന്നത്. ആരോടെന്നില്ലാതെ, അവസരം കിട്ടുമ്പോഴൊക്കെ തന്റെ രോഷം അദ്ദേഹം പ്രകടിപ്പിയ്ക്കുമായിരുന്നു. എനിക്കാണെങ്കിൽ, ഒരു പ്രമോഷൻ വരുമ്പോൾ ഗുജറാത്തിലേയ്ക്കും, മഹാരാഷ്ട്രയിലേയ്ക്കും സ്ഥലം മാറ്റുന്ന കേന്ദ്രസർവ്വീസിന്റെ കാര്യങ്ങളെ അറിയുകയുള്ളു എന്നതുകൊണ്ട് അദ്ദേഹത്തിന്റെ രോഷപ്രകടനങ്ങളിൽ താല്പര്യവും തോന്നിയിരുന്നില്ല.

തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറ്റമായി, വീണ്ടും സന്തോഷവാനായി ഒ. എൻ. വിയെ കാണുന്നത് ഫറോക്കിൽ യുവ കലാ സാഹിതി സംഘടിപ്പിച്ച മൂന്നു ദിവസത്തെ സാഹിത്യ കേമ്പിന്റെ ഡയരക്ടർ എന്ന നിലയിൽ വർഷങ്ങൾക്കു ശേഷം ആണ്. അവിടെ നടന്ന കവിസമ്മേളനത്തിൽ അദ്ദേഹമായിരുന്നു അദ്ധ്യക്ഷൻ. എന്റെ ഊഴമെത്തിയപ്പോൾ പേര് വിളിച്ചു എന്നല്ലാതെ ഒരു വിദൂരപരിചയത്തിന്റെ ഭാവംപോലും അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നില്ല. ചെറുചെറുപരിചയസീമയിൽ വരുന്നവരെയൊക്കെ സൗഹൃദവലയത്തിൽ നിലനിർത്താൻ മാത്രം ചെറുതായിരുന്നില്ലല്ലോ ഒ. എൻ. വി യെപ്പോലെ പ്രശസ്തനായ ഒരാളുടെ തെരക്കേറിയ ജീവിതം.

■

കഥ





രത്നാകരൻ ചെറുവത്ത്

# ചെമ്പരത്തിപ്പൂക്കൾ

മേഘങ്ങൾ സൂര്യനെ മറച്ചിരിയ്ക്കുന്നു. നല്ല വിങ്ങൽ. സുലേഖ ആ നാട്ടിൻ പുറത്ത് ബസ്സിറങ്ങി. ബസ്സ്റ്റോപ്പിൽ മറ്റാരും ഇറങ്ങാനുണ്ടായിരുന്നില്ല.പൊടിപറത്തി ആ നരച്ച ബസ്സ് ചെമ്മൺപാതയിൽകൂടെ താണും പൊങ്ങിയും മുൻപോട്ടു പോയി.

അവൾ വായും, മൂക്കും പൊത്തി. പാറിക്കളിക്കുന്ന മുടിയിഴകളിൽ ചെമ്മൺപൊടി പുരണ്ട് തവിട്ട് നിറമായിരിക്കുന്നു. റോഡരുകിലെ കടകളും വൃക്ഷങ്ങളും ആകെ പൊടിനിറഞ്ഞിരിക്കുന്നു.

വിജനമായ റോഡിൽ ആരേയും കാണാതെ സുലേഖ വിഷമിച്ചു. മുൻപ് ഈ നാട്ടിൻപുറത്ത് വന്നിട്ടില്ല. പോകാനുള്ള സ്ഥലവും അറിയില്ല.

അല്പം പരിഭ്രമത്തോടെ അവൾ ചുറ്റും നോക്കി.

പെട്ടെന്ന് ഒരു സൈക്കിൾ ബല്ലടിയുടെ ശബ്ദം കേട്ട് അവൾ തിരിഞ്ഞു നോക്കി. ഒരു ചെറുപ്പക്കാരൻ ഇടതുവശത്തെ ഇടവഴിയിൽനിന്നും റോഡിലേയ്ക്ക് കയറി. അവൾ അല്പം ആശ്വാസത്തോടെ അയാളോട്, പീതംബരൻ സാറിന്റെ വീട് തിരക്കി.

ഒരു പത്ത് വാര ദൂരെ വലത്തോട്ട് തിരിഞ്ഞുപോകുന്ന ഒരു ഇടവഴി ചൂണ്ടിക്കാണിച്ച് പറഞ്ഞു. ഒരു അമ്പത് വാര മുൻപോട്ട് പോയാൽ സാറിന്റെ വീടായി.

അയാൾക്ക് നന്ദി പറഞ്ഞ് അവൾ മുൻപോട്ട് നടന്നു.

“ആരാണെന്നും, എന്തിനാണ് വന്നതെന്നും ചോദിച്ചാൽ എന്ത് ഉത്തരം പറയും? ഇവിടെ ആർക്കും തന്നെ അറിയില്ല. മൂന്നു നാലു മണിക്കൂർ ദൂരം യാത്രചെയ്താണ് ഇവിടെ എത്തിയത്!

വീട് അടുക്കുതോറും മനസ്സ് പിടയ്ക്കാൻ തുടങ്ങി. എന്താണ് ആ വീട്ടുകാരോട് പറയുക? അദ്ദേഹം പ്രശസ്തനായ ഒരു കവിയായിരുന്നുവല്ലോ! തന്നെ പോലുള്ളവർ അവിടെ വരുന്നത് സ്വാഭാവികം മാത്രം.

സുലേഖ വീടിന്റെ പടികയറി.

പടി കടന്നുവരുന്ന അപരിചിതയെ ഒരു മദ്ധ്യവയസ്ക്ക ശ്രദ്ധിക്കുന്നത് സുലേഖ കണ്ടു.

ആരാ?

എന്റെ പേര് സുലേഖ. ഞാൻ കുറച്ചു ദൂരെ നിന്നും വരാ....

“പീതാംബരൻ സാറ്.... അവൾ മുഴുമിപ്പിച്ചില്ല.”

“ഏട്ടൻ പോയത് അറിഞ്ഞില്ലേ...?

പത്രത്തിൽനിന്നും അറിഞ്ഞു...

ഇന്നത്തേയ്ക്ക് ഒരാഴ്ചയായി. കയറി ഇരിയ്ക്കൂ...

അവർ സുലേഖയ്ക്ക് സോഫ ചൂണ്ടിക്കാണിച്ച് ഇരിയ്ക്കാൻ പറഞ്ഞു.

നടന്നു വിയർത്ത സുലേഖ സോഫയിൽ അമർന്നു.

കുറച്ചു വെള്ളം കിട്ടിയാൽ നന്നായിരുന്നു...

അവർ അകത്തേയ്ക്ക് പോയി. ഒരു ഗ്ലാസ്സും, വെള്ളം നിറച്ച ജഗ്ഗുമായി വന്നു.

അവൾ വെള്ളം വാങ്ങി ഒറ്റ വലിക്ക് കുടിച്ചു.

ആ സ്ത്രീ അവളെത്തന്നെ ശ്രദ്ധിക്കുകയായിരുന്നു.

“ഏട്ടനെ എങ്ങനെ പരിചയം...?

തളംകെട്ടി നിന്ന കുറച്ചു നിമിഷത്തെ മൂകതയെ മുറിച്ചുകൊണ്ട് ആ സ്ത്രീ സുലേഖയോട് ചോദിച്ചു!

“അദ്ദേഹം ഒരു നോവലെഴുതാൻ ഞങ്ങളുടെ നാട്ടിൽ വന്നിരുന്നു”.

ആ പരിചയമാണ്.

ആ സ്ത്രീ അത് പൂർണ്ണമായും മുഖവിലയ്ക്കെടുത്തില്ല! വെറും പരിചയത്തിന്റെ പേരിൽ ഇത്രയും ദൂരം അതും ഒരു യുവതി ഒറ്റയ്ക്ക് വരുക! അതിൽ എന്തോ പന്തികേട് അവർ ദർശിച്ചു.

ഇവിടെ ഞാനും എന്റെ രണ്ടു ആൺമക്കളും മാത്രമേയുള്ളു. ഏട്ടൻ വരുമ്പോൾ ഞങ്ങളുടെ കൂടെയായിരുന്നു. ഏട്ടൻ വിവാഹിതനല്ല. സഞ്ചാരിയായിരുന്നു. വല്ലപ്പോഴും വരുമ്പോൾ ഇവിടെ തങ്ങും. പിന്നീട് തന്റെ പാഥേയങ്ങൾ ഒതുക്കിപ്പിടിച്ചു യാത്രയാവും!

നാട്ടിലും ആരോടും അത്ര അടുപ്പമൊന്നുമുണ്ടായിരുന്നില്ല. എപ്പോഴും ചിന്തയെ താലോലിച്ചു നടന്നു.

“അതാ ആ പിലാവിന്റെ ചുവട്ടിൽ പാറകൾക്ക് സമീപം ആണ് വെച്ചത്!”.

അവൾ തെക്കുഭാഗത്തേയ്ക്ക്

നോക്കി. അവിടെ തെക്കു വടക്കായി ഒരു മൺകൂന. അതിന് മുകളിൽ ഒരു പച്ച ഓല വെച്ചിരിയ്ക്കുന്നു. ഒരു വെട്ടിയ വാഴത്തടി. കുറെ പൊട്ടിയ മൺകല ത്തിന്റെ കഷ്ണങ്ങൾ കിടക്കുന്നു.

സുലേഖയുടെ മനസ്സു പിടഞ്ഞു. സ്നേഹം നിറഞ്ഞ ഹൃദയവുമായി, പ്രക ടിപ്പിക്കാതെ, നിസ്സംഗനായി നോക്കി നിൽക്കുന്ന ആ രൂപം. ഇപ്പോഴും അവി ടെത്തന്നെ നിൽക്കുന്നതായി തോന്നി..

കുറച്ചു ദിവസത്തെ പരിചയം മാത്രം. പക്ഷേ ഒരു ജന്മം ഒന്നിച്ചിരുന്ന തുപോലെ.

പാറക്കെട്ടുകളെ ചുറ്റി വളഞ്ഞു പുളഞ്ഞു ഒഴുകുന്ന പുഴ. പുഴക്കരയിൽ നിരവധി പാറകൾ. ആരോ അലക്ഷ്യ മായി എറിഞ്ഞിട്ടതുപോലെ.

അവളുടെ മനസ്സ് തന്റെ വീടും, പറമ്പിന്നരികിലൂടെ ഒഴുകുന്ന പുഴയും, പുഴയുടെ കരയിൽ അവളും കുറച്ചു ദിവസം മുൻപ് അയാളും ഇരുന്നിരുന്ന പാറക്കെട്ടുകളിലും പറ്റിപ്പിടിച്ചു. ദൂരെ നിശ്ചലമായി നിൽക്കുന്ന കുന്നുകൾ. കുന്നിന്റെ ഇരുണ്ട നിഴലുകൾ.

ചെഞ്ചായം പൂശിയ ആകാശം പുഴയുടെ അടിത്തട്ടിൽ വീണുടഞ്ഞു കിടക്കുന്നു,

സുലേഖ വീടിന്റെ ഉമ്മറത്തു നിന്നും പുറത്തേയ്ക്കിറങ്ങി.

ആ പാറയ്ക്കുമുകളിൽ ഒരപരിചി തൻ. ഒരു അറുപതിന്റെ മട്ട്. നരച്ചുതുട ങ്ങിയമുടി അലക്ഷമായി പാറികളിയ്ക്കു ന്നു.

അയഞ്ഞ പാന്റും ഷർട്ടും മുഷി ഞ്ഞിരിയ്ക്കുന്നു.

കണ്ണടയുടെ മേൽ ഭാഗത്തു കൂടെ സൂക്ഷിച്ചു നോക്കുന്നു.

ആശ്ചര്യവും ദുരൂഹതയും അവ ളുടെ മനസ്സിനെ അലട്ടി. ആരായി രിയ്ക്കാം?

ഇവിടെ ആരും വന്നിരിയ്ക്കാറി ല്ലല്ലോ!

വൈകുന്നേരങ്ങളിൽ തന്റെ സങ്കേതം കൈയ്യടയ്ക്കിയിരിക്കുന്ന ഈ അപരിചിതൻ ആര്? എന്ത് ചോദി യ്ക്കും? വല്ലതും തെറ്റിദ്ധരിയ്ക്കുമോ?

സാറെവിടന്നു വരുന്നു...?

"വന്നത് അറിയില്ല! പോകുന്നതും എങ്ങോട്ടാണെന്ന് അറിയില്ല!".

മാസ്മരികത നിറഞ്ഞ ഒരു മന്ദ ഹാസം ചുണ്ടുകളിൽ നിൽക്കുന്നു. ആലോചനാനിമഗ്നമായ നോട്ടം കണ്ണു കളുടെ ആഴം വർദ്ധിപ്പിയ്ക്കുന്നു.

ചെറിയ കല്ലുകൾ പെറുക്കി പുഴ യിലേയ്ക്ക് എറിഞ്ഞു രസിക്കുകയാ ണ്.

കുട്ടി ആ വീട്ടിലേതാണോ?

അതെ!

പേര്?

സുലേഖ

വീട്ടിൽ ആരൊക്കെയുണ്ട്?

ഞാനും അമ്മയും മാത്രം!

അച്ഛൻ...?

ഞാൻ ജനിച്ച ഉടനെ ഞങ്ങളെ ഉപേക്ഷിച്ചു. മറ്റൊരു വിവാഹം കഴിച്ചു.

കുട്ടി എന്ത് ചെയ്യുന്നു?

ഞാൻ ടീച്ചറാണ്.

നൽകാൻ അറിവ് മാത്രം അല്ലേ....?

അവൾ കൗതുകത്തോടെ അയാളെ നോക്കി.

ഇന്റർവ്യൂപോലെ ചോദ്യങ്ങൾ വഴിയ്ക്ക് വഴി ചോദിച്ച് മെല്ലെ വേദാ ന്തത്തിലേയ്ക്ക് കടന്നിടിക്കുന്നു,

അച്ഛനെ കണ്ട ഓർമ്മ യുണ്ടോ?

ഇല്ല! കാണാനാഗ്രഹിച്ചിട്ടില്ല!

അച്ഛന്റെ വാത്സല്യം അനുഭവി ക്കാൻ കഴിയാത്തതിലുള്ള ദുഃഖം, നീര സം. അല്ലേ!

അവൾ മൗനം പൂണ്ടു.

അയാളുടെ നോട്ടം ദൂരേയ്ക്ക് പറന്നു.

സാറെവിടുന്നു വരുന്നു?

വാനമ്പാടികൾ ആകാശത്ത് വിശ്രമം കണ്ടെത്തും! കുയിലുകൾ പാടും.

പുരാതനം, മുതൽ അത്യാധു നികം വരെയുള്ള ഗാനങ്ങൾ കേട്ട് കാലം മുന്നോട്ടു പോകും.

കുയിൽ അപ്രത്യക്ഷമാകും!

പാട്ടുകൾ നിലനിൽക്കും.

പാടുന്ന തിരക്കിൽ കുയിലിന്റെ താല്പര്യങ്ങൾ കാലത്തിന്റെ കരിങ്കൽ പടവുകളിൽ വീണുടഞ്ഞു....! ഏകാന്ത തയുടെ കൂട്ട്. നിരാശയാണ്. ഇന്ന് ഏകാന്തതയെ ആശ്ലേഷിക്കുന്നു.

"അച്ഛാ എന്ന് വിളി കേൾക്കാനും, മകളെ എന്ന് വിളി യ്ക്കാനും ആഗ്രഹിച്ചിരുന്നു".

ഇനി–

പാഥേയങ്ങൾ ഒഴിവാക്കി സ്വതന്ത്രനാവാൻ ആഗ്രഹിയ്ക്കു ന്നു!

"അസമയങ്ങളിൽ മധുരം കഴിയ്ക്കുന്നത് നല്ലതല്ല!".

അയാളുടെ മുഖത്തെ പ്രശാ ന്തത അവിടമാകെ പരന്നൊഴുകി "ഞാൻ മകളെ എന്ന് തന്നെ വിളി യ്ക്കും".

ആ ശബ്ദത്തിൽ നിശ്ചയ ദാർഢ്യത;

അതിലെ സ്വാതന്ത്ര്യചിന്ത അവൾ ആസ്വദിച്ചു.

ആ സ്വാതന്ത്രം. അത് സുദൃ ഢമാണ്. അധികാരത്തിന്റേതാണ്.

ഇല്ലാത്ത രക്തബന്ധത്തിന് സ്ഥാനമില്ല!

"രക്തബന്ധം".

അതിനേക്കാൾ സുദൃഢമായി രിക്കും പവിത്രമായ മനസ്സിന്റെ ബന്ധം.

കുട്ടിവരൂ. നിന്റെ സിംഹാ സനം ഞാനും പങ്കുവെക്കട്ടെ.

നമുക്കിവിടെയിരുന്ന് ചെമ്പര ത്തിപൂക്കളുടെ സൗന്ദര്യം ആസ്വദി ക്കാം.

പാറക്കെട്ടുകൾക്ക് താഴെ നിറയെ ചെമ്പരത്തി പൂക്കൾ. അദ്ദേ ഹത്തിന്റെ ദൃഷ്ടികൾ അതിൽ തന്നെ ഉടക്കി നിന്നു. ചെമ്പരത്തി യുടെ ചുവപ്പ് ചുണ്ടിലേക്കാവാ ഹിച്ച് അയാൾ മന്ദഹസിച്ചു. അവ ളുടെ കണ്ണുകളിലെ ഭാവഹാവാദി കളെ കൗതുകത്തോടെ നോക്കി.

"വൈരുദ്ധ്യം,"

കടും പച്ചയിൽ കടും ചുവപ്പ് ഒളിപ്പിച്ചുവെച്ചതാര്?

കറുത്ത കുയിലിന്റെ കണ്ഠ ത്തിൽ മധുരിയ്ക്കുന്ന രാഗം!

ഒഴുകുന്ന പുഴയുടെ തെളിനീ




ഈ മണൽക്കാട്ടിൽ ഞാനൊരു പൂവ് മാത്രം. മുകളിൽ ജ്വലിക്കുന്ന സൂര്യൻ.

പൂവ് സൂര്യനോട് ചോദിച്ചു.

"ഞാനെപ്പോഴാണ് വളർന്നു വലുതാവുക?

"വിജനമായ മണലാരണ്യത്തിൽ നീ ആർക്കുവേണ്ടിയാണ് ഇനിയും വലുതാവാൻ ആഗ്രഹിക്കുന്നത്? നീ കരിഞ്ഞു പോവില്ലേ?

"വരണ്ട ഈ മണലാരണ്യത്തിൽ ഞാൻ നിൽക്കുന്ന ഇടമെങ്കിലും അല്പം മനോഹരമായിരിയ്ക്കുമല്ലോ!

നിന്റെ ചിന്തയും, മനസ്സും വളരെ നല്ലതു തന്നെ. ഓരോ ദിവസവും എന്റെ സ്പർശനത്താൽ നീ വളർന്ന് വലുതാവും. സൂര്യൻ പൂവിനെ നോക്കി പറഞ്ഞു.

പെട്ടെന്ന് ആ വഴിയ്ക്ക് ഒരു യാത്രക്കാരൻ ഒട്ടകത്തിനേയും കൊണ്ടു വന്നു. അറിയാതെ ഒട്ടകം ആ പൂവിനെ ചവിട്ടിമെതിച്ചു കടന്നുപോയി.

ഞാൻ മരിച്ചു പോകുമല്ലോ! പൂവിന് സങ്കടം വന്നു.

അത് വിലപിച്ചു. ആകാശങ്ങളിൽ സഞ്ചരിയ്ക്കുന്ന മാലാഖ പൂവിന്റെ സങ്കടം കണ്ടു. മാലാഖ ഭൂമിയിൽ വന്ന് പൂവിനെ മൃദുവായി തഴുകി.

അത്ഭുതം പൂവ് വീണ്ടും തളിർത്തു.

മണലാരണ്യത്തിന്റെ കോണിൽ അലൗകിക സൗന്ദര്യവും, സുഗന്ധവും നൽകി.

പൂവിന്റെ സന്തോഷം കണ്ട് സൂര്യൻ തന്റെ ചൂടിന്റെ കാഠിന്യം കുറച്ചു.

ആ വഴി പോകുന്നവർക്കെല്ലാം ആ പൂവ് ആനന്ദം നൽകി ദീർഘകാലം അവിടെ നിന്നു.

കുയിലുകളുടെ ഗാനം, മയിലിന്റെ നൃത്തം, പൂക്കളുടെ സുഗന്ധം, സൗന്ദര്യം അത് വാക്കുകളായി വിരിയട്ടെ!

"ഉണങ്ങിയ കരിയിലകളും, കിളിർത്ത കളകളും

(ശേഷം പേജ് 28 ൽ)

അവൾ എഴുന്നേറ്റു. ഒരു യന്ത്രത്തെപ്പോലെ നടന്നു.

പിറ്റേന്ന് സ്ക്കൂൾ വിട്ടു വന്ന ഉടനെ കുളിയും, കാപ്പികുടിയും കഴിച്ച് നേരത്തെ ത്തന്നെ അവൾ സ്ഥാനം പിടിച്ചു.

അസ്വസ്ഥമായ മനസ്സ് പ്രതീക്ഷസമയത്തെ ദീർഘിപ്പിയ്ക്കുന്നു.

നിരാശപ്പെട്ട മനസ്സിന് ഏകാന്തത കൂട്ട്.

കൃത്യം അഞ്ചുമണിയ്ക്ക് പാറയുടെ മറവിൽനിന്ന് നരച്ച് പാറി കളിയ്ക്കുന്ന തല. ബാക്കിയുള്ള രോമങ്ങളെ പിഴുതെടുക്കാൻ കാറ്റ് കിണഞ്ഞു ശ്രമിയ്ക്കുന്നു.

ദൂരെനിന്നു തന്നെ മുഖത്തെ മന്ദഹാസം വ്യക്തമായി.

അടുത്തെത്തി.

സുലേഖ എഴുന്നേറ്റ് ഭവ്യതയോടെ മാറിനിന്നു. മനം നിറഞ്ഞ ഒരു പുഞ്ചിരിയോടെ - യുഗാന്തരങ്ങളായി കാത്തിരിയ്ക്കുന്ന വ്യക്തിയെ സ്വീകരിയ്ക്കുന്ന ഭാവത്തിൽ അവളുടെ ഹൃദയം പൂത്തു.

മോളിരിയ്ക്ക്.

അയാൾ ഇരുന്നു. തൊട്ടടുത്തു തന്നെ അവളും ഇരുന്നു.

"സിംഹാസനത്തിൽ രണ്ടു പേർ!"അതും പൂർണ്ണമായ ഏകമനസ്സോടെ.

സ്ക്കൂൾ നേരത്തെ വിട്ടോ?

ഇല്ല. ഞാൻ വേഗം നടന്ന് വന്ന് എന്റെ ജോലികൾ തീർത്തു.

സന്തോഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, പാറയ്ക്കും, പരിസരത്തും എന്തിന്, പുഴയ്ക്കുപോലും ദുഃഖഭാവം!

ഒരു വേനൽ മഴയ്ക്ക് ആകാശം കോപ്പു കൂട്ടുന്നു.

പെയ്യുമോ ആവോ?

അയാൾ ഓർമ്മകളിൽ തപ്പിത്തടഞ്ഞ് ശ്രീ നാരായണ ഗുരുദേവന്റെ ആത്മോപദേശത്തിലെ ആദ്യത്തെ നാലു വരി ശ്ലോകം മൂളി.

"അറിവിലുമേറി അറിഞ്ഞീടുന്നവൻ തൻ

ഉരുവിലുമൊത്തു പുറത്തുമുജ്ജ്വലിയ്ക്കും

കരുവിനു കണ്ണുകളഞ്ചുമുള്ളടക്കി

ത്തെരുതെരെ വീണു വണങ്ങി ഓതിടേണം"

"എനിയ്ക്ക് അർത്ഥം മനസ്സിലാകുന്നില്ല" സുലേഖ ആവലാതി പറഞ്ഞു.

"ദർശിയ്ക്കൂ. എന്നിട്ട് പഠിപ്പയ്ക്കു. എങ്കിൽ—

കളകൾ മുളയ്ക്കില്ല. പിറ്റേന്ന് അദ്ദേഹം ഒരു കഥ പറഞ്ഞു.

എനിയ്ക്ക് മുമ്പേ പറഞ്ഞു പോയവരുടെ കഥ. അത് നീ കേൾക്കണം.

രിൽ അശ്രുകണങ്ങൾ കണ്ണിൽ നിറച്ച് പറവകളെ നോക്കുന്ന മത്സ്യം!

"എല്ലാം അറിയുകയും അനുഭവിയ്ക്കുകയും ചെയ്തിട്ടും നിരാശമാത്രം. പുതിയ മുഖത്തിലും, പഴയ മനസ്സിലും കൊണ്ടുനടക്കുന്ന മനുഷ്യർ!"

"എല്ലാം കണ്ട് ഭാവഭേദങ്ങളില്ലാതെ ഉദിയ്ക്കുകയും അസ്തമിയ്ക്കുകയും ചെയ്യുന്ന സൂര്യചന്ദ്രന്മാർ"

"പൂക്കളെ വാരിയെറിയുന്ന പ്രഭാതം!"

"നക്ഷത്രപ്പൂക്കളെ ആകാശത്തിൽ തട്ടിപ്പരത്തിയ രാത്രി,"

"ഞാൻ യാഥാർത്ഥ്യമല്ല. യാഥാർഥ്യത്തിലേക്കുള്ള പാത ഇനിയം ദൂരെ....കുന്നുകളേയും, നിഴലുകളേയും ഇനിയും തിരിച്ചറിഞ്ഞില്ലെങ്കിൽ ഒരുപാടു വൈകും,"

കുറെ എല്ലുകളും ഞരമ്പുകളും നവദ്വാരങ്ങളുള്ള ഒരു കീറതുണിയിൽ ഇനിയും കടന്നു കയറേണ്ടി വരും.

"ഇരുട്ടറയിലെ ഒമ്പത് മാസങ്ങൾ!

ചൂടും, തണുപ്പും, തട്ടലും, മുട്ടലും സഹിച്ച് കഴിയണം.

"പുറത്തു കടന്നാൽ അകത്തെ വിശേഷങ്ങൾ മറക്കും"

വീണ്ടും വസന്തങ്ങൾ, ഗ്രീഷ്മങ്ങൾ!

ചക്രം തിരിയും.

നീന്തുന്നവ, പറക്കും. ആകാശത്തിൽ വിശ്രമമൊരുക്കും.

സുലേഖ വായും പൊളിച്ചിരുന്നു. അവൾക്കൊന്നും മനസ്സിലായില്ല!

പടിഞ്ഞാറെ ചെരുവിൽഅന്തിക്കതിരോൻ ഉറങ്ങാൻ വട്ടം കൂട്ടുന്നു.

ഇരതേടി അലഞ്ഞ പക്ഷികൾ മരക്കൊമ്പുകളിൽ ചേക്കേറുന്നു.

അയാൾ പുഞ്ചിരിയോടെ അവളെ നോക്കി.

സമയമായില്ലേ - അമ്മ കാത്തിരിയ്ക്കും.

അമ്മയ്ക്ക് കൂട്ട് ഏകാന്തതമാത്രം....

ഗാനങ്ങളുടെ ഈണം മനസ്സിലാവാതെ നാളേയ്ക്ക് എന്ന് സങ്കൽപ്പിച്ച് സുലേഖ എഴുന്നേറ്റു.

അല്ലെങ്കിലും, സുലേഖയ്ക്ക് ഗാനങ്ങൾ ഇഷ്ടമായിരുന്നു. എത്ര കേട്ടാലും മതിവരാത്ത ഭ്രമം

നമുക്കു വെളിച്ചം തരേണ്ടവൻ കൃത്യ സമയത്ത് തന്നെ കടന്നു കളഞ്ഞു. നാളെ കാണാം...അയാൾ അവളെ നോക്കി പറഞ്ഞു.

**കവിത**

# പ്രണയസൂര്യൻ



സ്മിത അരവിന്ദ്



കർണ്ണികാരങ്ങളാംസൗവർണ്ണസുന്ദര
കമ്പളം നീർത്തിയമേടരാവിൽ.
പ്രണവമാംഓങ്കാരനാദമായ് നിൻ സ്വരം
കർണ്ണപുടങ്ങളിൽഅലയടിക്കെ,
ജൻമജൻമാന്തരപുണ്യം പോലാ നാദം
ആത്മാവിലുൾച്ചേർന്നലിഞ്ഞുനിൽക്കെ,
പൂവിട്ടുഞാനൊരു പൊൻചെമ്പകത്തിന്റെ
സൗഗന്ധികങ്ങളാംലാവണ്യമായ്
നിഴൽവീണ വനികളിൽഉദയമെത്തി.
അഴൽതോർന്നൊരാത്മാവിൽതുടിമുഴങ്ങി.
പ്രണയത്തിൻമാസ്മരരാഗ ഭാവങ്ങളിൽ
ശ്രീരാഗമായ്ഞാനലിഞ്ഞൊഴുകി.
തേച്ചുമിനുക്കിയൊരർച്ചനാ ദീപമായ്
തിരിയിട്ടുഞാനെന്നെ ദീപ്തമാക്കി.
ആർദ്രതാളങ്ങളാലെൻമനതാരിൽ നീ
പ്രണയകാവ്യങ്ങൾരചിച്ചു നൽകി.
സായന്തനാ യിൽമുങ്ങിനാം ആഴിതൻ
പ്രണയസല്ലാപങ്ങൾകേട്ടിരിക്കെ,
കാതോരംഎത്തിയകാറ്റെന്നെ കൊഞ്ചിച്ചു
കവിതയൊന്നുണ്ടോ നിൻ നയനങ്ങളിൽ.
തരളിതമായൊരു ക്ഷണമാത്രമെന്നുടൽ
കടലിന്റെചുണ്ടിലും നിറപുഞ്ചിരി.
അഞ്ചിതശോ യാൽകൈനീട്ടി നമ്മെയാ
പ്രണയാർക്കബിംബം പുണർന്നു നിൽക്കെ,
ഞാനന്നു പൂത്തൊരു പൂവല്ലിയായ്
നീയെന്റെകവിതയ്ക്കുതാളമായി.

**കവിത**

# “ശരിയായദിക്കിലേക്കണയൂ”



രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

മനസ്സേ! നീ പന്തയകുതിരപ്പോലെ,
തുള്ളിക്കളിച്ചു മതിച്ചിടേണ്ട!
ഒരുവഴി, പെരുവഴിയുണ്ടു മുന്നിൽ
ശരിയായ ദിക്കിലേക്കണയൂ വേഗം
പലപല നിറവും, ദുർ, മാർഗ്ഗങ്ങളും
മുന്നിൽ നിരന്നു കിടപ്പുതുണ്ടേ!
അതിലോ അതിന്റെ വഴികളിൽ-പോയാൽ
അമരും നിൻ ജീവിതം നാശമാക്കും
മനസ്സേ, നീ പന്തയക്കുതിരപ്പോലെ
തുള്ളിക്കളിച്ചു മതിച്ചിടേണ്ട
ഇപ്പോഴാരോഗ്യ-ത്തടിമിടുക്ക്
എപ്പോഴും കൂടെയുണ്ടാകയില്ല
നീതിയും ബോധവും സത്യ മര്യാദയും
പാലിച്ചു ശീലം വളർത്തുകിൽ, നീ
ജേതാവിനെപ്പോലെ മുന്നിൽ നീങ്ങാം
നിന്നെ വാഴ്ത്തീടുവാനാളുമുണ്ടാം
മനസ്സേ, നീ പന്തയക്കുതിരപ്പോലെ
തുള്ളിക്കളിച്ചു മതിച്ചിടേണ്ട
ചുറ്റുപാടിലും നിരന്നു കാണും
ലഹരിമരുന്നിനടിമപ്പെടല്ലേ
ഒരുവഴി പെരുവഴിയുണ്ട് മുന്നിൽ
ശരിയായ ദിക്കിലേക്കണയൂ വേഗം

കഥ





അരുൺദാസ് കുന്നത്ത്

# റെഡ് റോസ്

ഗൗതം അക്ഷമയോടെ നിരഞ്ജനയുടെ ഓഫിസിലേയ്ക്ക് വിളിച്ചു.

അവിടെ ആരും ഫോൺ എടുക്കുന്നില്ല. വീണ്ടും നിരഞ്ജനയെ വിളിച്ചു. ഫോൺ ഓഫ് തന്നെ. സമയം കടന്നു പോയ്ക്കൊണ്ടിരുന്നു. ഒരുപാടു പേർ വന്നും പോയും ഇരുന്നു. പക്ഷേ അവൾ മാത്രം വന്നില്ല.

ഗൗതം നിരാശയോടെ, സങ്കടത്തോടെ താൻ അവൾക്കു വേണ്ടി വാങ്ങിയ ബൊക്കയിലേക്ക് നോക്കി. ഒരു നിമിഷം ആലോചിച്ചു. അവളുടെ കൂടെ ചിലവഴിച്ച നിമിഷങ്ങൾ. ഈ ഒരു ദിവസത്തിനു വേണ്ടിയുള്ള കാത്തിരിപ്പ്, ഇന്ന് അവളോട് പറയാനിരുന്ന തന്റെ പ്രണയം.

സമയം കടന്ന് പൊയ്ക്കൊണ്ടിരുന്നു. കാത്തിരിപ്പ് മടുത്ത് നിരാശയോടെ ഗൗതം എഴുന്നേറ്റു.

താൻ അവൾക്ക് വേണ്ടി വാങ്ങിയ ബൊക്കയിലേക്ക് ഒരു പ്രാവശ്യം കൂടി നോക്കി. പിന്നെ അത് മേശപ്പുറത്ത് വച്ചു. ഗൗതം പുറത്തേക്കിറങ്ങി. മുമ്പിലുണ്ടായിരുന്ന റോഡ് മുറിച്ചു കടന്നു. അപ്പോഴാണ ഗൗതം തന്റെ മുന്നിലിരുന്ന ഒരു പ്രണയജോഡികളെ കണ്ടത്.. അവരുടെ കളിയും, ചിരിയും, പ്രണയ സ്വരങ്ങളും ഗൗതമിനെ സ്പർശിച്ചു. അയാൾ അത് നോക്കിക്കൊണ്ട് ആലോചനയിലാണ്ടു.

അതേ സമയം നിരഞ്ജനയും, ഗൗതമിനു കൊടുക്കാൻ ഒരു ഗിഫ്റ്റ് വാങ്ങാൻ വേണ്ടി ടൗണിൽ അലയുകയായിരുന്നു. ഒരു പാട് കടകളിൾ ഗിഫ്റ്റുകൾ നോക്കി. പക്ഷേ അതൊന്നും അവളെ സ്വാധീനിച്ചില്ല.

വളരെയധികം വിലകൂടിയ തരം ഗിഫ്റ്റ് വാങ്ങാനുള്ള അലച്ചിലിനിടയിൽ തന്റെ ഫോൺ നഷ്ടപ്പെട്ട കാര്യം നിരഞ്ജന അറിഞ്ഞിരുന്നില്ല. ഒടുവിൽ തന്റെ മനസ്സിനിണങ്ങിയ തരത്തിലുള്ള ഒരു ഗിഫ്റ്റും കാണാതെ അവൾ തിരിച്ചു നടക്കുമ്പോഴാണ് ഒരു പൂക്കടയിൽ വെച്ചിരുന്ന ഒറ്റത്തണ്ടോടുകൂടിയ ഒരു റെഡ് റോസ് അവളുടെ കണ്ണിലുടക്കിയത്. തനിയ്ക്ക് കാത്തിരുന്നതു പോലെ ഉടനെ തന്നെ അവൾ ആ പുഷ്പം വാങ്ങി. അവൾ ഗൗതം വരാൻ പറഞ്ഞിരുന്ന ആ റസ്റ്റാറന്റിലേക്കോടി. റസ്റ്റാറന്റിന് കുറുകെയുള്ള റോഡിൽ ആലോചനയിലാണ്ടു നിന്നിരുന്ന ഗൗതം മുന്നിൽ നിൽക്കുന്ന നിരഞ്ജനയുടെ സാമിപ്യം അറിഞ്ഞില്ല.

നിരഞ്ജന ഓടിയെത്തി. റസ്റ്റാറന്റിൽ ഗൗതം പറഞ്ഞ സീറ്റിനരുകിലെത്തിയപ്പോൾ ഗൗതമിനെ കണ്ടില്ല.

പെട്ടെന്ന് ഒരു ബൊക്ക നിരഞ്ജനയുടെ കണ്ണിൽപ്പെട്ടു.

ഗൗതം തന്നെ കാണാതെ മടങ്ങിപോയിട്ടുണ്ടീകും. അവളുടെ കണ്ണുകൽ നിറഞ്ഞു. കൈകൾ വിറച്ചു.

ഗൗതമിനു വേണ്ടി കൊണ്ടുവന്നിരുന്ന ആ ചുവന്ന പുഷ്പം അവളുടെ കൈയ്യിൽനിന്നും താഴോട്ട് ഊർന്നു വീണു.

ഒരു നിമിഷം അവൾ അവിടെ ഇരുന്ന് നിശ്ശബ്ദമായി തേങ്ങി.

പിന്നീട് അവിടെയിരുന്ന ആളിനെ കുറിച്ചന്വേഷിക്കാൻ കൗണ്ടറിനരികിലേക്ക് അവൾ നടന്നു.

ഗൗതം നിൽക്കുന്നിടത്ത് നിന്ന് ഒരു പ്രാവശ്യം കൂടി താൻ റസ്റ്റാറന്റിൽ ബുക്ക് ചെയ്ത സീറ്റിലേക്ക് നോക്കി.

അപ്പോഴും അവളവിടെയുണ്ടായിരുന്നില്ല.

വീണ്ടും ഫോണെടുത്ത് നിരഞ്ജനയെ വിളിച്ചു.

പതിവ് പല്ലവി തന്നെ. സ്വിച്ച് ഓഫ്.

ഗൗതം കാത്തിരിപ്പിൽ നിന്നുണ്ടായ അമർഷത്തോടെ ഫോണെടുത്ത് റോഡിലേക്കെറിഞ്ഞു.

ഓം നമശ്ശിവായ

# ആത്മപ്രഭാലയ ജപധ്യാന പരിശീലന സമിതി

## കോട്ടൂളി

ഗുരുവാക്യങ്ങൾ



വിശ്വാസം നഷ്ടപ്പെട്ടാൽ
സത്യം നഷ്ടപ്പെടും.
സത്യം നഷ്ടപ്പെട്ടാൽ
നിയമം നഷ്ടപ്പെടും
നിയമം നഷ്ടപ്പെട്ടാൽ
നിയന്ത്രണങ്ങൾ നഷ്ടപ്പെടും
സത്യവും ധർമ്മവും നീതിയും
നിഷേധിച്ചാൽ സ്വാർത്ഥതയ്ക്കും
വ്യാമോഹത്തിനും അനീതിക്കും
ആക്രമണത്തിനും അടിമപ്പെടും.
അന്ധവിശ്വാസം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ വിശ്വാസം എന്ത്?
അനാചാരം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ ആചാരം ഏത്?
ക്ഷേത്രവും മനുഷ്യനും തമ്മിൽ-
ഉള്ള ബന്ധം എന്ത്?
ക്ഷേത്രത്തിന്റെ ഉദ്ദേശം എന്ത്?
ലക്ഷ്യം എന്ത്?
യുക്തിവാദം എന്നാൽ എന്ത്?
യുക്തി ഇല്ലാത്തതാർക്ക്?
ജീവിതം എന്ന സത്യം എന്ത്?
ജീവിതം നിയന്ത്രണവിധേയമായി
നിലനിർത്തുവാൻ എന്തു ചെയ്യണം?
ജനാധിപത്യം എന്നാൽ എന്ത്?
ഇവിടെ നടക്കുന്നത് എന്ത്?
മയക്കാനും മരവിപ്പിക്കാനും
ഉള്ളതല്ല ജീവിതം.
ചിന്തിക്കുവാനും പ്രവർത്തിക്കുവാനും
ഉള്ളതാണ് ജീവിതം.
സംഘടിക്കുന്നതും ശക്തരാകുന്നതും

എന്തിനു വേണ്ടി?
സ്വാർത്ഥതക്കും, അഹങ്കാരത്തിനും
അനീതിക്കും, അക്രമത്തിനും വേണ്ടിയോ?
സത്യത്തിനും ധർമ്മത്തിനും
നീതിക്കും വേണ്ടിയോ?
ഈ ഭൂലോകം ആർക്കും ശാശ്വതമല്ല.....
ഒരു ഭരണകൂടവും ശാശ്വതമല്ലല്ല.....
ഒരു മതവും ശാശ്വതമല്ല.....
പ്രകൃതി നിയമം മാത്രമേ നിലനിൽക്കുകയുള്ളു.....
ഋഷി നിർമ്മിതം തത്വം
ഭാരതത്തിലെ ദീപമായ്
ആദരിച്ചീടുവിൻ മക്കൾ
അണയ്ക്കാതെ കൊളുത്തുവിൻ
മാതൃപാദത്തിലെത്തീടാം
തത്വം സത്യത്തിൽ എത്തുമ്പോൾ
ലോകമാകെ നിറഞ്ഞീടും
അതങ്ങ് അനുഭവിച്ചീടുവാൻ
ഗുരുധാരയിൽ മുങ്ങുക
ഗുരുവെ നിന്ദിക്കരുതൊട്ടും
വന്ദിച്ചീടുക മക്കളെ
ഗുരുവിൽ തെറ്റു കാണുന്നോർ
അഹങ്കാരികളായിടും
അഹങ്കാരമുള്ള ചിത്തത്തിൽ
ശാന്തിയില്ല ഇതു നിശ്ചയം.
(ശിവയോഗിനി മാത)
വിദ്യകൊണ്ട് പ്രബുധ്രാകുന്ന
വിദ്യ ഏത്?
സംഘടിച്ചു ശക്തരാകുന്ന
സംഘടന ഏത്?
വായിച്ചു തളരുന്നതാര്?
വായിച്ചു വളരുന്നതാര്?
ഏകമായ വിശ്വാസത്തിൽ
വിശ്വാസം മാത്രം പോരാ
ഏകമായസത്യത്തിന്റെ
പ്രവർത്തനത്തിന്റെ രീതി
തിരിച്ചറിവുണ്ടാകണം
ക്രിയാത്മകമായ സത്യം ഇവിടെ
ഉടലെടുക്കുമ്പോൾ ഒരുവിധത്തിലും
പ്രവർത്തിക്കുവാൻ കഴിയാത്തവിധം
ആണിയടിച്ച് ഉറപ്പിച്ചതാരാണ്
കലികാലം എന്നാൽ എന്ത്
കാലക്രമേണ ക്ഷയിക്കുന്നതാരാണ്
തക്ഷകൻ കലികടിക്കുന്നതാരെയാണ്?
തക്ഷകൻ കടിച്ചാൽ എന്തു സംഭവിക്കും
ബോധം നഷ്ടപ്പെടും
ബോധം നഷ്ടപ്പെട്ട ഭരണാധികാരികൾ
ബോധമില്ലാത്ത ഭരണം കാഴ്ചവയ്ക്കും.
സ്വന്തമായി ചിന്തിക്കുവാനും
പ്രവർത്തിക്കുവാനും ഓരോ വ്യക്തിക്കും
അവകാശമുണ്ട്.
ഭൂരിപക്ഷവും സ്വാർത്ഥതക്കും, വ്യാമോഹത്തിനും,
അക്രമത്തിനും, അനീതിക്കും അടിമപ്പെട്ടാൽ?....
സത്യവും, ധർമ്മവും, നീതിബോധവുമുള്ളവർ
ഭൂരിപക്ഷത്തെ അനുസരിക്കണം എന്നു -
പറയുന്നത് ഏത് നിയമമാണ്.
നിയമം സംരക്ഷണത്തിനുള്ളതാണ്
അടിച്ചമർത്താനുള്ളതല്ല.


**ആശംസകളോടെ**



**എം. മോഹൻദാസ്**
**സുക്തസുധനിലയം**
**അരക്കോട്ട് പറമ്പ്**
**പി.ഒ. കോട്ടൂളി**
**കോഴിക്കോട് - 16**
**ഫോൺ**: 9744960052

നിരഞ്ന വീണ്ടും പഴയ സീറ്റിൽ വന്നിരുന്നു.

അവൾ മ്ലാനവതിയായിരുന്നു. ഗൗതമിനെ വളരെയധികം കാത്തിരിപ്പിച്ചു മുഷിപ്പിച്ചതിൽ മനസ്സിൽ കുറ്റബോധം തോന്നി

ഗൗതം നൊമ്പരത്തോടെ തിരിഞ്ഞു നടന്നു.

പിന്നിൽ നിന്ന് ഒരു വണ്ടിയുടെ അതിശക്തമായ ഹോൺ കേട്ട് ഞെട്ടിതിരിഞ്ഞു നോക്കുന്നതിനിടയിൽ താൻ ബുക്ക് ചെയ്ത സീറ്റിലേക്കും ഗൗതമിന്റെ കണ്ണുകൾ പരതി.

അവിടെ ഒരു സ്ത്രീ രൂപം തലകുനിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു.

ഒറ്റ നോട്ടത്തിൽതന്നെ ഗൌതമിന് മനസ്സിലായി അത് തന്റെ നിരഞ്ജനയാണെന്ന്.

റോഡിലെ വാഹന തിരക്ക് മറന്ന് ഗൗതം ഓടി.

ചീറിപ്പാഞ്ഞുവന്ന ഒരു ലോറി ഹോൺ അടിച്ചുകൊണ്ട് ഗൗതമിന് തൊട്ടടുത്ത് വന്ന് നിന്നു.

ഗൗതം ഒരു സ്വപ്നലോകത്തിൽ സഞ്ചരിക്കുകയായിരുന്നു.

ചീറിപ്പാഞ്ഞു വരുന്ന വാഹനങ്ങൾക്ക് നടുവിലൂടെ റോഡ് മുറിച്ചു കടന്ന് റസ്റ്റാറന്റിന്റെ ഡോർ തള്ളിതുറന്ന് അയാൾ അവൾക്കരുകിലെത്തി.

തൊട്ടടുത്ത് കാൽപ്പെരുമാറ്റം കേട്ട് നിരഞ്ജന തലയുയർത്തി നോക്കി. പിന്നീട് നനവാർന്ന കണ്ണുകളോടെ വിക്കി വിക്കി എന്തോ പറയാനാരംഭിച്ചു.

അവൾ തനിയ്ക്ക് വേണ്ടി കൊണ്ടുവന്നിരുന്ന 'റെഡ് റോസ്' നിലത്ത് നിന്ന് അവൻ സാവധാനം കുനിഞ്ഞെടുത്തു നിരഞ്ജനയുടെ മുഖത്തേയ്ക്ക് സുദീർഘമായി ഒന്നു നോക്കി.

അവൾ എന്തോ പറയാനായി ചുണ്ടു ചലിപ്പിച്ചു.

അവളുടെ വായ്പൊത്തി തടഞ്ഞുകൊണ്ട് ഗൗതം പറഞ്ഞു.

"ഈ "റെഡ് റോസ്" അതെന്നോട് എല്ലാം പറഞ്ഞു."

നിരഞ്ജന അവനെ മാറോട് ചേർത്ത് പുൽകി.

അപ്പോഴും അവന്റെ ചെവികളിൽ ലോറിക്കാരന്റെ ചീത്തവിളി ശബ്ദം പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. ■

കവിത

# മരണപാനം



ജോസഫ് പൂതക്കുഴി

ഭൂവിതിൽ സ്വർഗ്ഗമാകേണ്ട
കുടുംബങ്ങളെ നരകതുല്യമാക്കി
മാറ്റീടുന്നു മദ്യാസക്ത്തർസ്വാർത്ഥമതികൾ
സ്വന്തം സുഗംതേടുമവർകുടുംബ-
ബന്ധങ്ങളെ ശിഥിലമാക്കി, കുട്ടികളെ
പട്ടിണിയാക്കിയനാഥരാക്കിമാറ്റീടുന്നു.
അമ്മ പെങ്ങന്മാരെ കണ്ണീരിലാഴ്ത്തി
തീരാത്ത ദുഃഖത്തിലാഴ്ത്തി, കുടിച്ചു
കൂത്താടിനടക്കുന്നു മദ്യപന്മാർ, വീണു
കിടക്കുന്നു ചിലർകടത്തിണ്ണയിലുമോടയിലും
ദൈവത്തിൻ സ്വന്തം നാടിതു കേരളം
നമ്മുടെ കേരളം സുന്ദര കേരളം
മദ്യവും മയക്കുമരുന്നുകളും മാറ്റിടുന്നീ-
സുന്ദരകേരളത്തിൻ ചാരുതയെ.
സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന
നമ്മുടെ സംസ്ഥാനമതിൻ മഹത്വത്തെ
ഇല്ലാതാക്കി സംസ്ക്കാരശൂന്യമാക്കി
കേരളപെരുമയെ താഴ്ത്തിക്കെട്ടുന്നു മദ്യപാനികൾ
മദ്യം വിഷമാണതുണ്ടാക്കരുത്
കുടിക്കരുത് വിൽക്കരുതതുനാടു
മുടിക്കു മെന്നു നമ്മോടോതിയ ഗുരുവരന്റെ
മഹത് വചനങ്ങളെ കാറ്റിൽപ്പറത്തി
മദ്യശാലകൾ നാട്ടിലെമ്പാടും വിളമ്പീടുന്നു
വിദേശ സ്വദേശി മദ്യങ്ങളിഷ്ടംപോലെ
കുടിച്ചു മദിച്ചു മരിക്കുന്നിവിടെ
കരൾ പുകഞ്ഞും ഹൃദയം തകർന്നും
കുടൽ കരിഞ്ഞും വൃക്കകൾ നിശ്ചലമായും
മരിക്കാതെ മരിച്ചീടുന്നു ജീവശ്ശവങ്ങൾ.
കുടിയേറിമരിക്കുന്നിവിടെ ചെറുപ്രായ-
ക്കാർക്കൊപ്പം പ്രായമേറിയവരും ചെറു-
ബാലകന്മാരും വിശ്വസിക്കാൻ വിഷമമേറെ
യെന്നാലും വിശ്വസിച്ചേ പറ്റൂ, വാർത്ത
വന്നതാണു പത്രത്തിൽ, ടെലിവിഷനിൽ
വീട്ടിലച്ഛൻ കുടിച്ചുവെച്ച വിദേശമദ്യ
ക്കുപ്പിയിലശേഷിച്ച മദ്യമപ്പടി വെള്ളം
തുള്ളിപ്പോലും ചേർക്കാതെമോന്തിമകൻ
എട്ടുവയസ്സു പ്രായക്കാരൻ വീട്ടിലാരുമില്ലാത്ത
നേരത്ത്, കാലപുരിപൂകിയിളം പ്രായത്തിൽ.
ന്യൂജനറേഷൻ സിനിമയും, ടിവിയും
കാട്ടിക്കൊടുക്കുന്ന മായിക പ്രപഞ്ചത്തില-
കപ്പെട്ടുപോകുന്നനുകരണഭ്രമത്തിൽ
വിവേകംവന്നുറയ്ക്കാത്ത കൗമാരപ്രായത്തിൽ.
രക്ഷപ്പെടണം നമ്മുടെ കൗമാരപ്രായക്കാർ
ചെറുപ്പക്കാർലഹരിതൻപ്പിടിയിൽനിന്നു-
മതിനായിക്കിട്ടാതാകണം ലഹരിവസ്തുക്കളീനാട്ടിൽ
പൂട്ടണം ബാറുകൾ ഷാപ്പുകളീനാട്ടിൽ
ശാപകേന്ദ്രങ്ങളെക്കീലീനാടു രക്ഷപ്രാപിച്ചിടും
മാറിടും കുടുംബങ്ങളിൽ നരകയാതനകളും.!!

ലേഖനം



വിനോദ്കുമാർ
ദാമോദർ

# പെരുവണ്ണാമുഴി ടൂറിസ്റ്റുകൾ എത്താത്ത ടൂറിസ്റ്റ് കേന്ദ്രം




ഇന്ന് ടൂറിസത്തിന്റെ കാര്യം പറയുമ്പോൾ തന്നെ കോഴിക്കോട്ടെത്തുന്നവർ ചിന്തിക്കുന്ന സ്ഥലം വയനാടാണ്. അതുകൊണ്ടു തന്നെ വർദ്ധിച്ചുവരുന്ന ടൂറിസം വയനാടിനെ നാശത്തിലേയ്ക്ക് നീക്കിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിൽതന്നെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടൂറിസ്റ്റുകൾ എത്തിപ്പെടാതിരിക്കുമ്പോൾ വയനാട്ടിലേയ്ക്ക് ടൂറിസ്റ്റുകൾ ഒന്നടങ്കം പോകുന്നത് അവിടെ വൻ റിസോർട്ടുകളും ബഹുനിലകളുള്ള കെട്ടിടങ്ങളും നിർമ്മിക്കാൻ കാരണമാകുന്നു. എന്നാൽ പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത തരത്തിൽ ടൂറിസം നടപ്പാക്കുവാൻ ഉതകുന്ന പത സ്ഥങ്ങളും കോഴിക്കോട് ജില്ലയിൽതന്നെയുണ്ട്.

ഇതിൽ ഒന്നാണ് ജില്ലയിൽ അധികമാരും എത്തിപ്പെടാത്ത പെരുവണ്ണാമൂഴി. നഗരത്തിൽനിന്നും ഏകദേശം അറുപത് കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് ഏറ്റവും ആകർഷണീയത പെരുവണ്ണാമുഴി അണക്കെട്ടുതന്നെ. കൊടും വേനലിൽ ജില്ല ചുട്ടുപൊള്ളുമ്പോഴും പെരുവണ്ണാമുഴി അണക്കെട്ടുതുറന്നുവിടുമ്പോൾ ഒഴുകിവരന്ന ജലത്തിൽ ജില്ലയിലെ പകുതിയിലധികം വരുന്ന സ്ഥലത്തെ കൃഷി ആവശ്യം നിറവേറുന്നു. ഈ സമയത്ത് ജലമൊഴുകുന്ന കാഴ്ചയും ഒരു വെള്ളച്ചാട്ടംപോലെ അതിസുന്ദരം.

ഇപ്പോൾ കോഴിക്കോട് നഗരത്തിലേയ്ക്ക് ജലമെത്തിയ്ക്കുന്ന ജപ്പാൻ ബാങ്ക് ഓഫ് ഇന്റർ നാഷണൽ കോർപ്പറേഷൻ പദ്ധതിയും പെറുവണ്ണാമുഴിയിൽ നിന്നാണ് ജലം കണ്ടെത്തുന്നത്. വളരെ മുൻകാലത്തിൽ നിർമ്മിച്ച പെറുവണ്ണാമുഴി അണക്കട്ടു ജലം മലപ്പുറം ജില്ലയിലേയ്ക്കും വെള്ളമെത്തിയ്ക്കാൻ പദ്ധതിയായി വരുന്നു, ഒപ്പം വയനാട്ടിലേയ്ക്കും. കേരളത്തിലെ ഏറ്റവും സുന്ദരമായ അണക്കെട്ടുകളിൽ ഒന്ന് എന്ന് വിശേഷിപ്പിയ്ക്കപ്പെടാവുന്ന അണക്കെട്ടായ പെരുവണ്ണാമുഴിയുടെ ചരിത്രപരമായ പാരമ്പര്യം കണക്കിലെടുത്ത് ഇവിടെനിന്നും കോഴിക്കോട്ടേയ്ക്ക് ജലമെത്തിയ്ക്കുന്ന പദ്ധതിയ്ക്ക് ആദ്യം എതിർപ്പുകളുണ്ടായിരുന്നു. പദ്ധതി അണക്കെട്ടിന് ഏതെങ്കിലും തരത്തിൽ ബാധിയ്ക്കുമോയെന്ന 2012 ൽ ഉയർന്നുവന്ന ആശങ്കയായിരുന്നു ഇതിനു കാരണമായിവന്നത്.

സുന്ദരമായ കരമന തോട്പ്പുഴയ്ക്ക് കുറുകെ നിർമ്മിയ്ക്കപ്പെട്ട അണക്കെട്ട് കഴിഞ്ഞാൽ വനം വകുപ്പിന്റെ വന്യജീവി പുനരധിവാസ കേന്ദ്രം കാണാം. അധികം ആരും അറിയപ്പെടാത്ത ഇവിടെ മുതലകളാണേറ്റവും ആകർഷണം. ഈ സ്ഥലത്തെ മുതല വളർത്തു കേന്ദ്രം എന്നാണറിയപ്പെടുന്നത്. ഇതും ഒരു ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാക്കുവാനുള്ള സാധ്യത പട്ടികയിലുള്ള ഒരിടമാണ്. ഇവിടത്തെ ഏറ്റവും വലിയ പ്രത്യേകത ഇതിന്റെ അരികിൽകൂടെ അണക്കെട്ടിന് ആവശ്യമായ വെള്ളം നൽകി കഴിഞ്ഞ് പുഴ പിന്നേയും മുന്നോട്ട് ഒഴുകുന്നുവെന്നുള്ളതാണ്.

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ



അർപണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022
സി.എം. സുന്ദരൻ – 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർ ഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്





സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 6069956



# M.R Bakery & Sweets




Puthiyapalam Road, Calicut - 2
Ph: 0495 2306063

സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ,
മിക്ചർ, ബനാനചിപ്സ്, സ്നാക്സ് മിതമായ നിരക്കിൽ

ചികിത്സക്കും ആയുർവേദ ഔഷധങ്ങൾക്കും

# KODAPPALLY AYURVEDA PHARMACY




29/ 1552 A2, Kottooli Centre, Kozhikode - 16
Agency: KACOPS, KOTTOOLI
Mob: എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി
9747868041



എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ

ഇൻഡസ്ട്രീയൽസ്





കാളൂർ റോഡ്, മാങ്കാവ്, കോഴിക്കോട് – 673 007

Mob: 9846 412 070

മുതല വളർത്തു കേന്ദ്രം കഴിഞ്ഞുള്ള പുഴയുടെ മറുഭാഗത്താണ് മലബാർ വന്യജീവി സങ്കേതം. വനത്തിൽ അധികവും ചെറിയ വന്യ ജീവികളേയും പക്ഷിക്കൂട്ടങ്ങളേയും കാണാമെങ്കിലും ഈ വന്യജീവി കേന്ദ്രത്തിനപ്പുറത്തേ വയനാടൻ കാടുകളിൽ നിന്നും പലപ്പോഴും ആനക്കൂട്ടങ്ങൾ ഇവിടെയെത്തുന്നുണ്ട്. ടൂറിസ്റ്റുകൾക്ക് വനത്തിനകത്ത് കയറി വന്യ ജീവികൾക്ക് ഉപദ്രവമുണ്ടാകാത്ത വിധം വനകാഴ്ച കാണാം.

വയനാട് വന്യ ജീവി സങ്കേതത്തിനകത്ത് വരെ വാഹനങ്ങൾ കയറ്റി ടൂറിസ്റ്റുകൾ കടുവകളടക്കമുള്ളവയുടെ ജീവന് വൻ നാശമുണ്ടാക്കുന്ന സംഭവങ്ങൾ ഇവിടെ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.



അണക്കെട്ടിന് മറുവശം പോയാൽ കാണുന്ന കാഴ്ചകളിലൊന്നാണ് കൃഷി വിജ്ഞാന കേന്ദ്രം എന്ന് അറിയപ്പെടുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈന്റിഫിക്ക് റിസറ്ച്ച് എന്ന കേന്ദ്രസർക്കാർ സ്ഥാപനം. പലതരത്തിലുള്ള കൃഷിരംഗങ്ങളിൽ പരിജ്ഞാനം ലഭിയ്ക്കുന്ന ഇവിടം ഒരു ആകർഷണ കേന്ദ്രമാണ്. സംസ്ഥാന സർക്കാറിൽ നിന്നും 100 ഏക്കർ വനഭൂമി 99 വർഷത്തിന് പാട്ടമെടുത്ത് ഇവിടെ കൃഷി വിജ്ഞാന കേന്ദ്രം നടത്തുന്നു. ഇത് കഴിഞ്ഞ് കുറച്ചുകൂടി മുന്നോട്ട് പോയാൽ പിന്നേയും നല്ല വനങ്ങൾ. ചക്കിട്ടപാറയിലെ ഈ വനങ്ങൾ പെട്ടെന്ന് പ്രസിദ്ധമായി മാറിയതാണ്. നിബിഢവനങ്ങൾ മുഴുവൻ നശിപ്പിച്ച് ഇവിടെ ഇരുമ്പയിര് ഘനനം നടത്തുവാൻ നീക്കം നടത്തി. ഈ മേഖലയിലെ മുഴുവൻ പരിസ്ഥിതിയേയും അട്ടിമറിയ്ക്കുന്ന ഇരുമ്പയിര് ഖനനത്തിനെതിരെ വാർത്തകൾ പത്രമാധ്യമങ്ങളും പിന്നീട് നാട്ടുകാരും ഏറ്റെടുത്തപ്പോൾ വൻ വിവാദത്തിന് തിരികൊളുത്തി. ഈ മേഖലയിലെ മുഴുവൻ പരിസ്ഥിതിയേയും അട്ടിമറിയ്ക്കുന്ന ഈ സംഭവം അന്ന് നിർത്തിയില്ലെങ്കിൽ ഉണ്ടായേക്കാവുന്ന ഭവിഷത്തുകൾ താങ്ങാനാവുന്നതിൽ അധികമാകുമായിരുന്നു.

ഇവിടേയും ഭൂപ്രകൃതിയും കാലാവസ്ഥയും ടൂറിസ്റ്റുകൾക്ക് വനയാത്രയ്ക്ക് അനുയോജ്യമാണ്. പരിസ്ഥിതി നാശമുണ്ടാക്കാത്ത ഇത്തരത്തിലുള്ള പദ്ധതികളാണാസൂത്രണം ചെയ്യേണ്ടത്. കഴിഞ്ഞ ദിവസം ബന്ദിപ്പൂർ കടുവ സങ്കേതം വൃത്തിയാക്കിയപ്പോൾ ബിയർകുപ്പികളടക്കം ടൺ കണക്കിന് മാലിന്യങ്ങളാണ് ലഭിച്ചത്. ഇതല്ല യഥാർത്ഥ ടൂറിസം. ഇത് പരിസ്ഥിതി നശിപ്പിക്കലാണ്. ■

Mob: 0495 2700505
Kovai Classic
Gold Testings
An ISO 9001 - 2008 Certified Company
Fire Assay
www.iaf.nu
UKAS MANAGEMENT SYSTEMS
13/230 -F, Kammath Lane, 1st Floor, Mele Palayam Road, Calicut - 673 001

# ചെമ്പരത്തിപ്പൂക്കൾ

(പേജ് 19 തുടർച്ച)

തൂത്തു മാറ്റൂ".

അവൾ ദീർഘമായൊന്നു നിശ്വസിച്ചു

ഹൃദയം നിറഞ്ഞു തുളുമ്പുന്നു....

"ലോകത്തിലെ ഏറ്റവും മഹത്തായ ജോലി ഏതാണെന്നറിയാമോ?".

ഇല്ലെന്നവൾ തലയാട്ടി.

നീ ചെയ്യുന്നത് തന്നെ. അദ്ധ്വാനം. അതിന്റെ മഹത്വം മറ്റൊന്നിനുമില്ല.

കള്ളന് കക്കാൻ കഴിയില്ല. കുറഞ്ഞു പോവില്ല. കൊടുക്കും തോറും ഏറീടും. അഭിമാനിയ്ക്കൂ. ആ സങ്കൽപ്പശക്തിയ്ക്ക് നന്ദിപറയൂ.

കൂടുതൽ, കൂടുതൽ ആ ഹൃദയത്തിലേയ്ക്ക് അവൾ ആണ്ടിറങ്ങി. ഇനിയും മുത്തുകൾ ധാരാളം ഉണ്ടാകും.

"നക്ഷത്രങ്ങളിൽ ജീവിക്കുന്നവരെ ഭൂമിയിൽ ജീവിക്കുന്നവർ അറിയണമെന്നില്ല!"

സുലേഖ എന്താണ് ആലോചിയ്ക്കുന്നത്?

അവളൊന്ന് ഞെട്ടി.

അപ്പോഴാണറിഞ്ഞത് താൻ നൈമിഷായണ്യത്തിലായിരുന്നെന്ന്!

പോരു... നല്ല വെയിലാണ്.

ഉച്ചയ്ക്ക് ഇവിടെ നില്ക്കുന്നത് നല്ലതല്ല!

ആ സ്ത്രീ അടുത്തെത്തിയത് അവളറിഞ്ഞില്ല!

വിങ്ങിപ്പൊട്ടി കരയണമെന്നു തോന്നി. കണ്ണീർ വന്നില്ല. കൈയ്യിൽ കരുതിയിരുന്ന ചെമ്പരത്തിപ്പൂക്കൾ ആ കുഴിമാടത്തിന്റെ കാൽക്കൽ സമർപ്പിച്ച് തൊഴുകൈയ്യോടെ, മ്ലാനത പേറിയ മുഖം കുനിച്ച് കൊണ്ട് അവരുടെ പിന്നാലെ നടന്നു.

"സുലേഖ ഒന്നും കഴിച്ചില്ലല്ലോ?..."

വിശപ്പില്ല.

ഞാൻ പോകട്ടെ...

ഒന്നും പറഞ്ഞില്ലല്ലോ!

അവളെല്ലാം തുറന്നു സംസാരിച്ചു. ഹൃദയത്തിന്റെ വിങ്ങലിന് അല്പം ആശ്വാസം കൈവന്നു.

ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു.

ഏട്ടൻ സ്നേഹം ആഗ്രഹിച്ചു. അതിൽ പവിത്രത അനിവാര്യമായിരുന്നു. ഏട്ടന് അതൊരിടത്തും കണ്ടെത്താനായില്ല.

നാടായനാടൊക്കെ ചുറ്റി.

പക്ഷേ-

നിന്റെ ഗ്രാത്തിലെ ചെമ്പരത്തി പൂക്കൾക്ക് തിളക്കമുണ്ടെന്ന് ഏട്ടൻ സൂചിപ്പിച്ചിരുന്നു.

അവൾ യാത്ര പറഞ്ഞു നടന്നു.

തികട്ടി വന്ന അനേകം ചിന്തകളിൽ ഒന്നു പോലും പൂത്തു പരിലസിയ്ക്കാതെ വാടി. ബസ്സ് വന്നു നിന്നു. ഒഴിഞ്ഞ ഒരു സീറ്റിൽ അവൾ ഓരം ചേർന്നിരുന്നു.

സൈലൻസറിൽ ദ്വാരങ്ങൾ വീണതിനാൽ പൊട്ടലും, ചീറ്റലുമായി ആ വയസ്സൻ ബസ്സ് കഷ്ടപ്പെട്ടു മുന്നോട്ടു നീങ്ങി. അവളുടെ മനസ്സ് അവളുടെ ഗ്രാത്തിൽ ചെമ്പരത്തി പൂക്കളെ പരതി.

ചോദിച്ചും, മറുപടി പറഞ്ഞും പല വിഷയങ്ങളും കൈമാറി. എല്ലാറ്റിന്റെ അടിത്തട്ടിൽ അന്തർധാരയായി അത്മീയതയുടെ സാന്നിദ്ധ്യം അവളറിഞ്ഞു.

പരിണാമവിധേയവും, നശ്വരവുമായ പ്രപഞ്ചത്തിന്റെ നിസ്സാരതയെ അദ്ദേഹം ചുരുങ്ങിയ വാക്കുകളിൽ, ചിലപ്പോൾ ഒറ്റ വാക്കിൽ പ്രതിഫലിപ്പിച്ചു!

അന്ന് പോകാൻ തുനിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ വേർപാടിന്റെ നേരിയ വിഷാദം മറച്ചു പിടിച്ചിരുന്നു.

"ഞാൻ പോകുന്നു. നാളെ ഞാൻ ഉണ്ടാവില്ല...!"

"നാട്ടിൽ പോകാണോ?"

അതെ. ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇനി ഇങ്ങോട്ട് വരുമോ? അവളുടെ കണ്ഠം ഇടറുന്നത് അയാൾ ശ്രദ്ധിച്ചു."

ആകാശത്തിന്ന് അതിരുകളില്ല! സങ്കൽപ്പങ്ങൾക്കും! എവിടെ പോകുന്നു.. എന്നു വരും? എല്ലാം അവ്യക്തം. വരും. പച്ചയിൽ ചുവന്ന ചെമ്പരത്തിപ്പൂക്കൾ നിറയുമ്പോൾ; ആ പൂക്കളിലും ചെടികളിലും.,.

"വരണം കാണാതിരിയ്ക്കാൻ കഴിയില്ല."

മതിയായിട്ടല്ല. ആകാശപ്പരപ്പിലേയ്ക്ക് നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

കൈകൾക്ക് വലുപ്പകുറവ്, നെഞ്ചിന് വിശാലത പോരാ. ഇത് രണ്ടും കൂടെ നിറച്ച് ഈ ലോകത്തെത്തന്നെ ആശ്ലേഷിക്കാൻ ഇനിയും ഞാൻ വരും....

നിഷ്ക്കളങ്കത നിറഞ്ഞ നയനങ്ങൾ, അറിവിന് വേണ്ടിയുള്ള ദാഹം, ആർജ്ജിച്ചത് മറ്റുള്ളവർക്ക് പകരാനുള്ള സ്നേഹനിർഭരമായ മനസ്സ്. ഞാനിഷ്ടപ്പെടുന്ന ചെമ്പരത്തിപ്പൂവിന്റെ സൗന്ദര്യം നിന്നിൽ നിറഞ്ഞിരിയ്ക്കുന്നു.

"നീ യുവതിയായത് എന്റെ നഷ്ടമാണ്"

"കുട്ടിയായിരുന്നെങ്കിൽ നിന്നെ ലാളിയ്ക്കാമായിരുന്നു!"

അറ്റം കൂർത്ത നിന്റെ മൂക്കിൻ തുമ്പത്ത് ചെമ്പരത്തിയുടെ പൂമ്പൊടി പരത്താൻ ഒരു ഇളം കാറ്റായി ഞാൻ വരും.

നിന്റെ പാറിക്കളിയ്ക്കുന്ന നീണ്ട മുടിയിഴകൾ തലോടാൻ ഞാൻ ഇനിയും വരും.

ആ വാക്കുകളിലെ ഭാവം അവളുടെ കണ്ണുകളെ ഈറനണിയിച്ചു.

തന്നിൽ നിന്ന് തന്നെ ത്തന്നെ മുറിച്ചു മാറ്റപ്പെടുന്നു!

അയാൾ അവളുടെ തലയിൽ സ്നേഹത്തോടെ തടവി.

പരിസരം മറന്ന് അവൾ അറിയാതെ നിന്നു.

അവളിൽ നിർവൃതി മനസ്സിന്റെ ദുഃഖത്തെ ലഘൂകരിച്ചു.

അയാൾ നടന്നു നീങ്ങിയത് അവളറിഞ്ഞില്ല!

അവസാനത്തെ പാറയുടെ ചരിവിലേയ്ക്ക് അയാൾ തെന്നി നീങ്ങുന്നത് അവൾ കണ്ടു.

ചെമ്പരത്തിപ്പൂക്കൾ കാറ്റിൽ ആടുന്നത് നോക്കി അവൾ നിന്നു! ■

വായിക്കുക...

**നക്ഷത്രരാജ്യം**

**മാസിക**

# ഹജ്ജ് വസ്ത്രത്തിന്റെ പ്രകാശം

(പേജ് 19 തുടർച്ച)

യാത്രമാണ് നാളിതുവരെയായിട്ടും നടത്തിയ ഒരു ദീർഘയാത്ര. അതും ഹജ്ജിന്റെ കാര്യത്തിന്. വിമാനത്തിൽ കയറിയപ്പോൾ ഒന്നു മയങ്ങിപ്പോയി. ആരോവിളിച്ചുണർത്തുന്നു എന്നു തോന്നിയാണ് ഉണർന്നത്. അയാൾ പതുക്കെ പറയുന്നു:

"വിമാനത്തിന്ന് നിങ്ങളുടെ ബേജാറും ബദ്ധപ്പാടും കണ്ടപ്പോ എനിക്ക് വല്ലാത്ത വെഷമം. ബാഗില് രണ്ടുകൂട്ടം ഇഹ്റാമിന്നുള്ള തുണിയുണ്ടല്ലോ എന്നുകരുതിയപ്പം സമാധാനമായി. അതാ ഞാൻ പറഞ്ഞത് എല്ലാം റബ്ബിന്റെ തൗഫീഖ് - നമ്മൾ വിചാരിക്കും പോലല്ല. എല്ലാറ്റിനും അല്ലാഹു ഓരോ വഴി കാണും. അതാ എന്റെ ഒരു ഒറപ്പ്. നടാടെ ഇങ്ങനെ പൊറപ്പെട്ടപ്പോ അതായിനും മനസ്സിന്റെ ഏക കരുത്ത്. പട്ടാമ്പിക്കപ്പുറം കാണാത്ത ഞാനും ഹജ്ജിനു പുറപ്പെട്ടത് റബ്ബിന്റെ കൃപ. ഓന്റെ തണി. ഓന്റെ കാവൽ–"

ജിദ്ദയിലേക്കുള്ള ജംബോ ജെറ്റ് വിമാനത്തിൽ ഞങ്ങൾക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ അടുത്തടുത്തായി വന്നതും യാദൃശ്ചികമായിരുന്നു. വിമാനത്തിലിരിക്കേ എന്റെ മനസ്സിൽ തികട്ടിവന്നതും അയാൾ പറഞ്ഞ കാര്യങ്ങളായിരുന്നു. വിശ്വാസത്തിന്റെ മൂല്യപ്രമാണങ്ങളാണല്ലോ പ്രാകൃതശബ്ദത്തിൽ പട്ടാമ്പിക്കാരനായ ആ അജ്ഞാതനായ ഹാജി മൊഴിഞ്ഞത്. എന്റെ മനസ്സിൽ കുളിരായി ചോർന്നിറങ്ങിയ വാക്കുകൾ, ഞാൻ ചുറ്റിയ ഹജ്ജ് വസ്ത്രത്തിന്റെ പവിത്രത വിളിച്ചോതുന്നവയായിരുന്നു. വിമാനത്തിലെ യാത്രക്കാർ, ഒന്നാകെ ഉച്ചത്തിൽ ചൊല്ലുകയായിരുന്നു: "ലബ്ബക്കല്ലാഹുമ്മ ലബ്ബൈക്ക്.... ലാ ശരീക്കലക ലബ്ബൈക്ക് ..."

ജിദ്ദ എയർപോർട്ടിൽ, ഹജ്ജ് യാത്രാരേഖകൾ പരിശോധിക്കുന്നതിനുള്ള കൗണ്ടറുകളിൽ ഞങ്ങൾ അണിനിരന്നത് വേറെവേറെയായിരുന്നു. യാത്രാരേഖകൾ പരിശോധിച്ച് ഇടനാഴികകളിലൂടെ കടന്നുപോകുന്നത്വരെ എന്റെ ശ്രദ്ധയിൽ അയാൾ ഉണ്ടായിരുന്നു. അദ്ദേഹം തന്റെ വരിയുടെ മുന്നിലെ ഇടനാഴിയിൽ പ്രവേശിച്ചു. പിന്നീട് ആൾകൂട്ടത്തിനിടയിൽ ആ പട്ടാമ്പിക്കാരൻ സുഹൃത്തിനെ എനിക്ക് കണ്ടെത്തുവാനായില്ല. കസ്റ്റംസ് പരിശോധനകൾക്കു ശേഷം എനിക്ക് എന്റെ പെട്ടി തിരിച്ചു കിട്ടി. പെട്ടിയുടെ മുകളിൽ തന്നെ അടുക്കി വെച്ച വസ്ത്രങ്ങളിൽ ഒന്നെടുത്ത് സുഹൃത്തിന്റെ കടംവീട്ടണമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ, ജനത്തിരക്കിനിടയിൽ, പട്ടാമ്പിക്കപ്പുറം അതുവരേയും കണ്ടിട്ടില്ലാത്ത ആ മനുഷ്യനെ കണ്ടുപിടിക്കാനുള്ള എന്റെ ശ്രമം പരാജയപ്പെട്ടു. എയർപോർട്ടിൽ ഹാജിമാരെ അവരവരുടെ "മുതർഫു" മാർ, അവരവർ പുറപ്പെടേണ്ട ബസ്സ്നമ്പറുകൾ എന്നിവ വിളിച്ചറിയിക്കുന്നുണ്ടായിരുന്നു. എനിക്കും എന്റെ ഭാര്യക്കും ഞങ്ങളുടെ ബസ്സ് ഏതാണെന്നറിയിക്കുന്ന കാർഡ് കിട്ടി. ഞങ്ങളുടെ ഇനിയുള്ള ദിവസങ്ങളുടെ സംരക്ഷണ ചുമതല ഏറ്റെടുത്ത "മുതവഫ്" ആരാണെന്നറിയിക്കുന്ന കടലാസുകളും കിട്ടി. മുതവഫിന്റെ നമ്പറും പുറപ്പെടുന്ന ബസ്സിന്റെ നമ്പറും ഉച്ചഭാഷിണിയിൽ ഉയർന്നുപൊങ്ങിയപ്പോൾ ഞങ്ങൾ ആ ബസ്സ് ലാക്കാക്കി നടന്നു. ഞങ്ങളും ബസ്സിൽ കയറി. ഇനി മക്കയിലേക്ക്, വിശുദ്ധ ഹജ്ജിന്റെ പവിത്ര ഭൂമികയിലേക്ക്......


മനസ്സ് അന്വേഷിച്ചുകൊണ്ടിരുന്നു. ആ മനുഷ്യനെവിടെ....? അദ്ദേഹം സ്നേഹപൂർവ്വം നൽകിയ ഹജ്ജ് വസ്ത്രവും അണിഞ്ഞാണ് ഞാൻ വിശുദ്ധ ഹറമിൽ, മിസ്ഫല, ഭാഗത്തെ പ്രധാന വാതിലിലൂടെ പ്രവേശിച്ചത്. വിശുദ്ധ ദേവാലയം കഅബ കൺകുളിർക്കേ കണ്ടത്. അപരിചിത സുഹൃത്ത് സമ്മാനിച്ച ഹജ്ജ് വസ്ത്രം ധരിച്ച് ഞാൻ ആ കഅബ പ്രദക്ഷണം ചെയ്തു. സംസം കിണറിന് സമീപം ചെന്നുനിന്ന് വിശുദ്ധ ജലം മതിവരെ പാനം ചെയ്തു. പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന ഇബ്രാഹിംമഖാമിന്റെ തൊട്ടരികെ ചെന്നുനിന്ന് മനസ്സ് നിറയെ തേട്ടിവന്ന കാര്യങ്ങൾ ഉറക്കെ പറഞ്ഞു. സഫാമർവാ കുന്നുകൾക്കിടയിലൂടെ ഏഴു ചാൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ എന്റെ ശരീരത്തിലൊട്ടി നിന്നത് ആ സുഹൃത്തിന്റെ കനിവ് നീട്ടിത്തന്ന വിശുദ്ധ വസ്ത്രങ്ങളായിരുന്നു. സഫാകുന്നുകളിൽ കയറനിന്ന് കഅബയിലേക്ക് ദൃഷ്ടിയൂന്നി ഞാൻ പ്രാർത്ഥിച്ചു. "എന്റെ നല്ല ആഗ്രഹങ്ങൾ സഫലമാകണേ...."

മർവാ കുന്നിന്റെ പാറക്കല്ലുകളിൽ ചവുട്ടി നിന്ന് വിശുദ്ധ കഅബയുടെ കറുത്ത അങ്കിയിലേക്കും, കറുത്ത അങ്കിയിലെ സ്വർണ്ണാക്ഷരങ്ങളിലേക്കും, നിർന്നിമേഷനായി നോക്കി പ്രാർത്ഥനനിർഭരമായ എന്റെ കയ്യുകൾ ഉയർന്നു. ചുണ്ടുകൾ മന്ത്രിച്ചു. "എല്ലാ മനുഷ്യസ്നേഹികൾക്കും നന്മ കനിയേണമേ..."


മനസ്സാകെ അപ്പോഴും ആ പട്ടാമ്പിക്കാരൻ ഉണ്ടായിരുന്നു... എന്റെ ഹജ്ജിന്റെ ദിനരാത്രങ്ങളിലെല്ലാം ഒരു വഴികാട്ടിയെപ്പോലെ, തുണക്കാരനെപ്പോലെ, സഹായിയെപ്പോലെ, അജ്ഞാതനായ ആ മനുഷ്യൻ. അയാളെ കണ്ടെത്താതിരിക്കില്ല. പ്രദക്ഷണം വെക്കുന്ന ഭക്തസഹസ്രങ്ങൾക്കിടയിൽ, ആകാശത്തിന് ചുവട്ടിൽ ആഗ്രഹങ്ങളുടെ നിറ മനസ്സുമായൊന്നിക്കുന്ന അറഫായിലെ ആൾകൂട്ടത്തിനിടയിൽ, ശപിയ്ക്കപ്പെട്ട പാപഭാരങ്ങളുടെ പ്രതീകങ്ങൾക്ക്നേരെ ഇടംകയ്യുയർത്തി പ്രതിഷേധിക്കുന്ന ജനസമുച്ചയത്തിൽ...ഞാൻ ആ മനുഷ്യനെ കാണാതിരിക്കില്ല. കണ്ടെത്താതിരിക്കില്ല. എന്റെ പ്രാർത്ഥനകളിൽ ആ ആഗ്രഹം നിറഞ്ഞു.

.... ലബ്ബെയിക്കുല്ലാഹുലാബ്ബെയിക്ക്...... ■

## Nakshathra Silks & Sarees



PSC Bank Building, Pantheerankavu
Mob: 9400931425
▪ Silk Designer Sarees
▪ Churidar Materials ▪ Kids Wears



India's No- 1
## AKSHAYA WATER PROOFING

29/851, Kottoli, Mavoor Road, Kozhikode - 673016
Mob: P.P. Pradeep- 9447312616, 9037940457
E-mail:aakshayawaterproof@gmail.com

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു

## Sree Lakshmi Enterprises

24/1410-D, Thalikulangara, Manakave,
Calicut - 673 007, Ph: Off: 9847140046
Mob: Ramesh: 9847005566

Dealers in
*Johnson & Johnson, PEDI GREE (Dog & Cat Food)*

## HIGHNESS COOL
Refrigeration & Air Conditioning

Near Post Office, Mankave, Calicut - 7
(Service for A/c. Fridge
Washing Machine, Spray Painting etc..)
Mob:9349810003

## P.V. ENTERPRISES

Dealers in Electrical &
Plumbing Materials
17/1894/A6, Abba Arcade Building,
East Kottaparamba, G.H. Road, Kozhikode - 1
9037606062, 9387338100

## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേ പെയിന്റിംഗ്, ബോഡിവർക്സ്,
എഞ്ചിനിയറിംഗ് വർക്സ്
ഫോൺ: മണി 9846386998

## MANAMKULAM ENTERPRISES

Chalappuram P.O., Calicut - 673 002, Kerala
**Ph: Off: 2302884, Resi: 2301916 Mohammed Ashraf: 9847755130**
**Whole Sale Dealer of Anchor Plywood**
Dealers : Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc..

## MANAMKULAM TIMBERS

Chalappuram P.O., Calicut - 673 002, Kerala

Whole Sale and Retail dealer of all types of Timber
logs & sizes, Nilotika sizes available

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

## Craft "N" Style
**Wood Designers**
**Manalody Compound, Mankave, Calicut - 7**

## Craft "N" Style
Tool Grinding Centre, Kallai Road, Calicut - 3
Mob: A.K. Ajayan
E-mail: ajayanwork06@gmail.com 9526368402, 9539691872

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്...

## ടി.പി. ടി സ്റ്റോർ

കുറ്റിയിൽതാഴം, കോഴിക്കോട്
മനോജ് 9847915793

## AIWA TAILORING
(Gents)

& Curtain Works
Sreevalayanad, Kozhikode - 673 007
Ph: Baiju: 9037164023

## Ammu Distributers

Joudha Building, 5/ 2697, Rajeev Nagar Colony,
Near Swimming Pool, Calicut - 673004
Mob: Suresh BabuM. (Managing Partner) 9447722358,
9446582358, Off: 0495- 2770086
Authorised of : Balco PVC Conduits & Pipes





അശോകൻ മല്ലിശ്ശേരി

# അടയാളക്കല്ല്

സമയം നോക്കി. നാലേ പത്താകുന്നു.

അഹമ്മദും, രാഹുലും, ഇതുവരെ എത്തിയിട്ടില്ല.

ഒന്നു വിളിച്ചു നോക്കാം.

ഹലോ ഹലോ എന്നതല്ലാതെ പറയുന്നതൊന്നും കേൾക്കുന്നില്ല. തിരിച്ചുകോൾ വന്നു

അഹമ്മതാണ് വിളിച്ചത്

എന്താടാ... എവിടെയെത്തി

അഞ്ചുമിനുട്ടിനുള്ളിൽ അടയാളക്കല്ലിന്റെയടുത്തെത്താം.

നീയെവിടെയാണ്....

ഞാനിവിടെത്തന്നെയുണ്ട്.

അഹമ്മ്ദും പെൻഷനായി. രാഹുലിന് ബിസിനസ്സാണ്.

കട്ട് റോഡിലൂടെ നോക്കിയപ്പോൾ സുകുമാരന് ഇരുവരം വരുന്നത് കാണാമായിരുന്നു.

അടുത്തെത്തി അഹമ്മദ് ചോദിച്ചു:

സുകുമാരാ... നീ നാല് മണിയ്ക്ക് തന്നെ എത്തിയിട്ടുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. കൃത്യനിഷ്ഠത നിന്റെ ജീവിത്തിൽ നിന്ന് വിട്ടുപോകില്ലല്ലോ.. മൂവരും ചിരിച്ച് അടയാളക്കല്ലിനെ ചാരിയിരുന്നു.

എല്ലാവരുടെ കാതിലേയ്ക്കും അടയാളക്കല്ലിന് എന്തൊക്കെയോ പറയാനുണ്ടായിരുന്നു. എണ്ണാൻപറ്റാത്തത്ര കുട്ടികളോടൊത്ത് കഥകേട്ടും പാട്ടുകേട്ടും അടിപിടിയും ഒപ്പം സ്നേഹിച്ചും നടന്നിരുന്നവരുടെ അന്നത്തെ ഓർമ്മകളെ അയവിറക്കുകയല്ലാതെ ഇപ്പോൾ ഒരു കുട്ടിപോലും പരിസരത്തെത്താറില്ല.

അതിരുകളില്ലാതെ പലകുറികണ്ട കിനാക്കളെ മുപ്പത്തിനാല് വർഷങ്ങൾക്കുശേഷം പെൻഷനായിവന്ന സുകുമാരൻ ചികഞ്ഞെടുക്കുമ്പോൾ പലതരം ഓർമ്മകൾ പിടിച്ചുലച്ചു.

വലിയ തേയ്മാനമില്ലാതെ നിലനിൽക്കുന്ന പാടത്തെ വരമ്പിലൂടെ നടക്കുമ്പോൾ ഇരുണ്ട കാർമേഘങ്ങൾക്കിടയിലൂടെ വന്നെത്തുന്ന കിരണങ്ങൽ പണ്ടാരചാലിയിലെ ആറടി നീളമുള്ള അടയാളക്കല്ലിൽ പതിക്കുന്നത് കുറച്ചുദൂരത്ത് നിന്നുതന്നെ സുകുമാരന് കാണാമായിരുന്നു.


അരികിലെത്തി തൊട്ടുതലോടിയപ്പോൾ അൻപത് വർഷങ്ങൾ പിന്നാമ്പുറത്തേയ്ക്ക് എത്ര വേഗം കടന്നുപോയി. കൈയ്ക്ക് വയ്സ്സായെന്നല്ലാതെ അടയാളക്കല്ലിന് ഒരുമാറ്റവും തോന്നിക്കണ്ടില്ല. തൊട്ടരുകിൽ തളർന്നുകിടക്കുന്ന ചാലിയ്ക്ക് എന്തൊക്കെയോ വേദനകൾ പറയാനുള്ളതുപോലെ തോന്നി. ഒത്തിരി വർഷങ്ങൾക്ക് മുമ്പെ തലയെടുപ്പോടെ നിന്നിരുന്നത് ഇന്ന് അകത്തട്ടിൽ പൊന്തിനിൽക്കുന്ന പുൽച്ചെടിയുടെ അടിവേരുകൾ വരിഞ്ഞുമുറുക്കി തളർത്തുന്നുണ്ടായിരുന്നു.

ഇളം പിങ്കെന്നോ ചുവപ്പെന്നോ പറയാവുന്ന ചാലിപാമ്പിനെ എവിടേയും കണ്ടല്ല. മുഴുവും, ബിരാലും, രാജാവായ കടുവും അപ്രത്യക്ഷമായിരിക്കുന്നു.

വളഞ്ഞ് പുളഞ്ഞ് കൈവഴിതോട്ടിലൂടെ തെക്കുഭാഗത്തയ്ക്ക് ഒഴുകി ചാലിയാറുമായി എത്രയോകാലം കഥ പറഞ്ഞിട്ടുണ്ടാവില്ലെ... വടക്കുപടിഞ്ഞാറുഭാഗത്തെ കൊലച്ചപ്പാറക്കുന്നിനെ നോക്കി കുട്ടിക്കാലത്ത് കൂകുമ്പോൾ തിരിച്ചു കൂകിത്തന്നത് ഓർക്കാതിരിക്കാൻ പറ്റുമോ...

ഒന്ന് ആലോചിച്ചതിനുശേഷം സുകുമാരൻ ചുറ്റുപാടും നോക്കി. പിന്നെ രണ്ടുമൂന്നു പ്രാവശ്യം കൂകി. തിരിച്ചുകേട്ട പ്രതിധ്വനി കൂകലിന് കട്ടികുറഞ്ഞപോലെ തോന്നി. പരിഷ്ക്കാരങ്ങളുടെ തൊട്ടുതലോടൽ കുന്നിനെ ഉന്മേഷകുറവാക്കിയിരിക്കും.

# GLAMOUR GENTS WEAR



Whole Sale & Retail


Naluparambil Complex,
Mankavu, Calicut - 7
Mob: 9847756569,
8891901404



Pants, Jeans, Shirt, T-Shirts etc...

Sandeep Damodar
9349414141, 8086441441

For quality studio portraits & Outdoor Groups, Wedding & Function, Flash Photos in Colour- Black & White & other Photographic services...



# PHOTO SQUARE

M.C. College Cross Road
Kozhikode - 673 011

**Photography - Videography**

# HASBI

Tours & Travels




Meenchanda, Areekkad, Calicut - 27
Mob: Sahir - 9895 999 100
9349 666 100

# M.R. WOOD CRAFT

Chevarambalam, Kozhikode - 17
Mob: A.K. Muralidharan - 9847662688


*Plaining, Gigsaw Cutting, Turning, Wood Furniture, Interior work, Carving, & Door & Shutters*





# YES KEY

Electricals & Engineering Works
Puthiyapalam, Calicut



Repair of:
Motor Rewinding, Welding Set,
Step - Up, Battery Charges,
Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്
ഉപകരണങ്ങളും റിപ്പയർ ചെയ്ത് കൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്


K.P. Sunilkumar, Mob: 9847390950
Ph: 0495 - 2702073, Resi: 9048594525

# Pump House

Authorised Dealers of: Falcon, Mahendra, Deccan, Ekki, Oswal, Tecmo, Samudra & Ultimate Pump Sets

*All kinds of plumbing materials & spares available*

Simla Building, Kandakulam Cross Road, Calicut -2
Mob: V.K. Udayan - 9387779769, 0495 2701931



**Exchange facility available**

സർവ്വത്ര മാറ്റങ്ങൾ. സ്ക്കൂൾ വിട്ടാൽ ട്യൂഷൻ സെന്റർ ജോലി കഴിഞ്ഞാൽ വീട്.. പരസ്പര ഒത്തു ചേരൽ ഇല്ലാതായി. അതുകൊണ്ട് ഭാഷയ്ക്കും സംസ്ക്കാരത്തിനും വിള്ളലുണ്ടായതോടെ സ്നേഹസ ങ്കൽപ്പസ്തൂപങ്ങളെ മറന്നു പോയ്. അടയാളക്കല്ലിന് ഞങ്ങളോട് എനിയും എന്തൊക്കെയോ പറയാനുണ്ടായിരുന്നു.

മൂന്ന് മദ്ധ്യവയസ്ക്കന്മാർ തൊട്ടുതലോടുമ്പോൾ മന്ത്രിക്കുന്നുണ്ടായിരുന്നു നിങ്ങലെയെങ്ങനെ മറക്കുമെന്ന്.

അഹമ്മദ് പറഞ്ഞു:

ഉടനെത്തന്നെ നാഷണൽ ഹൈവേയുടെ പണിതുടങ്ങും. ചാലിയുടെ അടയാളക്കല്ലിന്റെ മുകളിലൂടെത്തന്നെയാണ് ഹൈവേ പോകുന്നത്.

രാഹുൽ ചോദിച്ചു;

എന്തെങ്കിലും മാറ്റമുണ്ടാകുമോ?

സുകുമാരൻ മറപടി പറഞ്ഞു:

ഒരു മാറ്റവും ഉണ്ടാകില്ല. രണ്ടാഴ്ച കഴിഞ്ഞ് പണി തുടങ്ങുമെന്നാണ് ഔദ്യോഗികമായി അറിയാൻ കഴിഞ്ഞത്.

സുകുമാരൻ തുടർന്നു:

ജാതി മത അന്ധവിശ്വാസങ്ങൾ എത്രപ്പെട്ടെന്നാണ് പഴയതിനേക്കാളും തീവ്രതയിൽ കടന്നുവരുന്നത്

അഹമ്മതിന്റെ സൂചനയായ്;

എല്ലാറ്റിനുമെതിരെ പോരാടിയ മാഹാത്മാക്കളെല്ലാം ഇന്ന് ദൈവഗണങ്ങളിൽ ചങ്ങലയ്ക്കിട്ടു വെച്ചിരിക്കുന്നു.

പ്രതികരണമെന്നോണം രാഹുലിനും പറയാനുണ്ടായിരുന്നു:

ജീവിച്ചിരിക്കുന്ന എഴുത്തുകാരേയും മഹാന്മാരേയും ഇല്ലാതാക്കി എന്തായിട്ടാകും മുദ്രകുത്തുക.

ഗൗരവ വിഷയങ്ങൽ സംസാരിച്ച് അടയാളക്കല്ലിനെ എങ്ങനെ സംരക്ഷിക്കുമെന്ന് ഒരു തീരുമാനത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല. വരുന്ന ശനിയാഴ്ച ഒരു തീരുമാനത്തിലെത്താമെന്ന് പറഞ്ഞ് മൂവരും പിരിഞ്ഞു.

സുകുമാരൻ ഓർമ്മിപ്പിക്കാൻ മറന്നില്ല:

ശനിയാഴ്ച കൃത്യം നാലു മണിയ്ക്കുതന്നെയെത്തണമെന്നത്.

കൊലച്ചിപ്പാറ സ്റ്റോപ്പിൽ ബസ്സ് നിൽപ്പുണ്ട്. ഇരിക്കാൻ സീറ്റുണ്ട്. സുകുമാരന് വീട്ടിലെത്താൻ ടൗണും കഴിഞ്ഞ് പോകണം. ഏകദേശം ഇവിടെനിന്നും പതിനാറു കിലോമീറ്ററുണ്ടാകും. ബസ്സ് സ്റ്റാർട്ട് ചെയ്ത് പുറപ്പെടുമ്പോൾ ഒരാൾ ഓടിവരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ കണ്ടക്ടറോട് പറഞ്ഞു.

അടുത്തെത്തിയപ്പോഴാണ് ആളെ മനസ്സിലായത്.

സുന്ദർദാസ്. പഴയ സ്നേഹിതൻ. കൂലിപ്പണിക്കാരനാണ്.

ചിരിച്ചുകൊണ്ട് ചോദിച്ചു:

എത്രകാലമായെടാ കണ്ടിട്ട് എപ്പോൾ വന്നു. റിട്ടയർമെന്റായോ?

കുറച്ചധികം സമയമായ്... റിട്ടയർമെന്റുമായെടാ....

പോകുന്ന വഴി ബസ്സിലിരുന്ന് അടയാളക്കല്ലിനെ നോക്കി.

അവൻ പറഞ്ഞു. ഇതിന്റെ മുകളിലൂടെയാണ് ഹൈവേ പോകുന്നത്. കേട്ടതുമുതൽ എന്തോ ഒരു വിഷമം. ജാതിഭേദമില്ലാതെ എല്ലാവരേയും സ്നേഹിച്ചിരുന്ന നമ്മുടെ അടയാളക്കല്ല് മഴക്കാലത്ത് തടാകമായി നിൽക്കുന്ന പാടത്തെ അളവുകോലായ് ഉത്തരം തന്ന സ്നേഹനിധി.

സുകുമാരൻ ഇടപെട്ടു.

ഞാൻ അവിടെനിന്നും തന്നെയാണ് വരുന്നത്

അതിന്റെമോളിൽ മണ്ണിടുകയെന്നുള്ളത് നമ്മുടെ പരമ്പരയുടെ മേൽ മണ്ണിടുന്ന മാതിരിയാ...

അടുത്തയാഴ്ച സമയമുണ്ടെങ്കിൽ നീയും വരണം കല്ലിന്റെയടുത്ത്

അഹമ്മദും രാഹുലും ഞാനുമുണ്ടാകും.

പണിയില്ലെങ്കിൽ വരാം.

ആകെ ബുദ്ധിമുട്ടിലാണെടോ

മൂത്ത മോളുടെ കല്യാണം കഴിഞ്ഞമാസമായിരുന്നു.

എന്നെ വിളിച്ചില്ല.

ഇടവേളയിൽ വേർപിരിഞ്ഞ കുറച്ച് വേണ്ടപ്പെട്ടവരെ വിട്ടുപോയിട്ടുണ്ട്. പ്രൈവറ്റ് ബാങ്കിൽ നിന്നും കുറച്ച് പണം വാങ്ങിയിരുന്നു. പണിയാണെങ്കിൽ ഇപ്പം വളരെ കുറവാ. ആഴ്ചയിൽ മൂന്നോ നാലോ. ചെല ആഴ്ചയിൽ അതുമുണ്ടാകാറില്ല. ഈ മാസത്തെ ബാങ്കടവ് തെറ്റുമെന്നത് തീർച്ചയാണ്.

സാധാരണക്കാരൻ എങ്ങനെയാടാ ജീവിക്കാ....

സുകുമാരൻ ചോദിച്ചു: അടവ് മാസം എത്ര രൂപയാ?

ആറായിരത്തി അഞ്ഞൂറ്.

ഈ മാസത്തെ അടവ് നീ പേടിക്കേണ്ട. ഞാൻ തരാം.

ഉള്ളപ്പോൾ തിരിച്ചു തരിക. ഞാൻ ചോദിച്ചില്ല എന്നു വിചാരിച്ച് തരാൻ മടിക്കരുത്. മറക്കരുത്. എല്ലാവർക്കും ഓരോവിധത്തിലുള്ള ബുദ്ധിമുട്ടുകളാണ്. രാജ്യം ഒന്നാമതെത്തും എന്നു പറയുമ്പോൾ വ്യക്തികളാരെങ്കിലും എത്തിയിട്ട് നമുക്കെന്ത് പ്രയോജനം.

സുന്ദർദാസിന്റെ വാക്കുകളിൽ വേദനകളുടെ ശരങ്ങളായിരുന്നു.

സുകുമാരൻ എടക്ക് ഇടപെട്ടു.

റോഡിന്റെ ഇരുവശത്തേയ്ക്കും നോക്കിയിട്ട് എത്രയെത്ര ബിൽഡിംഗുകളും അപ്പാർട്ടുമെന്റുകളുമാണ് പണിയുന്നത്. ഇതൊക്കെ ആർക്കുവേണ്ടിയാണ്. കാലാവധി തീരുമ്പോൾ ഇതിന്റെ അവശിഷ്ടങ്ങളൊക്കെ എവിടെ കൊണ്ടുതള്ളും...

സാധാരണക്കാരുടെ വീട്ടുമുറ്റത്തുതന്നെ....

റോഡിലാണെങ്കിൽ മിക്ക

വാറും എല്ലാ കാറിലും ഓട്ടക്കാരൻ മാത്രമാണ് യാത്ര ചെയ്യുന്നത്. കാൽനടക്കാരും അത്യാവശ്യക്കാരും അംബുലൻസും മുന്നോട്ടു പോകാൻ പാടുപെടുന്നു.

സുന്ദർദാസ് പറഞ്ഞു... ഞാനിവിടെ ഇറങ്ങട്ടെ..

ശരി.

റോഡരുകിൽ എന്തോ പ്രതിഷേധയോഗം നടക്കുന്നുണ്ട്. അങ്ങനെ തോന്നിയത് എഴുത്തുകാർ കൊല്ലപ്പെട്ട വിഷയമാണ്. എന്തൊരസഹിഷ്ണത. അഭിപ്രായ സ്വാതന്ത്യം എഴുത്തിലൂടെ വിളംബരം ചെയ്യുമ്പോൾ നിശബ്ദനാക്കാനുള്ള എളുപ്പവഴി പ്രഗത്ഭരെ ഇല്ലാതാക്കുന്നതാണോ? എന്നാലവർക്ക് തെറ്റിപ്പോയി പ്രതികരണങ്ങൾ കൂടുതൽ കൂടുതൽ കരുത്താർജ്ജിക്കുമെന്നാണ് സംഭവവികാസങ്ങളിലൂടെ മനസ്സിലാകുന്നത്.

നവോത്ഥാന നായകന്മാർ നമ്മുടെ കയ്യിൽതന്ന ആവിഷ്ക്കാര സ്വാതന്ത്രം ബലികൊടുക്കാൻ പറ്റുമോ..

വീടിനടുത്തുകൂടെ പോകുന്ന ബസ്സായതുകൊണ്ട് പെട്ടെന്നെത്തി

വഴിയിലെ കട്ട് റോഡിൽ പൈപ്പ്പൊട്ടി കുടിവെള്ളം പാഴാകുന്നത് അങ്ങിനെത്തന്നെയുണ്ട്. ഒരാഴ്ചയായി അധികാരികളോട് പറഞ്ഞിട്ട്. കുടിവെള്ളം പാഴാകുന്നത് ശ്രദ്ധയിൽപെട്ടാൽ വിളിച്ചുപറയണമെന്ന് ബില്ലിന്റെ പിറകിൽ എഴുതിയതുകൊണ്ട് മാത്രമെന്ത് പ്രയോജനം.

വീട്ടിലെത്തിയപ്പോൾ ത്തന്നെ ഭാര്യ ചോദിച്ചു സുകുമാരനോട്:

അടയാളക്കല്ലിന്റെ കാര്യം എന്തെങ്കിലുമായോ?

ഒരു തീരുമാനത്തിലെത്തിയിട്ടില്ല ശനിയാഴ്ച ഒന്നുകൂടി ആലോചിക്കുന്നുണ്ട്.

എന്തായാലും മനസ്സിലൊരു തീരുമാനമുണ്ട്

അതെന്താണ്....

ശനിയാഴ്ച ആകട്ടെ....

നാളെ വില്ലേജ് ഓഫീസിൽ പോയി നികുതി അയയ്ക്കണം.

ശനിയാഴ്ച ഒത്ത് ചേർന്ന് ഒരു തീരുമാനത്തിലെത്തി. സുകുമാരന്റെ വീടിനോട് ചേർന്നുള്ള മുന്നിലെ സ്ഥലത്തെവിടെയെങ്കിലും പുനസ്ഥാപിക്കാമെന്ന്. ഹൈവേ എഞ്ചിനിയറോട് കാര്യം പറഞ്ഞപ്പോൾ തമാശയാണ് തോന്നിയത്. എന്നാലും സമ്മതംമൂളി.

നാലടി താഴ്ചയും ആറടി മുകളിലോട്ടുമുണ്ടായിരുന്ന ചെങ്കല്ലായ അടയാളക്കല്ലിനെ മാന്തിയെടുത്ത് വണ്ടിയിൽ കൊണ്ടുവരുമ്പോൾ സുകുമാരൻ പറഞ്ഞു.... എഞ്ചിനീയർക്കറിയുമോ എത്രയോ തലമുറകൾ മാഞ്ഞുപോയിട്ടും മഞ്ഞും, മഴയും, വെയിലും കൊണ്ട് തളരാതെ നമ്മളെ നോക്കി നിന്നിരുന്ന നമ്മുടെ അടയാളകല്ലിന്റെമേലെ മണ്ണിട്ട് മൂടാൻ പറ്റുമോയെന്നത്....

അകലെ അങ്ങാടിയിൽ സുകുമാരന്റെ വീടിന്റെ മുൻവശത്ത് തല ഉയർത്തി നിൽക്കുന്ന അയയാളക്കല്ലിനെ കണ്ടിട്ട് ചുറ്റുവട്ടത്തെ നാട്ടുകാർക്കൊന്നുമ മനസ്സിലായില്ല.

■

**കവിത**


# മകളെ മാപ്പ്...



**പ്രീത രവി**
**മുണ്ടുപാലം**

അകലെയാണെങ്കിലും ഓമനേ നിൻ മുഖം
ഒരു കുഞ്ഞു കൈത്തിരി പോലെയെന്നുള്ളിലായ്
അടരുന്നൊരഗ്നിയെ നെഞ്ചോടടക്കിയാ
കനലാഴി തീർത്തു പിടയുന്ന നേരവും
എന്തിനോ വേണ്ടി പിടയുന്നതെൻ മനം
പൊന്നിൻ കുരുന്നേ നീയെന്തേ അറിഞ്ഞീല...
ഒരു മയിൽ പീലിയിൽ സ്വപ്നങ്ങളൊക്കെയും
ചേർത്തൊരാ പുസ്തക താളിൻനിൻ ഓർമ്മകൾ
നിൻകിളി കൊഞ്ചലിന്നന്യമായ് തീർന്നൊരീ
പിച്ചവച്ചോടിയോരകത്തള കെട്ടുകൾ
കൂരിരുൾ പാകിയ മച്ചിൻ മുകളിലായ്
ഊഞ്ഞാലിലാടുന്ന മാറാലക്കെട്ടുകൾ
കുഞ്ഞിളം കൈകൾ കൂട്ടിപ്പിടിച്ചന്നു-
പാടിയ താരാട്ടിൻ ഈണം മറക്കവേ

ഇത്തിരിയെത്താതെ പോയ നിൻ ബാല്യത്തെ
പിച്ചിയെറിഞ്ഞ കരാള ഹസ്തങ്ങളെ
ചടുലമാം താളത്തിലർപ്പിതമാം ചിരി
ചുടലക്കളത്തിലെ ആറടി മണ്ണിലായ്
നീതിപീഠങ്ങളെ സാക്ഷ്യം വഹിക്കുവാ....
നാവില്ല പെറ്റ വയറിന്റെ നൊമ്പരം



പ്രസാദ് അരീക്കര

# അച്ഛന്റെ മകൻ



തലേ ദിവസം ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുകയായിരുന്നു കുട്ടിശങ്കരമേനോൻ. എന്താണെന്നറിയില്ല, എന്നാലും സൂര്യനുദിക്കും മുമ്പെ ഉണർന്നു. പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കുവാൻ എന്തൊരു ദൃതിയായിരുന്നു? ബാഗുമായി പുറത്തിറങ്ങുന്നത് കണ്ടപ്പോൾ ഹോം നഴ്സ് ശൽവൻ അകത്തുനിന്നും ഓടിവന്നു. “ഈ പെരും മഴയത്ത് എങ്ങോട്ടാ? ഞാനും കൂടെ വരാം.”

“ഗോപീകൃഷ്ണനെ കണ്ടിട്ട് ഏറെ നാളായി. നാളെ അവന്റെ അമ്മയുടെ ശ്രാദ്ധമാണ്. ഇത്തവണ അവൻ വരാമെന്ന് പറഞ്ഞിട്ടുണ്ട്.” കുട്ടിശങ്കരമേനോൻ ലാഘവത്തോടെ പറഞ്ഞു.

“ഈ പെരും മഴയത്തോ? തുള്ളി മുറിയാത്ത മഴ!

അൽപ്പനേരം കഴിഞ്ഞ് പോയാൽ പോരേ? ഓപ്പറേഷൻ കഴിഞ്ഞ് അധികനാളായിട്ടില്ലല്ലോ? രണ്ടു മാസം വിശ്രമം വേണമെന്നല്ലേ ഡോക്ടർ പറഞ്ഞത്?” ശെൽവൻ ചോദിച്ചു.

“എനിക്കറിയാം. അവനെ കാണാൻ ധൃതിയായി. അവന്റെ അടുത്തേക്കല്ലേ? എന്റെ എല്ലാ അസുഖങ്ങളും മാറും. ഒരു സമാധാനം കിട്ടുമല്ലോ...”

“ഓപ്പറേഷൻ സമയത്ത് ഈ മകനെ കണ്ടില്ലല്ലോ?” ശെൽവൻ ചോദിച്ചു.

“അവനെപ്പോഴും തിരക്കല്ലേ? നിന്ന് തിരിയാൻ പോലും സമയമില്ല. എനിക്ക് കാണണമെന്ന് തോന്നിയാൽ അവൻ ഓടിയെത്താതിരിക്കില്ല. ഞാൻ അവനെ അങ്ങിനെയാണ് വളർത്തിയത്.”

“ഞാൻ പറഞ്ഞുവെന്നേയുള്ളു. ഞാൻ എന്നും കൂടെയുണ്ടാവും. ഒരു നിഴൽപോലെ.....എന്നാലും....

“എന്തേ നിർത്തിക്കളഞ്ഞത്?”

“സ്വന്തം മകനെപോലെ വരില്ലല്ലോ.” ശെൽവൻ ഓർമ്മപ്പെടുത്തി.

“ഇത്തവണ അവൻ കർമ്മം ചെയ്യാൻ വരുന്നുണ്ടെന്ന് പറഞ്ഞപ്പോൾ എനിയ്ക്ക് വിശ്വസിക്കാനായില്ല. മക്കൾ വളർന്ന് വലുതായാൽ സ്വന്തം അച്ഛനമ്മമാരെ പോലും തിരിഞ്ഞു നോക്കാത്ത കാലമാണ്. എന്നാൽ ഗോപികൃഷ്ണൻ അങ്ങിനെയല്ല.” കുട്ടിശങ്കരമേനോൻ മനസ്സിലോർത്തു.

ഗോപീകൃഷ്ണനെ ഒരു ഡോക്ടർ ആക്കണമെന്നായിരുന്നു മോഹം. പക്ഷേ അമ്മ ദേവയാനിക്ക് അത് കാണാനുള്ള യോഗമുണ്ടായില്ല. ദൈവം നേരത്തെ വിളിച്ചാൽ പോകാതിരിക്കാൻ പറ്റില്ലല്ലോ?കൂടാതെ കിങ്ങിണികൊമ്പ് ഗ്രാമത്തിലെ ഒരേ ഒരു ഡോക്ടർ. നാട്ടുകാർക്ക് ഡോക്ടറെ കുറിച്ച് നല്ലതേ പറയാനുള്ളു. “നല്ല കൈപുണ്യമുള്ള ഡോക്ടർ.”

വിവാഹം കഴിഞ്ഞതോടെ എല്ലാം തകിടം മറഞ്ഞു. മേലേതിൽ സുലോചനയുടെ മകൾ കാഞ്ചനയുടെ കുടുംബവുമായി ഒരകന്ന ബന്ധമുണ്ട്. കൂടുതൽ അന്വേഷിക്കേണ്ടതില്ല. ആ വിവാഹം ഗംഭീരമായിതന്നെ നടത്തി.

ഒരു ദിവസം കാഞ്ചന ഗോപീകൃഷ്ണന്റെ ചെവിയിൽ മന്ത്രിച്ചു. നമുക്ക് ടൗണിൽ ഒരു വലിയ വീടു വാങ്ങിക്കണം, ഇവിടെ തീരെ സൗകര്യമില്ല. ഒരു പഴഞ്ചൻ വീട്. തലയണമന്ത്രം അവളിലും പടർന്നു കയറി.

“അച്ഛന്റെ ഓപ്പറേഷൻ കഴിഞ്ഞ് അധികം നാളായിട്ടില്ലല്ലോ? ഈ സമയത്ത് വീണ്ടും ഒരു ടെൻഷൻ.? ഗോപികൃഷ്ണൻ ചോദിച്ചു.”


“നമുക്കുണ്ടാവുന്ന കുട്ടികളുടെ ഭാവി ഓർത്തെങ്കിലും?

ഇപ്പോൾ തന്നെ കരുതിവെക്കുന്നതല്ലെ ഉചിതം”

“എനിയ്ക്ക് ബാദ്ധ്യതകൾ ഏറെയുണ്ട്. എന്റെ പഠിപ്പിനും അച്ഛന്റെ ചികിത്സക്കുമായി......



ഇവിടെനിന്നും ഞാൻ താമസം മാറ്റിയാൽ അമ്മയുടെ ആത്മാവിന്പോലും ശാന്തി ലഭി

# ബാബൂസ് ബേക്കറി

മായിൻ ബസാർ (കൊമ്മേരി)
ഗോവിന്ദപുരം & കാവിൽതാഴം, കോഴിക്കോട്

ഹോൾസെയിൽ & റീട്ടെയിൽ

**പാർട്ടി ഓർഡറുകൾ, ബർത്ത് ഡേ കേക്ക് ഓർഡറുകൾ സ്വീകരിക്കുന്നു**




---

പീസ് മോഡൽ കോൺക്രീറ്റ് ഫർണിച്ചറുകൾക്ക്

# റോയൽ

**കോൺക്രീറ്റ് ഫർണിച്ചർ**

**9895 777 689**
**7025 537 689**

Office: ആനക്കുഴിക്കര, കുറ്റിക്കാട്ടൂർ, കോഴിക്കോട്
Branch: പ്രതിഭ വോളിബോൾ ഗ്രൗണ്ടിന് സമീപം,
വെള്ളന്നൂർ, ചാത്തമംഗലം, കോഴിക്കോട്

കോൺക്രീറ്റ് വാതിൽ കട്ടിൽ, ജനൽ, വെന്റിലേറ്റർ വർക്സ് സൈറ്റിൽ വന്ന്
ഉത്തരവാദിത്വത്തോടുകൂടി ഫിറ്റ് ചെയ്തു കൊടുക്കുന്നു.

---

# PHOENIX ARTS

**C. Ratnakaran**
**Kaloor Road,**
**Calicut - 673 007**
**Mob: 8129802214**



---

# മഹാത്മ കോളേജ്

**+1, +2, BCom, BA, PPTTC**

**നടരാജ നൃത്ത സംഗീത വിദ്യാലയം**

നൃത്തം - ഭരതനാട്യം ഡിപ്ലോമ, ഡി.ടി.ടി.സി,
സംഗീതം, കഥകളി, ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി,
ദഫ്മുട്ട്, വട്ടപ്പാട്ട്, നാടൻപാട്ട് വഞ്ചിപ്പാട്ട്, ചിത്രരചന, വയലിൻ,
ഫ്ളൂട്ട്, തബല, ഗിറ്റാർ, പിയാനോ, ജാസ്ഡ്രംസ്, ഇടയ്ക്ക,
ഹാർമോണിയം, ഇലക്ട്രോണിക് കീബോർഡ്, മൃദംഗം

ചെറുവണ്ണൂർ, കോഴിക്കോട്, ഫോൺ: 9388968863, 2483500, 2487724



---

# RSRT



*Mankave Electrical*

**Mankave - Calicut - 7**
**Sales & Service**
**Phone: 9495760975, 9495612453**


ക്കില്ല."

"ഈ വേദവാക്യം കേട്ട് മടുത്തു. ടൗണിൽ നല്ല ഫീസും കിട്ടില്ലേ? ബാദ്ധ്യതകൾ തീർക്കാമല്ലോ?" കാഞ്ചന വീണ്ടും മന്ത്രിച്ചു.

"അച്ഛന്റെ കാര്യത്തിൽ ശ്രദ്ധ വേണം. ഇനി ഒരു അറ്റാക്ക് വരാതെ സൂക്ഷിക്കണം." ഡോക്ടർ രഘുലാൽ ഇന്നലേയും വിളിച്ചു പറഞ്ഞിരുന്നു.

"ഒരു ഹോം നഴ്സിനെ ഏർപ്പാടാക്കിയാലോ? ഇപ്പോൾ എല്ലായിടത്തും അവരല്ലേ? നല്ല ഡിമാന്റാണ്" കാഞ്ചന പറഞ്ഞു.

ഗോപികൃഷ്ണൻ ഒന്നു മൂളിയതേയുള്ളൂ. ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് കാഞ്ചനക്ക് ഒരു ഹോം നഴ്സിനെ ഏർപ്പാടാക്കാൻ കഴിഞ്ഞു.

ഹോം നഴ്സ് ശെൽവന്റെ വരവോടെ എല്ലാ കാര്യത്തിലും ശ്രദ്ധയുണ്ട്. മാസംതോറും ചെക്കപ്പിനുവേണ്ടി കൊണ്ടുപോകുന്നു. യഥാസമയം മരുന്നു കഴിപ്പിക്കുന്നു. പിന്നെ അടുക്കളയിലും സഹായിക്കുന്നു.

ഇതിനിടയിൽ ടൗണിൽ ഒരു വലിയ വീട് വാങ്ങി താമസം മാറ്റാനുള്ള ശ്രമത്തിലായി. എല്ലാം രഹസ്യമായിരുന്നു.

"ടൗണിലേക്ക് അധികം ദൂരമില്ലല്ലോ? ആവശ്യമുള്ളപ്പോൾ ഞാൻ വരാം." യാത്ര പറയാൻ നേരത്ത് ഗോപികൃഷ്ണന്റെ കണ്ണുകൾ നിറഞ്ഞു.

ആ കാഴ്ച അധികനേരം നോക്കി നിൽക്കാനാവാതെ കുട്ടിശങ്കരമേനോൻ അകത്തേക്ക് പോയി.

സ്വന്തം മക്കൾപോലും തിരിഞ്ഞു നോക്കാത്ത കാലം. രക്തബന്ധം പോലും ഇല്ലാതായി. അയാൾ മനസ്സിലോർത്തുപോയി.

ബഹളം കേട്ടപ്പോൾ ശെൽവൻ കുട്ടിശങ്കരമേനോനെ വിളിച്ചുണർത്തി. യാത്രയിൽ നേരിയ ഉറക്കത്തിലായിരുന്നു. ബസ്സ് യാത്രയിൽ നേരിയ ക്ഷീണം തോന്നി.

മകന്റെ വീട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടിയില്ല. ഗേറ്റ് തുറക്കുന്നതിനിടയിൽ സെക്യൂരിറ്റി ഓടിവന്ന് തടഞ്ഞു നിർത്തി. "ഇന്നിനി പരിശോധനയില്ല. രണ്ടു മാസം മുമ്പേ ബുക്ക് ചെയ്യേണ്ടിയിരുന്നു."

"ഞാൻ പരിശോധനക്ക് വന്നതല്ല. എന്റെ മകനെ കാണാൻ വന്നതാണ്. നാളെ കാലത്ത് അവനേയും കൂട്ടി തിരുനെല്ലിയിൽ പോകണം."

"പുറത്ത് നിൽക്കു. ഞാൻ ഇപ്പോൾ വരാം.." എന്ന് പറഞ്ഞ് സെക്യൂരിറ്റി അകത്തേക്ക് പോയി.

സെക്യൂരിറ്റി മടങ്ങി വന്നു. "ഇപ്പോൾ ആരേയും കടത്തിവിടേണ്ട എന്നു പറഞ്ഞു. ഇവിടെ ഇങ്ങനെ പലരും വരുന്നുണ്ടത്രേ. പലവേഷത്തിൽ."

എന്റെ മകൻ ഗോപികൃഷ്ണൻ അങ്ങിനെ പറയില്ല. ഒരു പക്ഷേ മരുമകൾ.........?

കുട്ടിശങ്കരമേനോൻ ചോദിച്ചു.

സെക്യൂരിറ്റി കേൾക്കാത്ത ഭാവത്തിൽ വടിപോലെ നിൽക്കുകയായിരുന്നു. അയാൾ പോക്കറ്റിൽ നിന്നും ചില്ലറ നാണയത്തുട്ടുകൾ അച്ഛന്റെ മുമ്പിലേക്കെറിഞ്ഞു കൊടുത്തു.

"സ്വന്തം അച്ഛനാണെന്ന് പറഞ്ഞില്ലേ...?

അവൻ എന്റെ മകനാണ്." കുട്ടിശങ്കരമേനോൽ കെഞ്ചിക്കൊണ്ടു പറഞ്ഞു.

"സ്വന്തം അച്ഛൻ?. അച്ഛന്റെ മകൻ?

ഇനി ഇവിടെയെങ്ങാനം കണ്ടു പോകരുത്."


സെക്യൂരിറ്റി വീണ്ടും ഗേറ്റ് അമർത്തി അടച്ച് അകത്തക്ക് പോയി. ഒരു ജാള്യതയോടെ......

■

---

**കവിത**


# പ്രഭാതമേ വരൂ




വാസു അരീക്കോട്

നിന്റെ നീണ്ട കൈകളാൽ വിതറു നീ
പല നിറങ്ങൾ വാരിപൂശി നാലുപാടുമായ്
പച്ചചെന്നുപറ്റിടട്ടെ പാഴ്മരപ്പൊടിപ്പിലും
നിത്യനീലമൂറിടട്ടെ കടലിലും നഭസ്സിലും
ചുരുളുലഞ്ഞ വാർമുടിക്കു
കുറുകിനീണ്ട പെൺമിഴിക്കും
ചൂളമിടും മുകിൽ നിരയ്ക്കും
മെഴുപുരണ്ട കരിനിറം
ചുടുചിന്ത ചിതറിടുന്ന

ചോരയിൽ യുവാക്കളിൽ
ചൊടിനിറയും കടുംചുവപ്പു
കോരി നീ നിറക്കുക
തിമിരമെന്റെ കണ്ണിൽ
നിന്നകന്നു മറയവെ
വിരിയുമിതളിലൊളികൾ
വിതറി വിലസുനീ പ്രഭാതമേ



# വിഷാദ തീനാളങ്ങൾ



ബി.കെ. ഇബ്രാഹിം
മൂർക്കനാട്

മൊബൈൽ ഫോൺ പാട്ട് പാടാൻ തുടങ്ങി. ആരോ വിളിക്കുന്നതിന്റെ അടയാളമാണിത്. ആകാംക്ഷയോടെ ഫോണെടുത്തു.

"ഹലോ സുരേഷ്, ഇത് ഞാൻ, മുരളി. കുറെ ദിവസമായി നിന്നെ വിളിക്കണമെന്ന് വിചാരിച്ചിട്ട്. സമയം ഒത്തുവരേണ്ടേ. നിങ്ങളൊരു കഥാകൃത്തല്ലേ, എത്രതവണ ഞാൻ പറഞ്ഞു. അട്ടപ്പാടിയിലെ ആദിവാസികളുടെ ദുരിതപൂർണ്ണമായ ജീവിതത്തെ ആധാരമാക്കി ഒരു കഥയെഴുതാൻ. ഇനി എന്തായാലും താമസിക്കണ്ട. അടുത്ത് തന്നെ ഞാൻ നിന്നെ വിളിക്കും."

"നീ എന്നെ വിളിക്കണ്ട. സൗകര്യംപോലെ ഞാനങ്ങോട്ട് വിളിക്കാം." മുരളിക്ക് ഫോണിലൂടെ തന്നെ മറുപടി നൽകി.

മുരളി നല്ലൊരു ഫോട്ടോഗ്രാഫറാണ്. പ്രകൃതി ഭംഗി തന്റെ ക്യാമറയിൽ ഒപ്പിയെടുക്കാൻ അവന് എന്തൊരു മിടുക്കാണ്. എത്രയെത്ര ചിത്രങ്ങൾ, സംഭവബഹുലമായ രംഗങ്ങൾ, തന്റെ ക്യാമറയിൽ അവൻ പകർത്തി. എല്ലാം ജീവനുള്ള ചിത്രങ്ങളായിരുന്നില്ലേ...എത്രയെത്ര പുരസ്ക്കാരങ്ങൾ, എത്രയെത്ര ക്യാഷ് അവാർഡുകൾ, എത്രയെത്ര പ്രശസ്തി പത്രങ്ങൾ അവനെ തേടിയെത്തി. അവൻ എന്റെ സ്നേഹിതനായതിൽ എനിക്കെന്തൊരു അഭിമാനമാണ്.

"മിസ്റ്റർ മുരളി ഞാൻ അട്ടപ്പാടിയിലേക്ക് യാത്രതിരിക്കുന്നു. നീ അവിടെ എന്നെ കാത്തിരിക്കണം. എനിക്ക് ആദിവാസികളുടെ ഊരുകൾ സന്ദർശിക്കണം. അവിടെയെത്തിയാൽ ഞാൻ നിന്നെ വിവരമറിയിക്കാം. നീ നിന്റെ ഡിജിറ്റൽ ക്യാമറ എടുക്കണം. ചില ഫോട്ടോകൾ ക്യാമറയിൽ പകർത്താനുണ്ട്. മറക്കരുത്." സുരേഷ് ഫോണിലൂടെ കാര്യങ്ങൾ ധരിപ്പിച്ചു.

ഞാൻ സർക്കാർ ബസ്സിൽ അട്ടപ്പാടിയിലെത്തി. അവിടെ മുരളി എന്നെ കാത്തിരിക്കുകയായിരുന്നു.

"ഹലോ മുരളി ഞാൻ താമസിച്ചുവോ?..." ഞാൻ പരിചയം പുതുക്കി അഭിവാദ്യം ചെയ്തു.

നല്ല കണ്ടീഷനുള്ള ഒരു ഫോർവീൽ ജീപ്പ് യാത്രക്കായി അവൻ ഏർപ്പാടുചെയ്തിരുന്നു. അങ്ങിനെ ഞങ്ങൾ ജീപ്പിൽ ആദിവാസി ഊരുകളുടെ സമീപത്തെത്തി.

ഞങ്ങൾ ജീപ്പിൽ നിന്നിറങ്ങി. ക്യാമറ തോളിൽ തൂക്കി മുരളി മുന്നേ നടന്നു. കാടിന്റെ വന്യത എന്നെ വല്ലാതെ ആകർഷിച്ചു. കാടിന്റെ വിരിമാറിലൂടെ ഞങ്ങൾ നടന്നുനീങ്ങി. ചതുവന്നമണ്ണ് ഭിത്തിയിലുള്ള പുല്ലും ഇലകളുംപൊണ്ട് മേഞ്ഞ ഒരു കൊച്ചുകൂര ഞങ്ങളുടെ കണ്ണിൽപ്പെട്ടു. അതുപോലെ കൊച്ചുകൂരകളുംകാണനിടയായി. കണ്ണിൽപ്പെട്ട ആദ്യത്തെ കൂരയെ ലാക്കാക്കി ഞങ്ങൾ കുന്നകളും മലകളും താണ്ടി.

ഒരു കർക്കിടക മാസത്തിലായിരുന്നു ഞങ്ങളുടെ യാത്ര. മഴക്കാലമായിരുന്നെങ്കിലും കൂരക്കരികിൽ എത്തിയപ്പോൾ ഞങ്ങൾ ക്ഷീണിച്ചിരുന്നു. ആ കൂരയ്ക്കരുകിൽ മറ്റു കൂരകളൊന്നും ഞങ്ങൾ കണ്ടില്ല. ആളുകളുടെ സംസാരമോഅനക്കങ്ങളോ മൃഗങ്ങളുടെ ശബ്ദങ്ങളോ ശ്രദ്ധയിൽപെട്ടില്ല.

ഞാൻ ആ കൂരയുടെ മുന്നിൽ നിന്ന് ഉറക്കെ വിളിച്ചു.

"ഇവിടെ ആരുമില്ലേ?..."

"ഉത്തരമില്ല."

അല്പസമയത്തിനു ശേഷം വീണ്ടും വിളിച്ചു.

"ഇവിടെ ആരുമില്ലേ"

കറുത്ത് മെലിഞ്ഞ് എല്ലും തോലുമായ ഒരു ആദിവാസി മധ്യവയസ്ക്കൻ എന്നെ നോക്കി കണ്ണുമിഴിച്ച് ഒന്നും മിണ്ടാതെ നിന്നു. പിന്നെ പരുപരുത്ത ശബ്ദത്തിൽ കാർക്കിച്ച് തുപ്പുന്നതുപോലെ അയാൾ പറഞ്ഞു.

"എന്തോ..."

ഒന്നുമില്ല, ഞാൻ പുഞ്ചിരിച്ചു. അയാൾ ഗൗരവത്തിൽതന്നെയാണ്.. ഞങ്ങൾ ഇവിടെ വന്നത് അയാൾക്ക് ഒട്ടും ഇഷ്ടപ്പെട്ടിട്ടില്ലെന്നു തോന്നുന്നു.

മുരളി ഇതൊന്നും ശ്രദ്ധിക്കാതെ ഒരുമൂലയിൽ കുത്തിയിരിക്കുകയാണ്. അവന് ഇതിലൊന്നും താല്പര്യമില്ല.

"വാ പോവാം...." മുരളി എന്റെ കൈപിടിച്ച് വലിക്കാൻ തുടങ്ങി.

പെട്ടെന്നാണ് കാലാവസ്ഥ മാറിയത്. അന്തരീക്ഷം കാർമേഘപടലങ്ങളാൽ കറുത്തിരുണ്ടു. മഴ തിമിർത്തു പെയ്യാൻ തുടങ്ങി. മവവെള്ളം കോരിചൊരിഞ്ഞപ്പോൾ

ഞങ്ങൾ ആ കൊച്ചു കൂരക്കുള്ളിലേക്ക് പ്രവേശിച്ചു. കൂരയുടെ ഒരുഭാഗത്ത് ഞങ്ങൾ നിന്നു. അയാളുടെ മുഖത്ത് നീരസം പ്രതിഫലിക്കാൻ തുടങ്ങി.

ഉത്കണ്ഠയോടെ ഞാൻ അയാളോട് ചോദിച്ചു.

"നിങ്ങളുടെ പേരെന്താണ്..?."

"ചൈരൻ"

അയാൾ സമാധാനത്തോടെ മറുപടി പറഞ്ഞു.

ആർത്തിരമ്പിപെയ്യുന്ന മഴയുടെ ഫലമായി അനുഭവപ്പെട്ട അതിതണുപ്പിന്റെ കാഠിന്യത്താൽ ചൈരൻ ഒരു മൂലയിൽ അട്ടയെപ്പോലെ ചുരുണ്ടുകൂടി. മഴവെള്ളം ഇലയും പുല്ലുംകൊണ്ട് മേഞ്ഞ കൂരയെ കീറിമുറിച്ച് ദേഹത്ത് ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. അയാളോട് ഒരുപാട് കാര്യങ്ങൾ ചോദിച്ചറിയാനുണ്ടായിരുന്നു. പക്ഷ.. എന്തോ ഒരു പേടി മനസ്സിനെ മദിച്ചുകൊണ്ടിരുന്നു. തിരിച്ച് അയാൾ എന്തെങ്കിലും പറഞ്ഞാലോ.... എങ്കിലും ശക്തി സംഭരിച്ച് ധൈര്യമായി ഞാൻ ചോദിച്ചു.

"എന്താ ഈ കൂരയിൽ ഒറ്റയ്ക്ക്"

അയാൾ കേട്ടഭാവം നടിച്ചില്ല. എന്റെ ചോദ്യം അയാൾക്ക് രസിച്ചില്ല. എന്തോ ഒരു നൊമ്പരം ഒരു അസ്വസ്ഥത അയാളുടെ മനസ്സിനെ പിടികൂടിയിട്ടുണ്ടെന്ന് എനിക്കു തോന്നി. വിട്ടുപിരിയാത്ത വേർപിരിയാത്ത ഒരിക്കലും മനസ്സിൽനിന്നും പടിയിറക്കി വിടാൻ കഴിയാത്ത എന്തോ ഒന്ന്, ഈ സമയം മുരളി പ്രകൃതി ഭംഗി ക്യാമറയിൽ പകർത്തുകയായിരുന്നു. അയാളോട് തുടരെത്തുടരെ പല ചോദ്യങ്ങളും ഞാൻ ചോദിച്ചു. ഒന്നിനും അനുകൂലമായ മറുപടി നൽകിയില്ല. പിന്നെ അയാൾ അടുപ്പിൽ കൂട്ടിയിട്ടിരുന്ന വിറകിന് തീ കൊളുത്തി. എന്തോ ഭക്ഷണം പാകം ചെയ്യാനുള്ള ഒരുക്കത്തിലാണ് അയാളെന്ന് തോന്നുന്നു. വിറകിന് തീപിടിച്ചപ്പോൾ കൂരയ്ക്കുള്ളിലെ ഇരുട്ട് താനെ മാഞ്ഞുപോയി. പ്രകാശത്തിൽ കൂരയുടെ അകം ശരിക്കും കാണാനായി. ഞാൻ കൂരയുടെ അകം ശ്രദ്ധിച്ചു. അവിടെ ഒന്നുമില്ല. അരി, പച്ചക്കറി, മറ്റു ഭക്ഷണ സാധനങ്ങൾ ഒന്നും തന്നെ അവിടെ കണ്ടില്ല. വിറകിന് തീയിട്ടത് തണുപ്പിൽനിന്നും രക്ഷനേടാൻ തീകായാനാണെന്ന് മനസ്സിലായി. ഉണങ്ങിയ കറേ ഓലക്കെട്ടുകൾ , കുറേ കുഞ്ഞു പാത്രങ്ങൾ, രണ്ടു ചെറു കൂജകൾ. ഇത്ര മാത്രം അവിടെ കാണാനായി. ഞാൻ എന്റെ ചോദ്യം ആവർത്തിച്ചു.

"തനിച്ചെന്താ ഇവിടെ...?"

അയാൾ സ്തംഭിച്ചു നിന്നു. ഒന്നും ഉരിയാടിയില്ല. അതിനു ശേഷം അയാൾ നിലത്ത് ചമ്രം പടിഞ്ഞിരുന്നു. ഉറക്കെ ഒരു കൊച്ചുകുട്ടിയെപ്പോലെ കരയാൻ തുടങ്ങി. എന്താണ് ചെയ്യേണ്ടതെന്നും ചോദിക്കേണ്ടതെന്നും അറിയാതെ ഞാൻ വിഷമിച്ചു.

അപ്പോൾ പുറത്ത് ഇടിമിന്നലുകൾ തൃശ്ശൂർപൂരം തീർക്കുകയായിരുന്നു.

പിന്നെ അധികമൊന്നും അയാളോട് ഞാൻ ചോദിച്ചില്ല. കരഞ്ഞുകരഞ്ഞ് അയാളുടെ കണ്ണുകൾ കലങ്ങിച്ചുമന്നിരുന്നു. നിമിഷങ്ങൾക്കുള്ളിൽ അയാളുടെ കരച്ചിൽനിന്നു. സങ്കടംകൊണ്ട് അയാൾ കിതയ്ക്കുകയും വിറയ്ക്കുകയും ചെയ്തു.

ഒരു വെളിച്ചപ്പാടിനെപ്പോലെ അയാൾ ഉറഞ്ഞുതുള്ളാൻ തുടങ്ങി. അയാൾ അയാളുടെ ഭാഷയിൽ വിതുമ്പി വിതുമ്പി പറഞ്ഞു.

"അപ്പട ഞെ പെണ്ണും കൊച്ചുംയൊവിട്ടി, അപ്പട ങ്ങള് കണ്ടെത്തോ, ങ്ങല് ഒക്കപ്പാടെ കൂടിയിട്ട് ഞെ മക്കളെ മേലാത്തങ്കം ചെയ്ത് കാട്ടിലേക്ക് അറിഞ്ഞീലേ, ഞെ മക്കളെയൊവിടി, ഓലെങ്ങ് കൊണ്ട്രോ, ഞാനോന്ന് കാണോട്ടെ, ങ്ങള് കണ്ടെത്തോ, ഞെ മക്കളെ, ങ്ങട്ട് കൊണ്ട്രോ..."

അയാളുടെ ഭാഷ പൂർണ്ണമായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും ചിലതൊക്കെ അറിയാൻ കഴിഞ്ഞു.

ഭാര്യയേയും മക്കളേയും നഷ്ടപ്പെട്ട വ്യഥയിലാണ് അയാൾ ഈ കൂരയിൽ ഒറ്റക്ക് കഴിയുന്നത്. എന്താണ് അയാളോട് പറയേണ്ടതെന്നും, എങ്ങിനെയാണ് അയാളെ സാന്ത്വനപ്പെടുത്തേണ്ടതെന്നും അറിയാതെ ഞാൻ വിഷമവൃത്തത്തിലായി. മരിച്ചത് അയാളുടെ പെണ്ണും മകളുമാണ്. മരിച്ചതല്ല, ആരോ ബലാത്ക്കാരം ചെയ്തു കൊന്നതാണ്. എത്രയെത്ര പെണ്ണുടലുകൽ ഇങ്ങനെ കാമവെറിയൻമാരുടെ കൈകളിൽ ഞെരിഞ്ഞമരുന്നു.... ആരോട് ഇവർ സങ്കടം പറയും? ആരുണ്ട് ഇവരുടെ ദീനരോദനം കേൾക്കാൻ...?

ഞാൻ കൂടുതൽ സമയം അവിടെ നിന്നില്ല. മുരളിയുടെ കൈപിടിച്ച് ഞാൻ കൂരയിൽനിന്നും പുറത്തിറങ്ങി. അപ്പാഴും ആടിത്തിമിർത്തു മഴ പെയ്യുകയായിരുന്നു. മഴക്കല്ലുകൾ ഞങ്ങളുടെ ശരീരത്തിൽ ആഞ്ഞുപതിച്ചു. ഞങ്ങൾ മലയിറങ്ങി താഴെ എത്തി. അവിടെ ആദിവാസികളുടെ ധാരാളം കൂരകൾ. നനഞ്ഞ് കുതിർന്ന് തണുത്ത് വിഷമിക്കുന്ന വയോധികയായ നീലിയെ കണ്ടു. അതുപോലെ ലക്ഷ്മി,കുഞ്ഞി, നഞ്ചി, ചൊക്കി അങ്ങനെ ഒരുപാട്...


വാർദ്ധക്യത്തിലെ വിശ്രമം നീലി അറിഞ്ഞിച്ചില്ല. അസുഖങ്ങൾക്കൊപ്പം ജീവിതത്തിലെ ദുരിതങ്ങളും നീലിയെ വേട്ടയാടികൊണ്ടിരുന്നു. ഓലകൊണ്ടും പ്ലാസ്റ്റിക്ക് ഷീറ്റുകൊണ്ടും മറച്ച കൂരയിലാണ് ദിവസങ്ങൽ തള്ളിനീക്കുന്നത്. മഴപെയ്താൽ ശരീരം മുഴുവൻ നനയും. ജീവിത സായാഹ്നത്തിൽ നരകതുല്യമായ ജീവിതം നയിക്കുന്ന ഒരുപാട് ആദിവാസി വൃദ്ധർ. കർക്കിടകത്തിൽ മഴ കോരിച്ചൊരിയുമ്പോൾ ഈ വൃദ്ധ ശരീരങ്ങൾ തണുത്ത് കോച്ചി വിറച്ച് മരിക്കും.

അവിടെ മുറ്റത്ത് അസ്ഥിപഞ്ജരങ്ങളായ കുട്ടികൾ, ഭക്ഷണം കിട്ടാതെ വാവിട്ടു കരയുന്നു. പുറമേ പട്ടികളും പൂച്ചകളും. പട്ടിക്ക് വെള്ളം കൊടുത്ത പാത്രത്തിൽ ആദിവാസി പൈതൽ കയ്യിട്ട് ഭക്ഷണത്തിന്റെ വറ്റ് തിരയുന്ന രംഗം എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തി. അപ്പോഴാണ് ഞാനവിടെ ഹൃദയം വേവുന്ന കാഴ്ച കണ്ട

കഥ



# പാറ്റ



**തേനാരി സുനിൽ**
**കെ. പുരം**

തീവണ്ടി വേഗത കൂടിയും കുറഞ്ഞുമൊക്കെ ഓടികൊണ്ടേയിരുന്നു. പക്ഷേ ബാലൻ മാഷ് അതൊന്നും ശ്രദ്ധിച്ചില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും തന്റെ കമ്പാർട്ട്മെന്റിനകത്ത് പറന്ന് കയറിയ ഒരു പാറ്റയിലായിരുന്നു. ആദ്യം തന്റെ കൈതണ്ടയിൽ പറന്നിറങ്ങിയ പാറ്റ പിന്നെ പറന്നുയർന്ന് താഴെ ഏതോ സൂഷ്മമായ ഉഛിഷ്ഠത്തിൽ ചെന്നിരുന്നു മിനിട്ടുകളോളം അത് ആസ്വദിച്ച് ഭക്ഷിക്കുന്നുണ്ടായിരുന്നു.

മംഗലാപുരം കോയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചറിൽ കണ്ണൂരിൽനിന്ന് ഷൊർണ്ണൂരിലേയ്ക്ക് കയറിയതായിരുന്നു ബാലൻ മാഷ്. അദ്ദേഹത്തിന് പാറ്റയുടെ ചലനങ്ങൾ കൗതുകവും രസകരവുമായ കാഴ്ചയായ് മാറി. ചിലപ്പോഴൊക്കെ പാറ്റ ഉയർന്ന് പറന്ന് ജാലകത്തിലുമൊക്കെ നിന്ന് വീണ്ടും പഴയ ഉഛിഷ്ഠത്തിനടുത്ത് പറന്നിറങ്ങി അത് ഭക്ഷിക്കുകയും വട്ടമിട്ടുപറക്കുകയുമൊക്കെ ചെയ്തുകൊണ്ടേയിരുന്നു. മറ്റ് യാത്രക്കാർ ആരും തന്നെ പാറ്റയെ ശ്രദ്ധിച്ചിരുന്നില്ല. ട്രെയിൻ മാഹി സ്റ്റേഷനിൽ എത്തിയിരിക്കുന്നു. ചിലർ ഇറങ്ങുകയും മറ്റുചിലർ കയറുകയും ചെയ്തുവെങ്കിലും ട്രെയിനിൽ തിരക്ക് കുറവുതന്നെയായിരുന്നു. പെട്ടെന്നാണ് ബാലൻ മാഷ് മറ്റൊരു കാര്യം ശ്രദ്ധിച്ചത്. തന്റെ കംമ്പാർട്ട്മെന്റിന്റെ വലത്തെ വാതിലിലൂടെ ഒരു തമിഴ് ബാലൻ കയറി വരുന്നത്. മുഷിഞ്ഞ് നാറിയ ബർമൂഡയും ബനിയനുമാണ് അവന്റെ വേഷം. അവൻ യാത്രക്കാരെ എല്ലാവരേയും ദയനീയമായി ഒന്ന് നോക്കി. പിന്നെ ധരിച്ചിരുന്ന ബനിയനൂരിയെടുത്ത് തറയിലിരുന്ന് നിലം തുടച്ച് വൃത്തിയാക്കാൻ തുടങ്ങി. ഇരിക്കുന്ന യാത്രക്കാരോട് ചില്ലറ തുട്ടുകൾക്ക് വേണ്ടി അവൻ യാചിച്ചു. ചിലരൊക്കെ ചില്ലറ തുട്ടുകൾ കൊടുക്കുകയും പലരും അവനെ കണ്ട ഭാവം നടിക്കാതിരിക്കുകയും ചെയ്തു. ഒടുവിൽ അവൻ പാറ്റയുടെ ഉഛിഷ്ഠത്തിനടുത്തെത്തി അലസമായ് അതും വാരി അവന്റെ ബനിയന്റെ ഭാണ്ഡത്തിൽകെട്ടി. ഈ സമയം എവിടെയോ മറഞ്ഞു നിന്ന പാറ്റ പൂർവ്വാധികം ശക്തിയിൽ പറന്ന് വന്ന് അവന്റെ ജഢ പിടിച്ച തലയിൽ കയറി നിന്നു. ട്രെയിൻ വടകര സ്റ്റേഷനിൽ എത്തിയിരിക്കുന്നു. അവൻ കിട്ടിയ ചില്ലറ തുട്ടുകളും ഭാണ്ഡകെട്ടുമായി ഇറങ്ങുകയാണ്. ഒപ്പം അവന്റെ തലയിൽ പറ്റിചേർന്ന് പാറ്റയും. അവനെവിടെയെങ്കിലും ഉപേക്ഷിക്കുന്ന ഭാണ്ഡത്തിലെ മാലിന്യങ്ങളിൽനിന്നും തന്റെ ഭക്ഷണത്തെ കണ്ടത്താൻ കഴിയുമെന്ന പ്രത്യാശയോടെ. എന്തുകൊണ്ടോ ബാലൻ മാഷിന്റെ മനസ്സിൽഒരു നോവ് അവശേഷിച്ചു.

# വിഷാദ തീനാളങ്ങൾ (ബാക്കി)

ത്. പ്രസവിച്ചുകിടക്കുന്ന ഒരു പട്ടിയുടെ അകിടിൽനിന്നും പാൽ ചുരത്തുന്ന കുട്ടി. ഈ കാഴ്ച എന്നെ കരയിപ്പിച്ചു. എന്റെ മനസ്സ് എന്നോടു മന്ത്രിച്ചു. "ഇത് കേരളമോ..., അതോ എത്യോപ്യയോ?"

പാർശ്വവൽക്കരിക്കപ്പെട്ട, പ്രാന്തവൽക്കരിക്കപ്പെട്ട ജീവിതത്തിന്റെ പുറമ്പോക്കിൽ കഴിയുന്ന നിസ്സഹായരായ മനുഷ്യരുടെ മൗനനൊമ്പരങ്ങൾ ആരാണ് ഏറ്റുവാങ്ങുക?.. ഓരോ സ്വാതന്ത്ര്യദിനങ്ങൾ ആഘോഷിക്കുമ്പോഴും അന്ന് പ്രഖ്യാപിക്കുന്ന ആദിവാസി ക്ഷേമത്തിൽ ഊന്നിയ വികസന പെരുമഴയുടെ പ്രളയംകൊണ്ട് തീരുന്നതാണോ ഈ പ്രശ്നങ്ങൾ?

മുരളി കരളലിയുന്ന ഈ ദൃശ്യങ്ങളെല്ലാം ക്യാമറയിൽ പകർത്തുകയായിരുന്നു. അപ്പോൾ അവരുടെ മനസ്സിന്റെ അഗാധതയിൽ നിന്നും പൊന്തിവന്ന ദുഃഖശകലങ്ങൾ വിഷാദ തീനാളങ്ങളായി അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിക്കുകയായിരുന്നു. ■

കഥ



# വാക്കുകൾ പറയാത്തത്



**വരുൺ ഹരീഷ്. ഇ**
**കുതിരവട്ടം**

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ കുതിരസവാരി നടത്തുകയായിരുന്നു അയാൾ. ഉൽക്ക വീണ കണക്കെയുള്ള റോഡിലെ "മിനി" കുളങ്ങൾക്കിടയിലൂടെ അയാളുടെ വൃദ്ധൻ ചേതക്ക് ബദ്ധപ്പെട്ടു നീങ്ങി. സഞ്ചാരസൗഖ്യം വാഗ്ദാനം ചെയ്തുകൊണ്ട് അൽപ്പദൂരമകലെ നാഷണൽ ഹൈവേ അയാളെ വശീകരക്കുന്നുണ്ടായിരുന്നു. അണുനിമിഷത്തേക്ക് ആ മദ്ധ്യവയസ്ക്കന്റെ കണ്ണുകൾ ഇടതുകൈയിലെ എച്ച്. എം. ടി വാച്ചിലേക്ക് ചാഞ്ഞു. പതിനൊന്ന് മണി. ഇനി ഓഫിസിൽ ചെന്നാൽ മാനേജരുടെ "നൊടിച്ചിൽ" കേൾക്കണം. അയാൾ ആക്സിലേറ്റർ ഒന്നുരുട്ടി. കുത്തി ചുമച്ചശേഷം ചേതക്ക് പ്രാകികൊണ്ട് കുതിച്ചു.

ആ പോക്കറ്റ് റോഡിൽനിന്നും ഹൈവേയുടെ മനോഹാരിതയിലേക്ക് ഇരുചക്രശകുടം എത്തിനോക്കിയപ്പോഴാണ് എതിരെനിന്നു വന്ന പരിഷ്ക്കാരി ബൈക്കുകാരൻ മുന്നിൽപ്പെട്ടത്. ഒരു ശ്വാസത്തിന്റെ വ്യത്യാസത്തിൽ ഇരുസാരഥികളുടേയും വിരലുകൾ ബ്രേക്കിന്മേലമർന്നു. കാൽനടയാത്രക്കാരെ കാറി വിളിച്ചശേഷം ഇരുവാഹനങ്ങളും ഉറങ്ങി. കരിഞ്ഞ റബ്ബറിന്റെ മണം അവിടെ സാക്ഷിയായി.

"എങ്ങോട്ട്നോക്കിയടോ വണ്ടിയോടിക്കുന്നേ!" - ബൈക്കുകാരന്റെ ശബ്ദമാണ് ആദ്യമുയർന്നത്. കാൽനടയാത്രക്കാർ സംഭവസ്ഥലത്തേക്ക് ഓടിയെത്തുമ്പോഴേക്കും അത് അസഭ്യവർഷമായി മാറിക്കഴിഞ്ഞിരുന്നു. തലനാരിഴക്ക് ഒഴിഞ്ഞുമാറിയ അപകടത്തിന്റെ ഞെട്ടൽ മാറാതെ ആ ചേതക്കുകാരൻ സ്തബ്ധനായി. പലതും തിരിച്ചുപറയണമെന്നുണ്ട് അയാൾക്ക്. പക്ഷേ മനസിൽ നിന്നുയർന്ന വാക്കുകൾ അണ്ണാക്കിൽ അള്ളിപ്പിടിച്ചുകിടന്നു. ചുറ്റും തടിച്ചുകൂടിയവരുടെ നോട്ടത്താൽ ഉരുകിത്തീരും മുമ്പേ സ്ക്കൂട്ടർ സ്റ്റാർട്ടാക്കി അയാൾ സ്ഥലം കാലിയാക്കി. ചേതക്കിന്റെ കണ്ണാടിയിൽ ബൈക്കുകാരന്റെ ഈർഷ്യം തുളുമ്പുന്ന മുഖം ചെറുതായി മാറുന്നത് അയാൾ ഒരു വട്ടം നോക്കി. പിന്നീട് അനന്തതയിലേക്ക് ദൃഷ്ടിയുറപ്പിച്ച് യാത്രയായി.

ഓഫിസിലേക്ക് യാത്ര തുടരവെ സ്ക്കൂട്ടറുകാരന്റെ മനസ് മുറവിളി കൂട്ടുന്നുണ്ടായിരുന്നു. "എനിക്കെന്തുകൊണ്ട് മറുപടി നൽകാൻ കഴിഞ്ഞില്ല"- ഉള്ളിൽ തന്റെ പൗരുഷം ചോദ്യംചെയ്യപ്പെട്ടു തുടങ്ങി. ഒടുവിൽ "ഞാൻ ഇങ്ങനെയാണ് " - എന്ന മറുപടി നൽകി അയാൾ തലച്ചോറിനെ ശമിപ്പിച്ചു. സകല ദുർഘടനകളെയും ആ ദിവസത്തിൽ പഴി ചാരി അയാൾ ഓഫിസിലേക്ക് വെച്ചുപിടിച്ചു. "ആ ബൈക്കുകാരൻ എന്ത് സംസ്ക്കാരശൂന്യനാ!."- എന്ന വസ്തുത ഉള്ളിലൂടെ കടന്നുപോകാതിരുന്നില്ല.

അയാൾ ആശുപത്രിയുടെ പടികൾ കയറി ശീതികരിച്ച തന്റെ ഓഫിസ് ക്യാബിനിലെത്തിയപ്പോൾ പക്ഷേ, പ്യൂൺ വന്നു വിളിച്ചു- "സാർ മാനേജർ വിളിക്കുന്നു"

ചുളിഞ്ഞുകിടന്ന മുഖത്തൊരു പുഞ്ചിരി ഒട്ടിച്ച ശേഷം അയാൾ മാനേജരുടെ ക്യാബിനടുത്തേക്ക് വരാന്തയിലൂടെ നടന്നു. ഈ സമയം വഴിയിൽവെച്ച് തന്നെ അസഭ്യം വർഷിച്ച ബൈക്കുകാരനും വരാന്തയിലേക്ക് നടന്നുകയറുന്നുണ്ടായിരുന്നു.

"ചേട്ടനെ ഞാൻ എത്രനേരം വിളിച്ചു."- ഓപ്പറേഷൻ തിയേറ്ററിന് മുമ്പിൽ നിന്ന അയാളുടെ ഭാര്യ അടുക്കലെത്തി.

ഫോൺ സൈലന്റായിരുന്നു.. രക്തം കിട്ടിയോ?

ഉവ്വ്.. നമ്മുടെ അയൽക്കാരൻ ശ്രീധരന്റെ ഒരു സുഹൃത്ത് വന്നാണ് കൊടുത്തത്.

എന്നിട്ട് അയാളെവിടെ?

അയാള് പോയി... തിരക്കിനിടയിൽ പേരുപോലും ചോദിക്കാൻ മറന്നു.

അവൾ കൈയിൽ ചുരുട്ടിപിടിച്ചിരുന്നപേപ്പറു കഷ്ണം അയാൾക്കു നേരെ നീട്ടി.

ഇത് അയാൾ എഴുതിതന്ന നമ്പറാ.... എന്ത് ആവശ്യമുണ്ടെങ്കിലും വിളിച്ചോളാൻ പറഞ്ഞു

ഇങ്ങ് താ... ഞാനൊന്ന് വിളിച്ചു ഒരു നന്ദിയെങ്കിലും പറഞ്ഞില്ലെങ്കിൽ മോശമല്ലേ.- വിരലുകൾ മൊബൈൽ സ്ക്രീനിൽ ദ്രുതഗതിയിൽ നീങ്ങി ഫോണ്ട ചെവിയോടടുപ്പിച്ച് ആ ബൈക്കുകാരൻ നാവിൻ തുമ്പിലൊരു താങ്ക്സുമായി ഒതുങ്ങി നിന്നു.

അച്ഛന്റെ ഓപ്പറേഷനോട് അനുബന്ധിച്ച് രക്തം തേടിയുള്ള ഓട്ടത്തിലായിരുന്നു രാവിലെ മുതൽ അയാൾ

മാനേജരുടെ ക്യാബിനുള്ളിൽ തലതാഴ്ത്തി നിൽക്കുകയായിരുന്ന ആ സ്ക്കൂട്ടറുകാരന്റെ ഫോൾ വിറങ്ങലിക്കാൻ തുടങ്ങി.

■



## ഗിരീവര

ഗിരീഷ് മൂഴിപ്പാടം




*Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly. DTP : Printer's Emporium Calicut, Printed at Geethanjali Offset Prints, Kundayithode, Calicut*



# OUR Dress Makers

## GENTS & LADIES



**Urgent Stitching For**




Shirts 1 Hour,
Pants 2 Hours,
Blouse 1 Hour, Churidar 1 Hour
Suit 24 Hours




Room No. 12, First Floor,
Mofussil Bus Stand Building
Mavoor Road, Kozhikode- 673 004
Ph: 0495 - 2723899


An exclusive collection of
Blinds | Furnishing Fabrics | Curtains
Cushions | Carpets | Bed Sheets etc...

READY MADE CURTAINS AVAILABLE









# Good Look

**home furnishing solutions**

Diya Complex, Mini By Pass Road, Mankavu, Calicut.
Ph: 0495 3299095, 2331325, 9495260062.
E-mail: goodlookcurtains@gmail.com

**Our sister concern: Good Look Curtains, Mankavu, Calicut**

ALL KINDS OF ELECTRICAL GOODS

ELECTRICALS

PEE KAY ELECTRICALS

WHOLE SALE & RETAIL

City Tower, Mavoor Road, Kozhikode- 4
Ph: 0495 2560330, 4060090
Mob: 9447393749
Email: pkelectricals.clt@gmail.com, www.pkelectricals.in

a HAVELLS brand Crabtree, legrand, salzer, Finolex, WIPRO Applying Thought, RR KABEL, BONTON CABLES BORN SAFE, HAVELLS, USHA

V-Guard, Finolex, MW, Cabtree, Saizer, Legrand, Cona, Indica, Elleys, havells, HPL എന്നീ പ്രമുഖ കമ്പനികളുടെ ഒറിജിനൽ ഉൽപ്പന്നങ്ങൾ മിതമായ വിലയ്ക്ക് കമ്പനി ഗ്യാരണ്ടിയോടുകൂടി ലഭിക്കുന്നു. നൂതന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഗ്യാരണ്ടിയോടുകൂടി ലഭിക്കുന്നു.



RnC
RODS AND CLAMPS



ALL TYPES OF CURTAIN ACCESSORIES
UNDER ONE ROOF

Rajeswari Building, Kalluthan Kadavu Road,
Puthiyara, Kozhikode
T: 0495 4044445, 097442 17213, 9048990737,
E-mail: rccalicut@gmail.com

Authorised distributer of : Marvel ISO 9001:2000 Certified Company, ad, DECK ISO 9001:2000 Certified Company, Y BLINDS

എല്ലാവിധ കർട്ടൺ, BLINDS, കർട്ടൻ അക്സസറീസ് ഹോൾസെയിൽ സ്ഥാപനം